Reg. No. M. 2293 ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 29 | 1956 ഫെബ്രുവരി 22—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 കുംഭം 10 | ലക്കം. 28

## അൽമായപ്രേഷിതരുടെ അണിനിര

(ഫാദർ ലാസർ സി. ഡി.)

വിശുദ്ധ സെബസ്ത്യാനോസ് മദ്ധ്യസ്ഥൻ സഭാംഗങ്ങൾക്കു വേണ്ടി ചെയ്ത പ്രശസ്തസേവനങ്ങളും വരിച്ച വീരോചിതമരണവും സുപ്രസിദ്ധമാണല്ലോ. അദ്ദേഹമോ, ഒരു അത്മായൻ. മർദ്ദനത്തിൻെറ ഏററവും ഭയാനകരംഗമായിത്തീർന്ന റോമാപട്ടണത്തിൽ അദ്ദേഹം സേവനം തുടരുവാനുണ്ടായ കാരണവും ശ്രദ്ധാർഹമാണു്. ക്രിസ്തുമതത്തെ നാമാവശേഷമാക്കുവാൻ റോമാസാമ്രാജ്യത്തിൻെറ കഴിവുകളത്രയും ഡയോക്ലീഷ്യൻ വിനിയോഗിച്ചു. ചിന്തിക്കവയ്യാത്ത കഠോരപീഡകൾക്കു് ക്രൈസ്തവർ വിധേയരായി. ഈ ആപൽസന്ധിയിൽ വൈദികരിലും അത്മായരിലും അനേകർ മുന്നോട്ടുവന്നു; മർദ്ദിതരെ ധൈര്യപ്പെടുത്തുവാൻ, ആശ്വസിപ്പിക്കുവാൻ. ക്രിസ്തുവിനുവേണ്ടി ജീവാർപ്പണം ചെയ്‌വാൻ അവർ ക്രൈസ്തവർക്കു പ്രേരണ നൽകി. വൈദികനായ പൊളികാർപ്പും സെബസ്ത്യാനോസുമായിരുന്നു അവരിൽ പ്രമുഖന്മാർ. ഇവർ ഇരുവരും സ്നേഹനാഥനുവേണ്ടി രക്തം ചിന്തി മരിക്കാൻ വെമ്പൽകൊണ്ടിരുന്നുവെന്നു കായുസ് മാർപ്പാപ്പാക്കു നന്നായറിയാമായിരുന്നു. എന്നാൽ എവിടെയും പോകുന്നതിനും എല്ലാത്തരക്കാരെയും സമീപിക്കുന്നതിനും വൈദികനെ അപേക്ഷിച്ചു അത്മായനും പട്ടാളഉദ്യോഗസ്ഥനുമായ സെബസ്ത്യാനോസിനു കഴിയുമെന്നു പരി. പിതാവു മനസ്സിലാക്കി. അതുകൊണ്ടാണു് പുരോഹിതനായ പൊളികാർപ്പു് തല്ക്കാലം നാട്ടുംപുറത്തുപോയി അജ്ഞാതവാസം ചെയ്‌വാനും സെബസ്ത്യാനോസ് പട്ടണത്തിൽതന്നെ നിന്നു സേവനം തുടരുവാനും പരി. പിതാവു് ആഗ്രഹിച്ചതു്. ആ സിദ്ധൻെറ സേവനം അന്നത്തെ സാഹചര്യങ്ങളിൽ സഭക്കു എത്ര വലിയ അനുഗ്രഹമായി എന്നുള്ളതിനു് മർക്കോസ്, മർസലീൻ എന്ന വേദസാക്ഷികളുടെ ചരിത്രം സാക്ഷ്യം വഹിക്കുന്നതാണു്.

വി. സെബസ്ത്യാനോസിനെപ്പോലെ ക്രൈസ്തവതത്വജ്ഞാനത്തിലും ക്രിസ്തുവിനോടുള്ള സ്നേഹതീക്ഷ്ണതയിലും മുന്നണിയിൽ നില്ക്കുന്ന അത്മായവ്യക്തികൾ എല്ലാക്കാലത്തും സഭക്കു ആവശ്യമുണ്ടു്. ഇന്നാകട്ടെ അത്യാവശ്യമായിത്തീർന്നിരിക്കയാണു് അങ്ങിനെയുള്ളവരുടെ ത്യാഗസേവനങ്ങൾ. വൈദികരുടെ വൈരള്യമാണു് ഈ അടിയന്തിരാവസ്ഥക്കു പ്രധാനഹേതു. ഭാരതത്തെ സംബന്ധിച്ചിടത്തോളം വൈദേശിക മിഷനറിമാരോടുള്ള ഗവമ്മേണ്ടിൻെറ കക്കശനയം വൈദികരുടെ എണ്ണത്തിൽ ഗണ്യമായ ഇടിവുവരുത്തിട്ടുണ്ടു്. വൈദികർക്കുമാത്രം നിർവ്വഹിക്കാവുന്ന കൂദാശാനുഷ്ഠാനങ്ങൾക്കു പോലും ആളില്ലാതെ ഇന്നു വിഷമിക്കുകയാണു, നാം. അതുകൊണ്ടു പല രംഗങ്ങളിലും അത്മായർ ഇറങ്ങി പ്രവർത്തനം നടത്തേണ്ടതായ സന്ദർഭം ആസന്നമായിരിക്കയാണു്. കത്തോലിക്കാതത്വങ്ങൾ ശരിയായി അറിയാവുന്നവരും സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ കഴിവുള്ളവരും സ്നേഹത്താൽ ജ്വലിക്കുന്നവരുമാൽകുവാനോ പ്രാപ്തരാകയില്ല എന്നർത്ഥം. ആകയാൽ ഇടവകവികാരിമാർ തങ്ങൾക്കേല്പിക്കപ്പെട്ടിട്ടുള്ള അജഗണത്തിൽപെട്ട ഓരോ വ്യക്തിയുടേയും മതപഠനം തങ്ങളുടെ ചുമതലകളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതായി പരിഗണിക്കണം. ഇന്നു മാതൃമേരിയോടെ വാഴുന്ന പ. പിതാവു് തീരുമനസ്സുകൊണ്ടു നിർദ്ദേശിക്കുണിക്കയില്ല. ഇതിൽനിന്നും നാം ഗ്രഹിക്കണം സൺഡേ വേദോപദേശം നിഷ്കർഷിച്ചതുകൊണ്ടു മതിയാകയില്ലായെന്നും, ഹൈസ്കൂൾ, കോളേജ് എന്നീ സ്ഥലങ്ങളിലും മതപഠനം തുടരണമെന്നും. അല്ലാത്തപക്ഷം നമ്മുടെ സ്കൂളുകളും കോളേജുകളുംതന്നെ കത്തോലിക്കാ സമുദായത്തിൻെറ "കുഴിത്തോണ്ടികൾ" ആയിത്തീരും എണം. കാരുണ്യപ്രവൃത്തികൾക്കു് അപ്പോൾ അന്യരുടെ പ്രേരണ വേണ്ടിവരികയില്ല. അത്മായപ്രേഷിതർക്കു അവശ്യം ഉണ്ടാകേണ്ട ഗുണങ്ങളിൽ ചിലതാണിവ.

അത്മായസഹോദരരേ, ഉണരുവിൻ! വി. സെബസ്ത്യാനോസിനെ അനുഗമിക്കുവിൻ! നാം അത്മായപ്രേഷിതവേലക്കു തക്കവരാണോയെന്നു സ്വയം പരിശോധിക്കുവിൻ. നമ്മുടെ ബുദ്ധിവികാസത്തിനനുസരണമുള്ള മതജ്ഞാനം നമുക്കുണ്ടോ? നമ്മുടെ മക്കൾ നമ്മെപ്പോലെ ഈ സംഗതിയിൽ പോരായ്മയുള്ളവരാകരുതു് എന്നു നമുക്കു നിർബന്ധമുണ്ടോ? ഉണ്ടെങ്കിൽ ആ കുറവു തീർക്കാൻ നാം എന്തുചെയ്യുന്നു? ഇന്നത്തെ കുട്ടികൾ വളരും; നാളെ അവർ പൗരന്മാരാകും. കത്തോലിക്കാതത്വങ്ങളെ ഒന്നൊന്നായി ചോദ്യം ചെയ്യുന്ന ലോകത്തിൽ അവർ ജീവിക്കണം. ഇതൊന്നും യഥാർത്ഥങ്ങളല്ലെന്നു പറയുവാൻ കഴിയുമോ?

അത്മായസഹോദരരേ, നാം ഓർക്കണം, ഇന്നത്തെ സാഹചര്യങ്ങളുടെ പ്രകൃതി. ഈ പരിതഃസ്ഥിതിയിൽ വൈദികനു സാദ്ധ്യമല്ല ക്രിസ്തുവിനെ എല്ലായിടത്തേക്കും—അവിടുത്തെ അറിയാത്തവരും സ്നേഹിക്കാത്തവരുമായ ഓരോ വ്യക്തിയുടേയും പക്കലേക്കും—കൊണ്ടുപോകുവാൻ. എന്നാൽ നിങ്ങളിൽ പലർക്കും അതിനുള്ള സാഹചര്യമുണ്ടു്, കഴിവുണ്ടു്. അതിനു നിങ്ങൾ നിങ്ങളുടെ ജീവിതരംഗം പരിത്യജിക്കേണ്ടതില്ല. അതിൽതന്നെ അടിയുറച്ചു നിന്നു വർത്തിച്ചാൽ മതിയാകും.

പ. പിതാവു് അവിവാഹിതരായി തൊഴിൽശാലകളിൽ ജീവിതം അവസാനിപ്പിക്കുവാൻ നിർബന്ധിതരായ സ്ത്രീകളോടു പറഞ്ഞ ഉപദേശം ഇവിടെ സ്മരണീയമത്രെ. അതിൻെറ സാരം ഏതാണ്ടിങ്ങനെയാണു്: വിവാഹിതരായ സ്ത്രീകൾക്കു സ്ത്രീസഹജമായ അവരുടെ പ്രകൃതിനിമിത്തം ഭവനങ്ങളിൽ ഒരു സ്ഥാനമുണ്ടു്. അവർ ഭവനങ്ങളുടെ ഹൃദയങ്ങളാണു്. അമ്മമാർ അല്ലെങ്കിൽ ഭാര്യമാർ! സ്നേഹത്തിൻെറയും ത്യാഗത്തിൻെറയും മാതൃകകളാകേണ്ടവരാണവർ. ഇതാണു് കുടുംബങ്ങളെ സ്നേഹകേന്ദ്രമാക്കുന്ന—കുടുംബാംഗങ്ങളെ എപ്പോഴും അതിലേക്കു് ആകർഷിച്ചുകൊണ്ടിരിക്കുന്ന—ദിവ്യശക്തി. ഇങ്ങനെ ഒരു ഹൃദയം നമ്മുടെ തൊഴിൽശാലകൾക്കു ആവശ്യമാണു്. വിവാഹിതരായ സ്ത്രീകൾക്കു കുടുംബത്തിലുള്ള സ്ഥാനമാണു് തൊഴിൽശാലയിലെ സ്ത്രീവിഭാഗത്തിൻേറതു്. അവർ വേണം സഹതൊഴിലാളികളെ ആശ്വസിപ്പിക്കുവാൻ—എല്ലാവരേയും ഈശോയുടെ തൃച്ചേവടികളിലേക്കു നയിക്കുവാൻ. തൊഴിലാളികൾക്കു് ഈശോയെ അറിയുവാനും



ഹേറോദേശും യോഹന്നാനും

ലഘുകായതികത്വം നിരീശ്വരത്വത്തിൻെറ മുമ്പിൽ പരാജയപ്പെടുന്നു

യ നേതാക്കന്മാർ വേണം. അങ്ങിനെയുള്ളവരെ വളർത്തേണ്ടുന്ന കാര്യത്തിൽ വൈദികർ തങ്ങളുടെ കഴിവുകൾ പരമാവധി വിനിയോഗിച്ചേ തീരു. പിന്നെയാവട്ടെ എന്നു വയ്ക്കുവാൻ പാടുള്ള ഒരു സംഗതിയല്ല ഇതു്. എന്നാൽ "ലക്ഷം പേരിൽ ലക്ഷണമൊത്തവർ ഒന്നോ രണ്ടോ" എന്നല്ലെ ആപ്തവാക്യം? മതതത്വങ്ങൾ പഠിക്കുന്നവരെല്ലാം മതമവൈരികളോടു തക്കങ്ങൾ നടത്തുവാനോ, മററുള്ളവർക്കു നേതൃത്വം നന്നു: "ഓരോ കത്തോലിക്കനും അവൻെറ മനോവികാസത്തിനടുത്ത മതതത്വജ്ഞാനം ഉള്ളവനായിരിക്കണം" എന്നു്. ഒരു വക്കീലിനോ, ഒരു ഡോക്ടർക്കോ, കോളേജ് ബിരുദധാരിക്കോ, ഹൈസ്കൂൾവിദ്യാർത്ഥിക്കോ നമ്മുടെ സൺഡേ സ്കൂളിലെ മതപഠനം മതിയാകുമോ? പ്രസ്തുത മതപഠനത്തിൽ കവിഞ്ഞു യാതൊരു മതാദ്ധ്യയനവും അവർക്കു ലഭിക്കുന്നില്ലെങ്കിൽ, അവർ ജീവിതരംഗത്തു് എന്തെല്ലാം പേക്കൂത്തുകൾ കാന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. ഇത്രയും പറഞ്ഞതു് അത്മായപ്രേഷിതവേലയെക്കുറിച്ചു ചിന്തിക്കുമ്പോൾ മതതത്വജ്ഞാനം പ്രഥമ ഗ ണ നീ യ മാ ണെ ന്നു് സൂചിപ്പിക്കുവാനാണു്. അതു പോരാ. കൂദാശാപരമായ ജീവിതവും അപരിത്യാജ്യമത്രെ. മതജ്ഞാനം വഴിയായി ഈശോയേയും അവിടുത്തെ സ്നേഹത്തേയും നാം ഗ്രഹിക്കണം. കൂദാശജീവിതം വഴിയായി ഈശോ നമ്മിൽ വർദ്ധിക്കാറാം നിറഞ്ഞുകവിഞ്ഞൊഴുക

സ്നേഹിക്കുവാനുമുള്ള പ്രേരകശക്തികളാകണം അവർ. അങ്ങനെ അവർ തൊഴിൽശാലാപ്രേഷിതരാകാം. താദൃശസേവനം തൊഴിലാളികൾവഴിയായിട്ടല്ലാതെ സാദ്ധ്യമല്ല. ഒരു വൈദികനു നേരിട്ടു നിർവ്വഹിക്കാവുന്ന ഒരു സേവനമല്ല അതു്. എങ്കിലും വൈദികൻെറ പരിശ്രമം കൂടാതെ അങ്ങനെ ഒരു ഘടകം രൂപമെടുക്കുകയില്ല. വിവിധകാരണങ്ങളാൽ അവിവാഹിതരായി വീട്ടിൽ കഴിച്ചുകൂട്ടുന്നവർ, സമുദായത്തിൽ തങ്ങൾ പ്രയോജനമററവരായി, അസ്ഥാനത്തായി എന്നു കരുതേണ്ടതില്ല. അവർക്കും നിർവ്വഹിക്കാവുന്ന പ്രേഷിതപ്രവൃത്തിയുണ്ടു്. അവർക്കും "ക്രിസ്റ്റോഫേർസ്"യി വീടിനേയും സമുദായത്തേയും അനുഗ്രഹിക്കാൻകഴിയും. മിഷൻരംഗത്തു് വൈദികമിഷനറിമാരൊന്നിച്ചു് മിഷൻജോലി നടത്തിവരുന്ന സ്ത്രീപുരുഷന്മാർ അത്മായപ്രേഷിതരിൽ പ്രഥമഗണനീയരത്രെ.

പല പ്രായക്കാരും മതക്കാരും പ്രകൃതിക്കാരുമായ അഭിഭാഷകർ സമ്മേളിക്കുന്ന രംഗം നമുക്കൊന്നു ഭാവനചെയ്യാം. അവരുടെ സാധാരണസംസാരത്തിലും ഒരു നിയമവാദമുണ്ടു്. യുക്തിക്കു ഒരു വലിയ സ്ഥാനമുണ്ടു്. മതവും അവരുടെ സംസാരവിഷയമാകയില്ലേ? യുക്തിപൂർവ്വം തൻെറ മതതത്വങ്ങൾ പഠിച്ചിട്ടില്ലാത്ത ഒരു കത്തോലിക്കാവക്കീൽ അവരുടെ ഇടയിൽ ഉണ്ടെന്നിരിക്കട്ടെ. അയാൾക്കു എന്തുചെയ്യാൻ കഴിയും? മൗനം! ഈശോ ആ രംഗംനോക്കി കരയും. അപ്പോൾ വിഷണ്ണനായിട്ടു ഫലമില്ല. മുൻകരുതലില്ലാതിരുന്നതാണു് അങ്ങനെ ഒരു വിഷമത്തിനു കാരണം. എന്നാൽ യുക്തിപൂർവ്വമായ മതജ്ഞാനവും ഭക്തിയും നിയമജ്ഞാനവുമുള്ള ഒരു വക്കീലാണു് അയാളുടെ സ്ഥാനത്തെങ്കിൽ എത്ര ശ്രേഷ്ഠമായ പ്രേഷിതവേലയ്ക്കുള്ള അവസരമാണതു്. അതെ, വക്കീൽമാർക്കും സാധിക്കും സഹവക്കീൽമാരുടെ ഇടയിൽ പ്രേഷിതവേല ഫലപ്രദമായി നടത്തുവാൻ. വക്കീൽമാരുടെ ഇടയിലും "ക്രിസ്റ്റോഫർമാർ" ഉണ്ടാകുവാൻ നാം യത്നിക്കേണ്ടയോ?

കച്ചവടക്കാർക്കും കൃഷിക്കാർക്കും പ്രത്യേകം പ്രത്യേകം പ്രശ്നങ്ങളാണുള്ളതു്. ആകയാൽ കച്ചവടക്കാരുടെ ഇടയിൽ പ്രേഷിതവേല—നിശ്ശബ്ദമായ പ്രേഷിതവേല—നടത്തേണ്ടവർ കച്ചവടക്കാരത്രെ. അപ്രകാരംതന്നെ കൃഷിക്കാർ കൃഷിക്കാർക്കും പ്രേഷിതരാകണം. സഹഅദ്ധ്യാപകരുടെ ഉൽകൃഷ്ടതയേയും, ജീവിതവിശുദ്ധിയേയും, നിത്യസൗഭാഗ്യത്തേയും പ്രത്യേകം മുൻനിറുത്തി വർത്തിക്കുന്ന ക്രിസ്റ്റോഫർമാരായ അദ്ധ്യാപകന്മാർ അദ്ധ്യാപകലോകത്തിനു അനുഗ്രഹമായിരിക്കും. ഗുരുനാഥന്മാരുടെ ഇടയിൽ പ്രേഷിതവേല ചെയ്യാൻ ഗുരുനാഥന്മാരെക്കാൾ പററിയവർ ആരും ഇല്ലതന്നെ. എന്നാൽ മേൽസൂചിപ്പിച്ച ഗുണങ്ങൾ ഒരു കത്തോലിക്കാ അദ്ധ്യാപകനുണ്ടാകണം, വല്ല നന്മയും ചെയ്യാൻ കഴിയണമെങ്കിൽ. കല്ലാശതൊഴിലാളികൾതന്നെ കല്ലാശതൊഴിലാളികൾക്കും, റിക്ഷാത്തൊഴിലാളികൾതന്നെ റിക്ഷാത്തൊഴിലാളികൾക്കും ആദ്ധ്യാത്മികവൈദ്യന്മാരായിരിക്കണം — പ്രാഥമിക ശുശ്രൂഷയെങ്കിലും നിർവ്വഹിക്കുവാൻ കഴിവുള്ളവർ. ഡോക്ടർമാരിൽനിന്നു ഡോക്ടർമാർക്കും, നേർസുമാരിൽനിന്നു നേർസുമാർക്കും പ്രേഷിതരെ സജ്ജീകരിക്കുന്നതാണുത്തമം. വീട്ടിലെ പ്രേഷിതവേല മാതാപിതാക്കളോ മക്കളോ നടത്തണം. വി. ബെസ്സിലിയൂസൻെറ മാതാപിതാക്കളും ഒരു സഹോദരിയും രണ്ടു സഹോദരന്മാരും വിശുദ്ധപദത്തിലേക്കുയർത്തപ്പെട്ടു. ഇതിനെല്ലാം കാരണക്കാരി സഹോദരി വി. മക്രീനയായിരുന്നുവെന്നത്രെ ചരിത്രത്തിൽ കാണുന്നതു്. ഓരോരുത്തരും വൈദികരെപ്പോലെതന്നെ തങ്ങളും മിശിഹായുടെ മൗതികശരീരത്തിൻെറ അംഗങ്ങളാണെന്നു കരുതി ആ പ്രേഷിതവേലയ്ക്കു സന്നദ്ധരാകേണ്ടതാണു്. എല്ലാം ജീവിതങ്ങളുകളിലേക്കും പ്രേഷിതരെ സജ്ജീകരിക്കയെന്ന ഗൗരവാവഹമായ ചുമതലയാണു് വൈദികരിൽ നിപതിച്ചിരിക്കുന്നതു്. എത്ര ഗൗരവാവഹമായ ചുമതല!

നോക്കണേ, എല്ലാത്തരം ജീവിതക്കാർക്കും എല്ലാത്തരം തൊഴിൽക്കാർക്കും പ്രേഷിതവേലക്കുള്ള സുവർണ്ണാവസരം! സുലഭമായ സാഹചര്യങ്ങൾ! പ്രശാന്തമായി അരമനയറയിൽ കാലംപോക്കുന്ന രാജകുമാരി, കൊട്ടാരത്തിനു തീ കൊളുത്തിയിരിക്കുന്നതു കണ്ടാൽ, പുറത്തേക്കു ഓടിവന്നു തീ കെടുത്തുവാൻ മററുള്ളവരോടൊത്തു യത്നിക്കയില്ലേ? അങ്ങനെതന്നെ അവനെന്നോ, അവളെന്നോ, പട്ടക്കാരനെന്നോ, അത്മായനെന്നോ, ഇടവകവൈദികനെന്നോ, സന്യാസവൈദികനെന്നോ നോക്കാതെ ഈശോയെ സ്നേഹിക്കുന്നവരും ഈശോ സ്നേഹിക്കപ്പെട്ടുകാണുവാൻ ആഗ്രഹിക്കുന്നവരും കൈകോർത്തുപിടിച്ചു് അദ്ധ്വാനിക്കേണ്ട അവസരം ഇതാ ആസന്നമായിരിക്കുന്നു.

ആഖ്യായിക

ബറാബാസ്



## അദ്ധ്യായം 13 [തുടർച്ച]

## "ഓ, ജറുസലേം, പ്രവാചകരെ വധിക്കുന്ന, ജറുസലേം"

[വി. സി. ജോർജ്ജ് ബി. എ. എൽ. ററി.]

മുൻകൂട്ടി തയ്യാർചെയ്തിരുന്നതെന്നു തോന്നിയ ഒരു പ്രഭാഷണത്തിനു് പ്രാരംഭമായി യൂദാ ബൻ യാക്കോബ് ഉൽകാസനം ചെയ്തു. പ്രഭാഷണത്തിൻെറ ഭാഷ സാമാന്യം ലളിതമായിരുന്നെങ്കിലും അതു് ഉദ്ദേശ്യത്തിൻെറ ഫലമായിരുന്നുവെന്നു കാണപ്പെട്ടു. പ്രഭാഷണം ഇങ്ങനെ ആരംഭിച്ചു: "ഞാൻ ഒരു യോദ്ധാവല്ല, സമരതന്ത്രത്തിൽ എനിക്കു പരിചയവുമില്ല. നമ്മുടെ പൂർവ്വികന്മാർ കാനാൻദേശം പിടിച്ചടക്കിയപ്പോൾ അവർ യോദ്ധാക്കളായിരുന്നില്ല. ജോഷ്വാ യോദ്ധാവല്ലായിരുന്നു, ഗിഡിയോൻ യോദ്ധാവല്ലായിരുന്നു, പ്രതാപശാലികളായ എൻെറ സ്വന്തം പൂർവ്വികന്മാരുടെ കാര്യം സ്മരിക്കുകയാണെങ്കിൽ യൂദാ മക്കാബ്യൻ ഉദ്യോഗവശാൽ ഒരു യോദ്ധാവായിരുന്നില്ല. എന്നാൽ ഇസ്രായേൽ സന്തതികളുടെ ആയുധങ്ങളെ നയിക്കുന്നതു് ഏകനും അനന്തന്യനുമായ ദൈവത്തിൽ നമുക്കുള്ള വിശ്വാസവും നമ്മുടെ ശക്തിയും വീര്യവും അവിടുന്നു നമ്മുടെ പൂർവ്വികന്മാരുമായി കൈമാറിയിട്ടുള്ള ഉടമ്പടിയുമാകുന്നു. ഖഡ്ഗപ്രയോഗം നാം വേണ്ടപോലെ പരിശീലിച്ചിട്ടില്ലെങ്കിലും, ശത്രുക്കളുടെ ചങ്കു തുളച്ചുകൂത്തകവണ്ണം അമ്പെയ്യാൻ നമുക്കു വശമില്ലെങ്കിലും, സനാതനൻ നമ്മുടെ പൂർവ്വികന്മാരുടെകൂടെ ഉണ്ടായിരുന്നവിധം സദാ നമ്മോടുകൂടെ ഉണ്ടായിരിക്കുന്നതുകൊണ്ടു അവിടുന്നു സ്വന്തം ജനങ്ങൾക്കു അവരുടെ ശത്രുക്കൾ ശക്തിയിലും സംഖ്യയിലും എത്രയെത്രയധികമായിരുന്നാലും വിജയം നൽകുകതന്നെ ചെയ്യും. അതുകൊണ്ടാണു് ഇസ്രായേലിനു സ്വാതന്ത്ര്യം കൈവരുത്തുവാൻ ഉദ്ദിഷ്ടമായ ഈ പ്രസ്ഥാനത്തിൻെറ നേതൃത്വം സ്വീകരിക്കുവാൻ ക്ഷണിക്കപ്പെട്ടപ്പോൾ ഞാൻ അതിനു സമ്മതിച്ചതു്."

ഈ വാക്ധോരണിമൂലം പുരോഹിതന്മാർ അക്ഷമരായിത്തീരുന്നുവെന്നു ഗ്രഹിച്ച അന്നാസ് "നിങ്ങളുടെ പദ്ധതി!" എന്നു കർക്കശസ്വരത്തിൽ അനുസ്മരിപ്പിച്ചു.

"ഞാൻ ആ സംഗതിയിലേക്കു പ്രവേശിക്കുകയാണു്. ഉടൻതന്നെ, ഇന്നുതന്നെ പാളയത്തിലേക്കു പുറപ്പെടുവാൻ ഞാൻ സന്നദ്ധനാണു്. ഒരു നൂറു സേവകർ എന്നോടുകൂടി പോരുവാൻ തയ്യാറുണ്ടു്. നൂറു വാഹനമൃഗങ്ങൾ ഒരായിരംപേർക്കു രണ്ടുമാസത്തേക്കു വേണ്ട ഭക്ഷ്യസാധനങ്ങളുമായി നിഗൂഢമാർഗ്ഗങ്ങളിലൂടെ പട്ടണത്തിൽനിന്നു പുറപ്പെടുവാൻ തയ്യാറായിട്ടുണ്ടു്. സേവകർ ചെറുസംഘങ്ങളായി അവയെ വടക്കു കിഴക്കൻ പ്രദേശത്തേക്കു നയിക്കും. ഈ വിപ്ലവത്തിൻെറ വിജയത്തിനുവേണ്ടി വെറും നിസ്സാരമല്ലാത്ത എൻെറ സ്വത്തു് മുഴുവനും വിനിയോഗിക്കുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. ഇസ്രായേലിൻെറ പ്രാരംഭസേനയിലേക്കുള്ള എൻെറ സംഭാവനകളും എൻെറ ത്യാഗസന്നദ്ധതയും സൈനികരുടെ സമരാസക്തി വർദ്ധിപ്പിക്കുകയും സമുദായം മുഴുവൻേറയും പിൻതുണയോടുകൂടി മർദ്ദകന്മാർക്കെതിരായ ആഘാതത്തിനാവശ്യമായ ധൈര്യം അവർക്കു നൽകുകയും ചെയ്യുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്."

"നിങ്ങളുടെ സൈനികനേതാവു് എന്ന നിലയിൽ ബറാബാസ് ബൻ എസക്കിയേലിനു ഞങ്ങൾ ഉദ്യോഗം നൽകുന്നതു് നിങ്ങൾക്കു തൃപ്തികരംതന്നെയല്ലേ?" ഉന്നതപുരോഹിതൻ അന്വേഷിച്ചു.

"അഭിവന്ദ്യനായുള്ളോവേ, ബറാബാസ് എനിക്കപരിചിതനത്രെ. എങ്കിലും ഞാൻ അവിടുത്തെ നിർണ്ണയത്തിനു വിധേയനാകുന്നു. പ്രസ്ഥാനത്തിൻെറ ഭൂതകാലനേതാവായ ബറാബാസിൽനിന്നു സൈനികമായ ഉപദേശങ്ങൾ ഞാൻ സ്വീകരിച്ചുകൊള്ളാം. വിജയം കൈവരിച്ചശേഷം സൈന്യത്തിൻെറമേലുള്ള പരമാധികാരം നിരുപാധികമായി ഉന്നതപുരോഹിതനധീനമാക്കി വച്ചൊഴിയുകയും ചെയ്തുകൊള്ളാം."

ഇങ്ങനെ ഉറപ്പുനൽകിയതിനുപുറമെ യൂദാ ബൻ യാക്കോബ് പുരോഹിതവർഗ്ഗത്തിൻെറപേരിലുള്ള സ്വന്തം ഭക്ത്യാദരങ്ങൾ പ്രഖ്യാപിച്ചും, ഇസ്രായേൽസൈന്യത്തിനു് ശീഘ്രവും നിർണ്ണായകവുമായ വിജയം നൽകുമാറാകണമേയെന്നു സനാതനനോടു് അഭ്യർത്ഥിച്ചും പ്രഭാഷണം അവസാനിപ്പിച്ചു.

മക്കാബ്യൻെറ പൗത്രൻ അവിടെ സന്നിഹിതരായിരുന്ന പുരോഹിതന്മാരുടെ സംപ്രീതി സമ്പാദിച്ചുവെന്നു സാമാന്യേന പറയണം. ബറാബാസിൻെറ പാളയത്തിൽ വിലപിടിച്ച സമ്മാനങ്ങളും രണ്ടു മാസക്കാലത്തേക്കാവശ്യമായ കോപ്പുകളുമായി പ്രത്യക്ഷപ്പെടുക എന്ന ആലോചനതന്നെ ബുദ്ധിപൂർവ്വകമെന്നു പുരോഹിതന്മാർ മൊത്തത്തിൽ അഭിപ്രായപ്പെട്ടു. ഇസ്രായേൽ ഭടന്മാരോടു ഏതാനും മാസങ്ങളായി പുരോഹിതന്മാർതന്നെ വേണ്ടതു ഔദാര്യം പ്രയോഗിക്കാതെ കഴിയുകയായിരുന്നു. അടുത്തപടി യൂദാ നോക്കിക്കൊള്ളും. ബറാബാസിൻെറ കാര്യത്തിൽ റാബിനഥാനിയേൽ ചുമതലക്കാരനുമായി. നാലു വഴിക്കും അഭിനന്ദനങ്ങൾ യൂദാബൻ യാക്കോബിനെ സമീപിച്ചു. പ്രശംസാമൃതൻ ഇതേലോം ആമോദജനകമായി അദ്ദേഹത്തിനു തോന്നി. വണ്ണക്കണ്ണാടി വ്യവസായത്തിൽനിന്നു വമ്പിച്ച തോതിൽ കിട്ടിക്കൊണ്ടിരുന്ന ആദായം അയാളുടെ അതിമോഹത്തെ ശമിപ്പിച്ചിരുന്നില്ല. കീർത്തിക്കുള്ള ആർത്തി അയാളെ അത്യധികം അലട്ടിക്കൊണ്ടിരുന്നു. താൻ വഹിച്ച പ്രഖ്യാതമായ ഗോത്രനാമം അതിനനുയുക്തമായ ഏതെങ്കിലും മഹൽകൃത്യം നിർവഹിക്കുവാൻ അവസരം നൽകുമെന്നു യൂദാ വിശ്വസിച്ചുപോന്നു. ആ അവസരം ആസന്നമായി. വസന്തം ആരംഭിച്ചുകഴിഞ്ഞു. അരണ്യത്തിലേക്കു പ്രത്യേക വൈഷമ്യങ്ങൾ കൂടാതെ യാത്രചെയ്യാം സൗകര്യമുണ്ടു്. ബറാബാസിൽനിന്നോ അയാളുടെ അനുയായികളിൽനിന്നോ ആപത്തൊന്നും യൂദാ പ്രതീക്ഷിച്ചില്ല. ധനം, സംഭാവന, ഇവയാൽ വശീകരിക്കാൻ പാടില്ലാത്ത ആളുകൾ അയാളുടെ അറിവിൽ പെട്ടിരുന്നില്ല. ഇങ്ങനെ സുപ്രസിദ്ധനായ മക്കാബ്യൻെറ പൗത്രൻ യൂദാബെൻ യാക്കോബ് വിജയവും ബഹുമാനവും കീർത്തിയും സ്വപ്നം കണ്ടു.

അന്നുതന്നെ വൈകുന്നേരം യൂദാ ബൻ യാക്കോബിൻെറ സേവകരുടെ സംഖ്യയും വാഹനമൃഗങ്ങൾ പേറുന്ന കോപ്പുകൾ സംബന്ധിച്ചു വിശദവിവരങ്ങളും


# സാക്ഷാൽ "കാളൻ"

സ്ഥാപനംവക 3 സിദ്ധൌഷധങ്ങൾ

കാളൻ'സ്

**നിംബാസവം** ശീതവീര്യമുള്ളതും രൂക്ഷം, ലഘു എന്നീ ഗുണങ്ങളുള്ളതുമായ ഒരു ദ്രവ്യമായതുകൊണ്ടു് വർദ്ധിച്ചിരിക്കുന്ന പിത്തത്തേയും കഫത്തേയും മേദസ്സിനേയും (അമിതമായ ചൂടിനേയും അമിതമായ പുണ്ണിപ്പിനേയും) നശിപ്പിക്കയും കഫത്തേയും സപ്തധാതുക്കളേയും ശുദ്ധീകരിക്കയും, ജാരാഗ്നിയേയും രുചിയേയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

20 ഔൺസ് കുപ്പി 1 ക്കു് വില 2—0—0

കാളൻ'സ്

**ദ്രാക്ഷാഘൃതം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ടു് വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും വർദ്ധിപ്പിക്കയും (ദേഹത്തെ പുഷ്ടിപ്പെടുത്തുകയും), തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം, ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കയും, രക്തത്തെ ശുദ്ധീകരിക്കയും, ജാരാഗ്നിയെ ജ്വലിപ്പിക്കുകയും ചെയ്യുന്നു.

5/8 (അരേഅരക്കാൽ) റാ. കുപ്പി 1 ക്കു് വില 4—0—0

കാളൻ'സ്

**ശാരിബാതൈലം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ടു് വിധിപ്രകാരം തലയിലും ദേഹത്തിലും തേക്കുമ്പോൾ വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) അകാലത്തിലുണ്ടാകുന്ന ജരാനരകളേയും നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും (ശരീരകാന്തിയേയും) വർദ്ധിപ്പിക്കയും, സുഖനിദ്രയെ ഉണ്ടാക്കുകയും, രക്തത്തെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

19 ഔൺസ് കുപ്പി 1 ക്കു് വില 3—0—0

ഈ ഔഷധങ്ങൾ പത്ഥ്യമില്ലാതെ ഉപയോഗിക്കാവുന്നവയാണെങ്കിലും, വാതപിത്തങ്ങളുടെ ആധിക്യംകൊണ്ടും കഫത്തിൻേറയും ധാതുക്കളുടേയും ക്ഷയംകൊണ്ടും ഉണ്ടാവുന്നതരം രോഗങ്ങളനുഭവപ്പെടുമ്പോൾ ഉപ്പു്, പുളി, എരുവ് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, മത്സ്യം, മുതിര, തൈരു്, മോരു്, കടല, പയറു്, ചായ, കാപ്പി, മദ്യം മുതലായ ഉഷ്ണവീര്യമുള്ളവയും രൂക്ഷഗുണമുള്ളവയുമായ ദ്രവ്യങ്ങളേയും, ശരീരംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, പട്ടിണികിടക്കുക, ഉറക്കമൊഴിക്കുക മുതലായ കർമ്മങ്ങളേയും സാധിക്കുന്നത്ര ഉപേക്ഷിക്കുന്നതു് താമസം വിനാ രോഗശമനം സിദ്ധിക്കുന്നതിന്നു് ഏററവും ഉത്തമമാണു്. ഉപയോഗക്രമങ്ങൾ അതാതു് ഔഷധങ്ങളുടെകൂടെ ഉണ്ടായിരിക്കുന്നതാണു്.

## കാളൻ'സ് സെയിൽസ് ഡിപ്പോകൾ

കണ്ണൂർ: കാംബസാർ ഈസ്റ്റ്.
തലശ്ശേരി: മിഷ്യൻ സ്കൂളിന്നുസമീപം.
കോഴിക്കോട്: S. M. സ്ട്രീററ്.
കോയമ്പത്തൂർ: ഒപ്പനക്കാര സ്ട്രീററ്.
പാലക്കാട്: കോട്ട് റോഡ്.
തൃശ്ശൂർ: മുൻസിപ്പൽ ആപ്പീസ് റോഡ്.
എറണാകുളം: കാനൻ ഷെഡ് റോഡ്.
കോട്ടയം: പുളിമൂട്ടിൽ കവല.
ആലപ്പുഴ: ബോട്ടുജെട്ടിക്കു് സമീപം.
കൊല്ലം: മെയിൻ റോഡ്.
തിരുവനന്തപുരം: സ്റ്റാച്യു റോഡ്.

## കാളൻ'സ് ഏജൻസികൾ 172.

N. B. ഔഷധങ്ങൾ വാങ്ങിക്കുമ്പോൾ കുപ്പികളുടെ ലേബലുകളിന്മേൽ ഈ മുദ്രയും, KALAN'S എന്നും കാണാനുണ്ടോ എന്നു് പ്രത്യേകം പരിശോധിക്കണം. എന്തുകൊണ്ടെന്നാൽ ഈ അടയാളങ്ങൾ രണ്ടും ഇല്ലാതെ "കാളൻ" എന്ന പേരിൽ കാണപ്പെടുന്ന ഔഷധങ്ങൾ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമാകുന്നു.

TELEGRAM:
KALAN, Alagappanagar.


# കാളൻ, നെല്ലായി.

# അദ്ധ്യയനമണ്ഡലപ്രസ്ഥാനം

[ജോസഫ് അഞ്ചനാട്ട്, ബി. എ.]

ഏതാണ്ട് ഒരു വർഷത്തോളമായി ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകയിൽ സ്ഥാപിതമായി പ്രവർത്തനം നടത്തിപ്പോരുന്ന അദ്ധ്യയനമണ്ഡലവും അതോടനുബന്ധിച്ചുള്ള ഗ്രന്ഥശാലയും, ഇന്നു നിലവിലിരിക്കുന്ന സാഹചര്യങ്ങളിൽ ഏററവും അത്യന്താപേക്ഷിതമായ ഒരു പ്രസ്ഥാനമാണെന്നു പറയേണ്ടിയിരിക്കുന്നു. കേരളത്തിലെ കത്തോലിക്കാ സമുദായം ധനവും ഇതരകഴിവുകളും നിർല്ലോഭം വ്യയം ചെയ്തു, സമുദായത്തിലെ വളരുന്ന തലമുറയ്ക്കു കത്തോലിക്കാ വിദ്യാഭ്യാസം നൽകുവാൻ അക്ഷീണം പരിശ്രമിക്കുന്നുണ്ടെങ്കിലും. ആ പരിശ്രമങ്ങൾക്കു അനുപാതികമായ ഫലം സിദ്ധിക്കുന്നുണ്ടോ എന്നുള്ളതിനെപ്പററി സംശയിക്കുന്നവർ പലരുമുണ്ട്. നമ്മുടെ സമുദായത്തിലെ അഭ്യസ്തവിദ്യരായ ആളുകളുടെയിടയിൽ മതാത്മകമായ വിഷയങ്ങളെപ്പററിയുള്ള അറിവും ആദരവും അനുക്രമമായി അധഃപതിക്കുകയല്ലേ ചെയ്യുന്നതെന്നു സംശയിക്കുവാൻ കാരണങ്ങളില്ലാതില്ല ഈ ദുഃസ്ഥിതിക്കുള്ള ഏററവും പ്രധാനമായ കാരണങ്ങളിലൊന്നു്, നമ്മുടെ ഉന്നതപാഠശാലകളിൽപ്പോലും, പലസാഹചര്യങ്ങളുടേയും സംഘാതപ്രവർത്തനഫലമായി, അദ്ധ്യേതാക്കൾക്കു മതവിഷയങ്ങളിൽ ബുദ്ധിപരമായ ബോദ്ധ്യം (intellectual conviction) ജനിപ്പിക്കുന്നതിനുതകുന്ന രീതിയിലുള്ള മതാഭ്യസനം നൽകുവാൻ പലപ്പോഴും നമുക്കു സാധിക്കുന്നില്ല എന്നുള്ളതാണ്. ശാസ്ത്രീയവും സാങ്കേതികവുമായ വിഷയങ്ങളിൽ ഉന്നതജ്ഞാനം ലഭിക്കുന്നതിനോടൊപ്പംതന്നെ, മതപരമായ തത്വങ്ങളെക്കുറിച്ചു കൂടി അഗാധമായ ഒരു ജ്ഞാനം സമ്പാദിക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള അഭ്യസ്തവിദ്യരുടെ മാനസികമായ സമസ്ഥിതി (mental equilibrium) ഭഞ്ജിക്കപ്പെടുവാനിടയുണ്ട്. ഇപ്പോൾ ചങ്ങനാശ്ശേരി ഇടവക കേന്ദ്രമാക്കി സമാരംഭിച്ചിട്ടുള്ള അദ്ധ്യയനമണ്ഡലവും ഗ്രന്ഥശാലയും ഈ വിടവിനെ നികത്തുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ്. ഓരോ ഇടവകയിലും അഭ്യസ്തവിദ്യരായ ആളുകൾ അദ്ധ്യയനമണ്ഡലമെന്നപേരിൽ ഒരു സംഘടനയായി ചേർന്നു് മതപരമായ വിഷയങ്ങളെപ്പററി ചർച്ചചെയ്തും പഠനം നടത്തിയും വിപുലമായ ജ്ഞാനം സമ്പാദിക്കുവാൻ ശ്രമിക്കുമ്പോൾ അതു് തങ്ങൾക്കുതന്നെയും മററുള്ളവർക്കും ഒരേസമയം അനുഷ്ഠിക്കുന്ന അത്യുൽകൃഷ്ടമായ ഒരു സേവനമായിത്തീരുന്നു

ഒരു അദ്ധ്യയനമണ്ഡലം വിജയപൂർവ്വം സംഘടിപ്പിച്ചു പ്രവർത്തനം നടത്തുക എന്നതു് പ്രയാസരഹിതമായ ഒരു കാര്യമല്ല അതിൽ അന്തർഭവിച്ചിരിക്കുന്ന പ്രായോഗികവൈഷമ്യങ്ങളും, ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടാഞ്ഞാലുള്ള അപകടങ്ങളും നിരവധിയാണ്. ഈ പ്രായോഗികവൈഷമ്യങ്ങളും അപകടങ്ങളുമെല്ലാം, അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കി, അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമസംഹിതകൂടാതെ അദ്ധ്യയനമണ്ഡലത്തിന്റെ പ്രവർത്തനം മിക്കവാറും ദുഷ്കരംതന്നെയാണ്. ഈ വൈഷമ്യം ശരിക്കു മനസ്സിലാക്കിക്കൊണ്ടാണ് അദ്ധ്യയനമണ്ഡലത്തിന്റെ കാര്യത്തിൽ അത്യുത്സാഹപൂർവ്വം അവിശ്രമം അദ്ധ്വാനിക്കുന്ന റവ. ഫാദർ മാത്യു നടയ്ക്കൽ "അദ്ധ്യയനമണ്ഡലം മാനുവൽ" എന്ന പേരിൽ ഒരു മാർഗ്ഗദർശിഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുള്ളതു്. മാനുവലിലെ നിയമസംഹിതയ്ക്കു് ചങ്ങനാശ്ശേരിമെത്രാനച്ചൻ തിരുമനസ്സിലെ അംഗീകരണവും ലഭിച്ചിരിക്കുന്നു. അദ്ധ്യയനമണ്ഡലപ്രവർത്തനത്തിലുണ്ടാകാവുന്ന വൈഷമ്യങ്ങളേയും അപകടങ്ങളേയും വിവേകപൂർവ്വം ഉൽദർശനംചെയ്തു് തത്പരിഹാരമാർഗ്ഗങ്ങൾ ദീർഘദൃഷ്ടിയോടുകൂടി നിർദ്ദേശിച്ചുകൊണ്ടുള്ള ഈ നിയമസംഹിത, നമ്മുടെ നാട്ടിലെ അദ്ധ്യയനമണ്ഡലപ്രസ്ഥാനത്തെ അവ്യക്തമായ ഒരാദർശത്തിന്റെ നിലയിൽനിന്നും, ഒരു യാഥാർത്ഥ്യത്തിന്റെ നിലയിലേക്കുയർത്തിയിരിക്കുന്നു ഒരുദാഹരണം മാത്രം ചൂണ്ടിക്കാണിക്കാം. നമ്മുടെ സ്റ്റഡീസർക്കിളുകളിലും ചർച്ചായോഗങ്ങളിലും പലപ്പോഴും പ്രത്യക്ഷപ്പെടുന്ന ഒരു ന്യൂനതയുണ്ട്. ഏതെങ്കിലും ഒരു വിഷയത്തെപ്പററിയോ തത്വത്തെപ്പററിയോ നാം ചർച്ച നടത്തുമ്പോൾ, വസ്തുനിഷ്ഠമായ രീതിയിൽ പ്രശ്നത്തെ സമീപിച്ചു കാര്യം ഗ്രഹിക്കുവാൻ ശ്രമിക്കാതെ, അപ്പോൾ തോന്നുന്ന ചില മുടന്തൻ ന്യായങ്ങളും കുയുക്തികളുമുന്നയിച്ച് സ്വസാമർത്ഥ്യം പ്രകടിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു ന്യൂനപക്ഷത്തിന്റെ ഉപദ്രവംമൂലം പലപ്പോഴും കാര്യക്ഷമമായ പഠനം തടസ്സപ്പെടുന്നതായി അനുഭവപ്പെടുന്നു ഈ അപകടം ഒഴിക്കുന്നതിനു എല്ലാം സംശയങ്ങളും ചോദ്യങ്ങളും നേരത്തെതന്നെ ആലോചിച്ചു ഒരു കടലാസിലെഴുതി അതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പെട്ടിയിൽ നിക്ഷേപിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ ആ സംശയങ്ങളെപ്പററി നേരത്തെതന്നെ ശരിയായി ചിന്തിക്കുന്നതിനു സംശയം ഉന്നയിക്കുന്ന ആൾക്കും വേണ്ട പ്രമാണങ്ങൾ പരിശോധിച്ചു പഠിച്ചു സമാധാനം നൽകുന്നതിനു വിഷയം കൈകാര്യം ചെയ്യുന്നവർക്കും സൗകര്യം ലഭിക്കുന്നു. മാനുവലിനെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാംഭാഗത്തിൽ അദ്ധ്യയനമണ്ഡലത്തിന്റെ ഭരണഘടനയും, രണ്ടാംഭാഗത്തു് പ്രവർത്തനത്തിന്റെ മാതൃകയുമാണു നൽകപ്പെട്ടിരിക്കുന്നതു്. "പഠിക്കുക, പഠിപ്പിക്കുക" എന്നുള്ള അദ്ധ്യയനമണ്ഡലത്തിന്റെ മുദ്രാവാക്യം പ്രാവർത്തികമാക്കുവാൻ, ഈ നിയമസംഹിത അത്യന്തം പ്രയോജനപ്പെടുമെന്നതിനു തർക്കമില്ല.



Thanksgiving
Mrs. Rosy Paul, Trichur

ഒരു അദ്ധ്യയനമണ്ഡലം വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിനു്, മതം, സന്മാർഗ്ഗം, സാമൂഹ്യശാസ്ത്രം തുടങ്ങിയവയുടെ അടിസ്ഥാനതത്വങ്ങളെപ്പററി പണ്ഡിതോചിതമായി പ്രതിപാദിക്കുന്ന ഏതാനും പാഠ്യപുസ്തകങ്ങളുടെ ആവശ്യമുണ്ട്. ഈ ആവശ്യം നിറവേററുന്നതിനുവേണ്ടിയാണ് "അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി" എന്ന പേരിൽ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധീകരിച്ചിട്ടുള്ളതു് ഈശ്വരാസ്തിക്യം. ആത്മാവുണ്ടോ? സന്മാർഗ്ഗബോധം, തൊഴിലിന്റെ മാഹാത്മ്യം എന്നിങ്ങനെ പല അടിസ്ഥാന വിഷയങ്ങളെപ്പററിയും കേരളത്തിലെ പരിണതപ്രജ്ഞരായ കത്തോലിക്കാ പണ്ഡിതന്മാർ വിരചിച്ചിട്ടുള്ള ലഘുഗ്രന്ഥങ്ങളാണിവ. അതുപോലെതന്നെ പ്രാമാണികങ്ങളായ സംശോധകഗ്രന്ഥങ്ങളെ (reference books) ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥാലയവും അദ്ധ്യയനമണ്ഡലത്തോടനുബന്ധിച്ചു നടത്തണമെന്നാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതു്. നിരീശ്വരപരങ്ങളും സന്മാർഗ്ഗധ്വംസകങ്ങളുമായ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുകമാത്രം തൊഴിലായി സ്വീകരിച്ചിട്ടുള്ള മുദ്രാലയങ്ങളും പ്രസിദ്ധീകരണക്കമ്പനികളും വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു്, ഉത്തമഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥാലയം ഒരിടവകയുടെ ഉത്കൃഷ്ടകോട്ടയാണെന്നു പറയാം. ചങ്ങനാശ്ശേരിയിൽ അദ്ധ്യയനമണ്ഡലത്തോടനുബന്ധിച്ച് സാമാന്യം വിപുലമായ ഒരു ഗ്രന്ഥാലയംതന്നെ സമാരംഭിച്ചിട്ടുണ്ട്. അദ്ധ്യയനമണ്ഡലം ഗ്രന്ഥശാലയിൽ സംഭരിക്കപ്പെടേണ്ട പ്രധാന ഗ്രന്ഥങ്ങളുടെ ഒരു ഔദ്യോഗികലിസ്റ്റ് തന്നെ സജ്ജീകരിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു.

എല്ലാ കത്തോലിക്കാപ്രവർത്തനങ്ങളുടേയും ആത്യന്തികമായ ലക്ഷ്യം കൂടുതൽ വികസ്വരമായ ഒരു കത്തോലിക്കാജീവിതമാണ്. അവഗാഢമായ ഒരാന്തരികജീവിതത്തിൽ അടിസ്ഥാനമുറപ്പിക്കാത്ത പ്രസ്ഥാനങ്ങളൊന്നുംതന്നെ വളരുമെന്നോ വികസിക്കുമെന്നോ പ്രതീക്ഷിക്കുക വയ്യ. അദ്ധ്യയനമണ്ഡലപ്രസ്ഥാനത്തിന്റെ സംവിധായകന്മാരും ഈ തത്വം ശരിക്കു ഗ്രഹിച്ചിട്ടുണ്ട്. വിശുദ്ധിയും വിജ്ഞാനവും ഒരുപോലെ വളർത്തണമെന്നുള്ളതാണ് അദ്ധ്യയനമണ്ഡലത്തിന്റെ പ്രഖ്യാപിതമായ ഒരു ലക്ഷ്യം തന്നെ. അതുകൊണ്ടാണ് അദ്ധ്യയനമണ്ഡലത്തിന്റെ ഓരോ മീററിംഗിലും, "അദ്ധ്യയനമണ്ഡലം പ്രാർത്ഥനാമഞ്ജരി"യിൽനിന്നും നിർദ്ദിഷ്ടമായ ചൊല്ലണമെന്നതു് നിർബന്ധിതമാക്കിയിരിക്കുന്നതു്. പരിശുദ്ധാത്മാവിനോടുള്ള ഭക്തിയാണല്ലോ നമ്മുടെ ബുദ്ധിപരമായ പ്രവർത്തനങ്ങളുടെയെല്ലാം പ്രഭവസ്ഥാനം. വി. തോമസ് അക്വിനാസിനെയാണ് അദ്ധ്യയനമണ്ഡലത്തിന്റെ മദ്ധ്യസ്ഥനായി അംഗീകരിച്ചിരിക്കുന്നതു്. കേവലമായ വിജ്ഞാനവും പാണ്ഡിത്യവും മനുഷ്യന്റെ മിഥ്യാഭിമാനത്തേയോ ഗർവ്വിനേയോ വർദ്ധിപ്പിച്ചെന്നു വരാം. പ്രവൃത്തിയിൽ വരുത്താത്ത തത്വങ്ങൾ ദഹിക്കാത്ത ആഹാരം പോലെ കൂടുതൽ ഉപദ്രവമേ ചെയ്യൂ.

അദ്ധ്യയനമണ്ഡലപ്രസ്ഥാനത്തെപ്പററി സ്ഥൂലമായ ചില വിവരങ്ങൾ മാത്രമാണ് മുകളിൽ കൊടുത്തിട്ടുള്ളതു്. ഈ വിവരങ്ങളിൽനിന്നുതന്നെ ആധുനികപരിതസ്ഥിതികളിൽ എത്ര മേൽ പ്രയോജനകരമായ ഒരു പ്രസ്ഥാനമാണിതെന്നു ഗ്രഹിക്കാമല്ലോ. "രൂപതയിലുള്ള മററു ഇടവകകളിലും ഈ പ്രസ്ഥാനം ആരംഭിച്ചുകാണുവാൻ ആഗ്രഹിക്കുന്നു" വെന്നാണ് അദ്ധ്യയനമണ്ഡലം നിയമാവലി അംഗീകരിച്ചുകൊണ്ട് ചങ്ങനാശ്ശേരി മെത്രാൻ തിരുമേനി പ്രസ്താവിച്ചിട്ടുള്ളതു്. ഈ സംരംഭത്തിന്റെ ചുക്കാൻ പിടിക്കുന്ന റവ. ഫാദർ മാത്യു നടക്കൽ കേരളീയ കത്തോലിക്കർക്കു് അപരിചിതനല്ല. സുവിശേഷസമാഹാരം, എന്റെ മിത്രം, കുട്ടികളുടെ കർബാന തുടങ്ങി പത്തോളം കൃതികളുടെ കർത്താവാണദ്ദേഹം. തികച്ചും കാലാനുസൃതവും അനുപേക്ഷണീയവുമായ ഈ പരിശ്രമത്തിൽ അദ്ദേഹത്തോട് ആത്മാർത്ഥമായി സഹകരിക്കേണ്ടതു് കത്തോലിക്കാ സമുദായത്തിന്റെ കർത്തവ്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അദ്ധ്യയനമണ്ഡലത്തിന്റെ നിയമസംഹിതയേയും പ്രവർത്തനമാതൃകയേയും പററി കൂടുതലറിയണമെന്നാഗ്രഹിക്കുന്നവർക്കു "അദ്ധ്യയനമണ്ഡലം മാനുവൽ" എന്ന ലഘുപ്രസിദ്ധീകരണത്തിൽനിന്നും ആവശ്യമായ എല്ലാം വസ്തുതകളും ലഭിക്കുന്നതാണ്.

## പുസ്തകാഭിപ്രായം

### മതബോധന കഥകൾ

(അനുവാദകൻ. മാത്യു വരിക്കപ്ലാമൂട്ടിൽ. എസ്. എച്ച്. ലിറ്റ്, ആലുവാ, പേജ് 342+28 വില ക. 1—8—0)

കഥകളിൽക്കൂടി കാര്യങ്ങൾ ഗ്രഹിപ്പിക്കുകയെന്നതാണ് പ്രഭാഷണകലയുടേയും പ്രബോധനകലയുടേയും ഒരു വിജയം. "നമ്മുടെ സാഹിത്യത്തിൽ ഇന്നു വളർന്നുകൊണ്ടിരിക്കുന്ന കലാസുഭഗമായ ഒരു സമ്പന്നശാഖയുണ്ടെങ്കിൽ അതു ചെറുകഥയാണ്" എന്നാണ് മഹാകവി ജി അഭിപ്രായപ്പെടുന്നതു്. വളർന്നുവരുന്ന ആ സാഹിത്യശാഖയെ ഉപകരണമാക്കി, ജീവിതവിജയത്തിനു് അത്യന്താപേക്ഷിതമായ മൗലികതത്വങ്ങളെ ആകർഷകമായും സുഗമമായും ആവിഷ്കരിക്കുകയെന്നതു് കാലോചിതമായ ഒരു സംരംഭമാണ്. അതാണ് നിരൂപണവിഷയമായ "മതബോധനകഥകൾ"ക്കുള്ള പ്രാധാന്യം.


മതതത്വങ്ങൾ ശരിയായി അറിഞ്ഞിരിക്കുകയെന്നതാണ് ഇന്നത്തെ ലോകത്തിന്റെ മഹത്തായ ആവശ്യങ്ങളിലൊന്നു്. പലപ്പോഴും മതബോധനരംഗങ്ങൾ ശുഷ്കങ്ങളായും അനാകർഷകങ്ങളായുമാണ് പരിണമിക്കാറു പതിവ്. തത്വങ്ങളുടെ ഗഹനതയും, ആവിഷ്കരണത്തിന്റെ അനാസ്വാദ്യതയുമാണിതിനു കാരണം പലപ്പോഴും. ഇതിനൊരുപശാന്തിയായി, മതസംബന്ധമായ മൗലികതത്വങ്ങൾ തെരഞ്ഞെടുത്തു് അവയ്ക്കു ചുരുക്കമായ വിശദീകരണവും, ഗ്രഹണക്ഷമമാക്കുന്നതിനുപകരിക്കുന്ന സംഭവകഥകളും ചേർത്തു് എഴുതപ്പെട്ടിട്ടുള്ള ഒരിംഗ്ലീഷ് പുസ്തകത്തിന്റെ ആദ്യഭാഗങ്ങളുടെ വിവർത്തനമാണ് "മതബോധനകഥകൾ" കഥകളുന്ന പ്രഥമശ്രവണത്തിൽ, കെട്ടുകഥകളെന്നോ, അതിശയോക്തികളെന്നോ ഒക്കെയാണ് അനുവാചകർക്കു തോന്നുക. എന്നാൽ ഇതിൽ അടങ്ങിയിരിക്കുന്നവ വേദപുസ്തകം, വിശുദ്ധരുടെ ജീവചരിത്രം, മഹച്ചരിതങ്ങൾ, എന്നിവകളിൽ നിന്നെല്ലാം പ്രസക്തമായവ സന്ദർഭാനുഗുണം അടർത്തിയെടുത്തിണക്കി ചേർത്തിരിക്കുന്നവയാണ്.

വേദോപദേശം പഠിപ്പിക്കയും പഠിക്കയും ചെയ്കയെന്ന മഹനീയകൃത്യത്തിൽ വ്യാപൃതരായിരിക്കുന്നവർക്കു് ഈ പുസ്തകംവഴി ലഭ്യമാകുന്ന സഹായം അനല്പമാണ്. പ്രസംഗവേദികളെ ആകർഷകമാക്കുന്നതിനും ഇതിലെ ഉള്ളടക്കം സഹായകമാകാതിരിക്കയില്ല. അതിഗഹനങ്ങളായ തത്വങ്ങൾപോലും സംഭവകഥകളുടേയും ദൃഷ്ടാന്തങ്ങളുടേയും പശ്ചാത്തലത്തിൽ പ്രകാശിതങ്ങളാകുമ്പോൾ, ഗുഡജിഹ്വികാന്യായേന അവ ആകർഷകങ്ങളും, ആസ്വാദ്യതരങ്ങളുമായിത്തീരുന്നു. അതാണ് ഈ പുസ്തകം ചെയ്യുന്ന സേവനം.

ആകർഷകമായ പുറംചട്ട, ഏവർക്കും സുഗ്രാഹ്യമായ ഭാഷാരീതി, ക്രമാനുസൃതമായ വിഷയവിവരം എന്നിവ പുസ്തകത്തെ ആകർഷകമാക്കുന്നു. വിവർത്തകനെ അനുമോദിക്കുന്നു; ഈ കൃതിയെ അപൂർണ്ണമായി സാഹിത്യവേദിയിൽ ത്യജിക്കല്ലേ എന്നൊരപേക്ഷയും. പുസ്തകത്തിനു പ്രചുരപ്രചാരം ആശംസിക്കുന്നു.

V. P.

## വിനോദവേദി




"ഹേയ്" നിർത്തു! ടയറിലേക്കല്ല നിങ്ങളിപ്പോൾ കാററടിക്കുന്നതു്. കുടിച്ചാലും തലയ്ക്കിത്ര ലക്കില്ലാതാകാമോ?"

x x x

ഒരു ഗ്രാമീണൻ ആദ്യമായി സിനിമ കാണുകയാണ്. അയാൾ ടിക്കററു വാങ്ങി ഗാലറിയിൽ പോയിരുന്നു ചെക്കർ വന്നു ടിക്കററു പരിശോധിച്ചു കീറിക്കൊടുത്തു. ഗ്രാമീണൻ പുറത്തിറങ്ങിവന്നു രണ്ടാമതും ടിക്കററു വാങ്ങിച്ചു അകത്തുകയറി ഇരുന്നു ചെക്കർ വീണ്ടും വന്നു ടിക്കററു കീറിക്കൊടുത്തു ഗ്രാമീണൻ മൂന്നാമതും പുറത്തുവന്നു ടിക്കററിനാവശ്യപ്പെട്ടു

ടിക്കററു കൊടുക്കുന്ന ആൾ:- സർ, നിങ്ങൾ നേരത്തെ ടിക്കററു വാങ്ങിച്ചുപോയതല്ലേ? പിന്നെന്തുപററി?

ഗ്രാമീണൻ:- നിങ്ങളുടെ കൊട്ടകയിൽ ഒരു വഷളനുണ്ട്. അവനിപ്പോൾ രണ്ടു പ്രാവശ്യമായി എന്റെ ടിക്കററു വാങ്ങിച്ചു കീറിക്കളയുന്നു. ഇനിവന്നാൽ ഞാനവനെ ഒരു നല്ല പാഠം പഠിപ്പിച്ചേ അടങ്ങൂ.

---

യാത്രോദ്ദേശ്യവുമെല്ലാം പ്രൊഫസറിനു അറിവു കിട്ടി പുരോഹിതന്മാരും വണ്ണച്ചണ്ണ്ടിക്കാരൻ യൂദാ ബെൻ യാക്കോബും തമ്മിലുണ്ടായ ഈ കൂട്ടുകെട്ടു വളരെ കാലമായി തനിക്കു കൈവന്ന ഒരു വിനോദഹേതുവായി ആറേമൻ സ്ഥാനി പരിഗണിച്ചു ഏറ്റവുമായ ഒരു നെടുങ്കൻ ചിരിയാണദ്ദേഹത്തിന്നനുഭവപ്പെട്ടതു്. (തുടരും)

അമ്പതുനോമ്പുകാലചിന്തകൾ

# നിലംപതിച്ച ക്രിസ്തു

[ഫാദർ ബർണർഡീൻ ഒ. സി. ഡി.]

വ്യാഴാഴ്ച വൈകുന്നേരം. അന്ധകാരം ജെറുസലേം നഗരത്തെ ആവരണംചെയ്തുകഴിഞ്ഞു. നമ്മുടെ ദിവ്യരക്ഷകൻ അന്ത്യഭോജനംകഴിഞ്ഞു് അവിടുത്തെ വത്സലശിഷ്യന്മാരോടുകൂടി ഗെത്സമൻ തോട്ടത്തിലേക്കു പോകുന്നതിനായി കേഡ്രോൺതാഴ്വര കടക്കുന്നു. ഭൂമിപറുദീസായിൽവച്ചു ആദിമനുഷ്യൻ ചെയ്ത മാരകപാപത്തിനു പരിഹാരം ചെയ്യുന്നതിനായി മനുഷ്യനായി അവതരിച്ച ദൈവവചനം സഹനോദ്യാനത്തിലേക്കു മന്ദംമന്ദം ഗമിക്കുന്നു. അഖിലലോകസ്പർശിയായ ഒരു മഹത്സംഭവം ഗെത്സമൻ തോട്ടത്തിൽവച്ചു നടക്കുവാൻ പോകുന്നുവെന്നറിയാതെ നഗരവാസികൾ അവരവരുടെ ഭവനങ്ങളിൽ ഗാഢനിദ്രയിലാണ്ടുകഴിഞ്ഞു. തോട്ടത്തിൽ പ്രവേശിച്ച സ്നേഹനാഥൻ സ്വശിഷ്യന്മാരോടു പറയുന്നു: "ഞാൻ അവിടെ പോയി പ്രാർത്ഥിക്കട്ടെ; അതുവരെ നിങ്ങൾ ഇവിടെ ഇരിക്കുവിൻ."1 തദനന്തരം അവിടുന്നു പത്രോസിനേയും സെബദിയുടെ രണ്ടു പുത്രന്മാരേയും അവിടുത്തോടുകൂടി കൊണ്ടുപോയി. അവരിൽനിന്നും ഒരു കല്ലേറുദൂരത്തിൽ അകന്നുനിന്നുകൊണ്ടു് ആ രാത്രി ഏകാകിയായി അവിടുന്നു മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. പത്രോസും, യാക്കോബും, യോഹന്നാനും കൂർക്കംവലിച്ചുറങ്ങുമ്പോൾ അവിടുന്നു സന്താപത്താൽ വിവശനാകുവാൻ തുടങ്ങുന്നു.2 വി. പൗലോസ് പറയുന്നതുപോലെ ദൈവമഹത്വത്തിന്റെ പൊൽപ്രഭയായ ക്രിസ്തുനാഥൻ മരണവുമായി മല്ലിടുന്നു.3 ഈ ലോകത്തിലേക്കു വരുന്ന എല്ലാ മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സാക്ഷാൽ വെളിച്ചമായ അവിടുന്നു് അന്ധകാരശക്തികളുമായി സമരംനടത്തുന്നു.4 നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങൾക്കു കാരണമായ ആദത്തിന്റെ പാപത്തെ അന്നു നോക്കിയതുപോലെ ഇന്നും പൂർണ്ണചന്ദ്രൻ വൃക്ഷലതാദികളിലെ പച്ചിലച്ചാർത്തിനു് ഇടയ്ക്കുകൂടി മാനവപാപഭാരത്താൽ പരിക്ഷീണനായ അവിടുത്തെ മുഖത്തേക്കു നോക്കുന്നു. ആ പൂർണ്ണചന്ദ്രന്റെ പ്രകാശത്തിൽക്കൂടി നോക്കുമ്പോൾ നാം കാണുന്നതു് പരവശനും വിവർണ്ണനുമായിത്തീർന്നിരിക്കുന്ന ക്രിസ്തുനാഥനെയാണു്. ലോകം ഇതുവരെയും ദർശിച്ചിട്ടില്ലാത്ത ഒരു ഭയാനകമായ കാഴ്ച! ഈ കാഴ്ചയിൽ, സാദ്ധ്യമായിരുന്നുവെങ്കിൽ വാനാശ്രപികൾ ചുടുകണ്ണുനീർ പൊഴിക്കുമായിരുന്നു. നമ്മുടെ ദിവ്യരക്ഷകനെ ഇത്രമാത്രം ക്ഷമമഹത്താക്കിയതു് എന്താണെന്നുള്ളതിനെപ്പററി നമുക്കു അവഗാഢമായി ചിന്തിക്കാം.

വധശിക്ഷയ്ക്കു വിധിക്കപ്പെട്ട യാതൊരു കുററവാളിയും സ്നേഹരാജൻ സഹിച്ചതുപോലെയുള്ള പീഡകളും, വേദനകളും, ഒരിക്കലും സഹിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ താൻ നിശ്ചിതദിവസം വധിക്കപ്പെടുമെന്നല്ലാതെ അതിന്റെ വേദനയോ, സാഹചര്യങ്ങളോ, സുനിശ്ചിതമായി അറിയുന്നതിനു് അവനു സാദ്ധ്യമല്ല. എന്നാൽ ഈശോ സത്യദൈവമായിരുന്നതുകൊണ്ടു് അവിടുന്നു അഭിമുഖീകരിക്കേണ്ടിയിരുന്ന അവർണ്ണനീയങ്ങളായ പീഡകളുടെ സൂക്ഷ്മവും സുവ്യക്തവുമായ ദർശനം അവിടുത്തേക്കുണ്ടായി. അവിടുത്തെ ഹൃദയം വരുവാനിരുന്ന പീഡകളുടേയും അപമാനങ്ങളുടേയും സ്മരണയാൽ തകർന്നു. സ്വശിഷ്യനായ യൂദാസ് വെറും മുപ്പതു വെള്ളിക്കാശിനു സ്നേഹചുംബനത്താൽ അവിടുത്തെ ശത്രുക്കൾക്കു ഒററിക്കൊടുക്കുമെന്നും, തിരുസഭയുടെ തലവനാകുവാനുള്ള ആത്മമിത്രം അവിടുത്തെ മൂന്നുപ്രാവശ്യം നിഷേധിക്കുമെന്നും, ദുഷ്ടരായ പടയാളികൾ അവിടുത്തെ തിരുമുഖത്തു അടിക്കുമെന്നും, തുപ്പുമെന്നും, അവിടുത്തെ കൊരടാവുകൊണ്ടു പ്രഹരിക്കുമെന്നും, ദാരുണമായവിധത്തിൽ പരിഹാസരാജാവായി മുൾമുടിധരിപ്പിക്കുമെന്നും കണ്ടു. അവിടുത്തെ ഭാവനാശക്തിയിൽ കുരിശിൽ തൂക്കണമെന്നുള്ള ഫരിസേയപ്രമാണികളുടെ നേരത്തെയുള്ള അന്യായവിധി ഭീരുവായ റോമൻഗവർണ്ണർ പീലാത്തോസ് ശരിവയ്ക്കുമെന്നും, ഗാഗുൽത്താമലയിലേക്കുള്ള ക്ലേശപൂരിതമായയാത്രയ്ക്കു താൻ വിധേയനാകുമെന്നും കണ്ടു. കള്ളന്മാരുടെ മദ്ധ്യേ കുരിശിൽ കിടന്നുകൊണ്ടു മരണയാതന അനുഭവിക്കേണ്ടിവരുമെന്നും, ജനസമൂഹത്താൽ നിന്ദിക്കപ്പെടുമെന്നും, കുരിശിൻചുവട്ടിൽ നിന്നുകൊണ്ടു് സ്വമാതാവു് പീഡനങ്ങൾ സഹിക്കേണ്ടിവരുമെന്നും, അവിടുന്നു നന്നായി കണ്ടു. ശോകനിമഗ്നനായ ഈശോയുടെ തിരുമുഖം വിളറുന്നു; കൈകാലുകൾ വിറയ്ക്കുന്നു; ഹൃദയം നീറുന്നു. പാപികളെത്തേടി, ദുഃഖിതരെ ആശ്വസിപ്പിച്ചു, രോഗികൾക്കു സ്വാസ്ഥ്യത നൽകി, അന്ധർക്കു കാഴ്ചയും, ബധിരർക്കു കേൾവിയും, മൂകർക്കു സംസാരശക്തിയും, മരിച്ചവർക്കു ജീവനും പ്രദാനംചെയ്തു്, സകലർക്കും അനുഗ്രഹങ്ങൾ സമൃദ്ധിയായി നൽകി പലസ്തീനായിലൂടെ നന്മചെയ്തുകൊണ്ടു് കടന്നുപോയ അവിടുന്നു് എല്ലാവരാലും പരിത്യക്തനായല്ലോ എന്നോർത്തപ്പോൾ പൊട്ടിക്കരഞ്ഞുപോയി: "എന്റെ പിതാവേ, സാദ്ധ്യമെങ്കിൽ, ഈ പാനപാത്രം എന്നിൽനിന്നു അകന്നുപോകട്ടെ"5 ക്ലേശഭൂയിഷ്ഠമായ ഇഹലോകത്തിൽ, പ്രലോഭനങ്ങളാൽ പ്രക്ഷുബ്ധമായ ജീവിതസമുദ്രത്തിലൂടെ സ്വർഗ്ഗീയതുറമുഖത്തിലേക്കു പ്രയാണംചെയ്യുന്ന മനുഷ്യൻ എത്രയോ പ്രാവശ്യം നിസ്സ്വാർത്ഥമായി അവനെ സ്നേഹിച്ചാശ്വസിപ്പിക്കുന്ന ഒരു വിശ്വസ്തസ്നേഹിതനെ അന്വേഷിക്കുന്നു! ആശ്വാസരഹിതനായി വലയുന്ന ഈ അവസരങ്ങളിലല്ലേ ഒരാശ്വാസദായകന്റെ ആവശ്യം അവനനുഭവപ്പെടുന്നതു്? ഈശോ മനുഷ്യനുമായിരുന്നതുകൊണ്ടു് ആന്തരമായ വ്യഥയിൽ ആശ്വാസത്തിനായി അവിടുത്തെ ഉററസ്നേഹിതരെ സമീപിക്കുന്നു. ദയനീയമായ കാഴ്ച! അവരും — ദിവ്യരക്ഷകന്റെ പ്രത്യേകസ്നേഹത്തിനു പാത്രീഭൂതരായ — അവിടുത്തെ മഹിമയിൽ ഭാഗഭാക്കുകളായ — താബോർ മലയിൽവച്ചു മറുരൂപപ്പെട്ടപ്പോൾ അവിടുത്തെ ദൈവത്വം പ്രത്യക്ഷമായി ദർശിച്ച — പത്രോസും, യാക്കോബും, യോഹന്നാനും — കർത്താവിനെ വിസ്മരിച്ചുകൊണ്ടു് ഉറങ്ങുന്നു.

അങ്ങനെ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവനായ അവിടുന്നു് തിരിച്ചുവന്നു വീണ്ടും പ്രാർത്ഥിക്കുന്നു. അപ്പോൾ മേൽപ്രസ്താവിച്ചവയേക്കാൾ ക്രൂരവും ഭീകരവുമായിരുന്നു മാനവവംശത്തിന്റെ ഗുരുതരമായ പാപങ്ങളുടെ ദർശനം. "അങ്ങയിൽ പാപമില്ല" എന്നു് വി. യോഹന്നാൻ പ്രഖ്യാപിച്ച ക്രിസ്തുനാഥൻ — വിശുദ്ധിതന്നെയായ ദൈവപുത്രൻ — ലോകപാപങ്ങളുടെയെല്ലാം ഉത്തരവാദിത്വം സ്വന്തചുമലുകളിൽ വഹിക്കുന്നതിനു തിരുമനസ്സായി.6 അപ്പോൾ ഏശയ്യാ ദീർഘദർശിയുടെ "ദുഷ്ടന്മാരോടുകൂടി എണ്ണപ്പെട്ടു; അവിടുന്നു അനേകരുടെ പാപങ്ങളെ വഹിച്ചു" എന്നുള്ള പ്രവചനവും7 വി. പൗലോസിന്റെ "അങ്ങയിൽ നാം ദൈവത്തിന്റെ നീതിമാന്മാരായി ഭവിക്കേണ്ടതിനു് പാപം അറിയാതിരുന്നവനെ നമ്മെപ്രതി പാപമാക്കി"8 "അവിടുന്നു തന്റെ ശരീരത്തിന്റെ ദിവസങ്ങളിൽ തന്നെ മരണത്തിൽനിന്നു രക്ഷപെടുത്തുവാൻ കഴിയുന്നവനോടു് ശക്തിയുള്ള മുറവിളിയോടും കണ്ണുനീരുകളോടുംകൂടി അപേക്ഷകളും യാചനകളേയും സമർപ്പിച്ചതുകൊണ്ടു് അവിടുത്തെ ഭയഭക്തികൾനിമിത്തം അവ കേൾക്കപ്പെട്ടു" വെന്നുള്ള വാക്യങ്ങളും അന്വർത്ഥമായി.9 ലോകാരംഭം മുതൽ ലോകാവസാനംവരെയുള്ളവരുടെ പാപങ്ങൾ, അനീതികൾ, സുഖഭോഗങ്ങൾ, ദൈവദൂഷണങ്ങൾ എന്നിവ അവിടുത്തെ മനോദർപ്പണത്തിൽ പൊന്തിവന്നു. ഈ ഘോരരംഗത്തെപ്പററി സുപ്രസിദ്ധ വാഗ്മിയായ ബോസ്സ്വേ പറയുന്നതിപ്രകാരമാണു്: "മിശിഹാ നമ്മുടെ പാപങ്ങളോരോന്നും അവിടുന്നുതന്നെ അവ പ്രവർത്തിച്ചാലെന്നതുപോലെ സുസ്പഷ്ടമായി കാണുകയും അവയെപ്പററി വിലപിക്കുകയുംചെയ്തു. എന്തുകൊണ്ടെന്നാൽ അവയുടെ ഉത്തരവാദിത്വം അവിടുന്നു സ്വയം ഏററു. ദുസ്സഹമായ ഈ ദുഃഖം ഒന്നുമാത്രം അവിടുത്തെ മൃതിപ്പെടുത്തുവാൻ ശക്തിയുള്ളതായിരുന്നുവെന്നുള്ളതു് നിസ്തർക്കമാണു്. ഇനിയും കൂടുതൽ പീഡകൾ സഹിക്കുന്നതിനും, ഗാഗുൽത്താമലമുകളിൽ ആത്മബലി പൂർത്തിയാക്കുന്നതിനുംവേണ്ടിയാണു് ഇവിടെ ഈശോ സ്വായുസ്സിനെ പരിരക്ഷിച്ചതു്. എന്തുകൊണ്ടെന്നാൽ തോട്ടത്തിൽവച്ചു് അവിടുന്നു ചിന്തിയ രക്തം — ആ രക്തസ്വേദം — യാതൊരു ഘാതകനേയും കൂടാതെതന്നെ, ഈശോയെ കൊലപ്പെടുത്തുവാൻ സുശക്തമായതാണെന്നു് സുവിശേഷം സുവ്യക്തമാക്കുന്നു."

യാതൊരാശ്വാസവുമില്ലാതിരിക്കുന്ന സ്നേഹനാഥനെ സാന്ത്വനപ്പെടുത്തുന്നതിനു് ആരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ! സഹിക്കുകയെന്നതു വിഷമമാണു്. എന്നാൽ ഏകാകിയായി സഹിക്കുകയെന്നതു് അതിലും വിഷമമത്രേ. "അദ്ധ്വാനിച്ചും ഭാരംവഹിച്ചുമിരിക്കുന്ന നിങ്ങൾ എല്ലാവരും എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം"10 എന്നരുളിച്ചെയ്തുകൊണ്ടു് ക്ലേശിതരെത്തുവസിച്ച ദൈവപുത്രൻ ഇപ്പോൾ ആശ്വാസത്തിനായി അവിടുത്തെ വത്സലശിഷ്യന്മാരുടെ അടുക്കലേക്കു പോകുന്നു. അവരാകട്ടെ ഉറങ്ങുന്നു. ഈശോ അവരോടു, നിങ്ങളും ഉറങ്ങുന്നുവോ എന്നു ചോദിച്ചിരിക്കാം.


ശിഷ്യന്മാർ ഉറങ്ങുന്നു. നമ്മുടെ ദിവ്യരക്ഷകൻ മൂന്നാം പ്രാവശ്യം അവിടുന്നു പ്രാർത്ഥിച്ചിരുന്ന സ്ഥലത്തേക്കു പോകുന്നു. അപ്പോഴാണു് ഏററം വലിയ മനോവേദന അവിടുന്നു അനുഭവിക്കുന്നതു്. അവിടുത്തെ കുരിശുമരണത്തിന്റെയും തിരുരക്തത്തിന്റെയും അമൂല്യയോഗ്യതകൾ വിഫലമാക്കിക്കളയുന്ന ലക്ഷോപലക്ഷം "യൂദാസുമാരുടെ" കാഴ്ച ഒന്നുമാത്രമാണു് അവിടുത്തേക്കു് അസഹനീയമായിത്തീർന്നിരിക്കുന്നതു്. ദൈവത്തെ ആരാധിക്കുന്നതിനു പകരം പിശാചിനെ ആരാധിക്കണമെന്നു കല്പിക്കുന്ന ഭരണാധികാരികൾ, മാമ്മോദീസാക്കുഞ്ഞുങ്ങളല്ലെന്നു മാതാപിതാക്കന്മാർ വിചാരിക്കുന്ന ബാലികാബാലന്മാർ, അശ്ലീലങ്ങളായ ചലച്ചിത്രങ്ങളാലും, നാടകങ്ങളാലും, പ്രക്ഷേപണങ്ങളാലും, അസന്മാർഗ്ഗികഗ്രന്ഥങ്ങളാലും, പത്രമാസികകളാലും, "പൂസം"കാരാലും പ്രേരിതരായി അപഥസഞ്ചാരം ചെയ്യുന്ന യുവതീയുവാക്കന്മാർ, പഞ്ചവത്സരപദ്ധതികളിലെ കുടുംബസംവിധാനമെന്ന പുതിയ ലേബലിൽ പ്രസിദ്ധമാകുവാനിരിക്കുന്ന "പുരോഗമനപരവും പരിഷ്കൃതവുമെന്നു വിചാരിക്കപ്പെടുന്ന" നവീനാശയങ്ങളാൽ പ്രചോദിതരായി കുടുംബജീവിതത്തിന്റെ പരിപാവനതയ്ക്കു തീരാക്കളങ്കം വരുത്തി ദൈവാലയമാകുന്ന കുടുംബത്തെ നരകമാക്കിത്തീർക്കുന്ന ദമ്പതികൾ, ചെറുപ്പകാലത്തെ അസാന്മാർഗ്ഗികതയെ ഉപേക്ഷിക്കുവാൻ ഇനിയും മടിക്കുന്ന പടുകിഴവന്മാർ, ഇവർക്കെല്ലാം അവിടുത്തെ പീഡാനുഭവം ഉപയോഗശൂന്യമായിപ്പോകുമല്ലോ എന്നറിഞ്ഞു ദിവ്യരക്ഷകന്റെ രോമകൂപങ്ങളിൽനിന്നും ര

1 Mt. 26—37
2 Mt. 26—38
3 Hebr. 1—3
4 Jo. 1—9
5 Mt. 26—39
6 I Jo. 1—5
7 Is. 53—12
8 II cor. 5—21
9 Hebr. 5—7
(10) Mt. 11-28

ബെ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

T. A. M., തൃശ്ശൂർ

ഇവർക്കു രണ്ടുപേർക്കും 55 വയസ്സിൽ ജോലിയിൽ നിന്നു വിരമിക്കണം . . . എന്നാൽ ഒരാൾ മാത്രം സ്ഥിരമായ വരുമാനത്തിനു യത്നിക്കുന്നു



ശങ്കരൻനായർ 55-ാമത്തെ വയസ്സിൽ ജോലിയിൽനിന്നു വിരമിക്കുവാൻ ഉദ്ദേശിക്കുന്നു. എങ്കിലും സ്ഥിരമായ ഒരു വരുമാനമാർഗ്ഗം ഉണ്ടായിരിക്കണമെന്നുള്ള വിചാരം അദ്ദേഹത്തിനില്ല. വർഷങ്ങൾ കടന്നുപോകുമ്പോൾ വളരെ തുച്ഛമായ സമ്പാദ്യമേ അദ്ദേഹത്തിനു കാണുകയുള്ളു. കൂടാതെ വാർദ്ധക്യത്തിൽ തുടർന്നു ജോലി ചെയ്യേണ്ടതായും വന്നേക്കാം.

രാമൻപിള്ള നിരന്തരമായി സമ്പാദിക്കുകയും സമ്പാദ്യങ്ങൾ പാലാ ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കയും ചെയ്യുന്നു. 55 വയസ്സാകുമ്പോൾ അദ്ദേഹത്തിനു ഒരു നല്ലസംഖ്യ സ്ഥിരനിക്ഷേപമായി ഉണ്ടായിരിക്കും. അതിൽനിന്നും മുടങ്ങാതെ ലഭിക്കുന്ന ഉദാരമായ പലിശ ജോലിയിൽനിന്നു വിരമിച്ചു സുഖമായി ജീവിക്കുന്നതിനു അദ്ദേഹത്തെ സഹായിക്കും.

## ഇതിൽ ഏതുവിധത്തിലുള്ള ഭാവിയാണു് നിങ്ങൾ ഇഷ്ടപ്പെടുന്നതു്?

ജോലിയിൽനിന്നു വിരമിക്കുമ്പോൾ സുഖമായി ജീവിക്കുന്നതിനു സഹായിക്കുന്ന ഒരു പദ്ധതി ഇന്നുതന്നെ ആരംഭിക്കുക . . . ഭാവിയിൽ ഒരു നല്ല വരുമാനം മുടങ്ങാതെ ലഭിക്കുന്നതിനുവേണ്ടി നിങ്ങൾ മിച്ചംവയ്ക്കുന്ന തുകകൾ പാലാ സെൻട്രൽ ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കുക.

* വർദ്ധിച്ച പലിശ നിരക്കുകൾ

| | | |
|---|---|---|
| ഇപ്പോഴുള്ളതു്: | 3 മാസത്തേക്കു് . . . | 2½ ശതമാനം |
| | 6 ,, | 3 ,, |
| | 12 ,, | 3½ ,, |
| | 24 ,, | 4 ,, |
| | 36 ,, | 4½ ,, |

* നിങ്ങൾക്കോ നിങ്ങളുടെ ബന്ധുക്കൾക്കോ മുടങ്ങാതെ ഒരു വാർഷികാദായം ലഭിക്കുന്നതിനുവേണ്ടി നിക്ഷേപിക്കുവാൻ പററിയ പദ്ധതി.
* ആറുമാസം കൂടുമ്പോൾ പലിശ കൊടുക്കുന്നു.
* നൂറു രൂപാമുതൽ മേലോട്ടുള്ള ഏതു സംഖ്യയും നിക്ഷേപിക്കാം.



"കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ" എന്ന സൗജന്യ ലഘുഗ്രന്ഥത്തിന്റെ ഒരുപ്രതി ഞങ്ങളുടെ ബ്രാഞ്ചുമാനേജരോടു ആവശ്യപ്പെടുക.

ESTD. 1927

**പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്**
ഹെഡാഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

PC. 2194

വാരാന്ത്യവീക്ഷണം

## ഏഷ്യയിലെ സൈനികസഖ്യങ്ങൾ

ബാഗ്ദാദ് സഖ്യവും "സീയാറേറാ"സഖ്യവുമാണ് ഏഷ്യയിലെ പ്രധാന സൈനികസഖ്യങ്ങൾ. ഇവ രണ്ടും ഇന്ത്യയ്ക്കു ആപല്ക്കരമാണെന്നു പ്രധാനമന്ത്രി നെഹ്റു അമൃതസരസ് കോൺഗ്രസിൽവച്ചു പറയുകയുണ്ടായി ഈ രണ്ടു സഖ്യങ്ങളിലും പാകിസ്ഥാൻ ചേർന്നിട്ടുള്ളതുകൊണ്ടാണ് ഇവ ഇന്ത്യയ്ക്കു വിശേഷാൽ ആപല്ക്കരമായിത്തീർന്നിട്ടുള്ളത്. പാകിസ്ഥാൻെറ ലക്ഷ്യം ഈ സൈനികസഖ്യങ്ങൾവഴി പശ്ചിമരാഷ്ട്രങ്ങളിൽനിന്നു ആയുധസഹായം സ്വീകരിച്ച് ഇന്ത്യയിൽനിന്നും കാഷ്മീർ പിടിച്ചെടുക്കണമെന്നുള്ളതാണെന്നു സംശയിക്കാൻ കാരണങ്ങളുണ്ട്. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒരു യുദ്ധമുണ്ടാകുന്നതിനു സാഹചര്യം സൃഷ്ടിക്കണമെന്നു പശ്ചിമരാഷ്ട്രങ്ങൾക്കു ആഗ്രഹമില്ലെങ്കിലും അവർ പാകിസ്ഥാനു കൊടുക്കുന്ന ആയുധസഹായം അതിനിടയാക്കിയേക്കാമെന്നു ഇന്ത്യയ്ക്കു ആശങ്കയുണ്ട്. പാകിസ്ഥാൻെറ ആയുധശക്തി വർദ്ധിക്കുമ്പോൾ അതനുസരിച്ച് ഇന്ത്യയും ആയുധശക്തി വർദ്ധിപ്പിച്ചില്ലെങ്കിൽ ഇപ്പോഴുള്ള ശക്തിനിലയ്ക്കു ഭംഗംവരുന്നതാണ്. ആയുധശക്തി വർദ്ധിപ്പിക്കുന്നതിനു വളരെയധികം ധനം വ്യയം ചെയ്താൽ ഇന്ത്യയ്ക്കു രണ്ടാംപഞ്ചവത്സരപദ്ധതി നടപ്പിൽവരുത്തുന്നതിനു വിഷമമുണ്ടാകും. സൈനികസഖ്യങ്ങളോടുള്ള ഇന്ത്യയുടെ എതിർപ്പിൻെറ പശ്ചാത്തലം ഇതാണ്. തായ്‌ലണ്ടിനു സമീപംവച്ച് "സീയാറേറാ"ശക്തികളുടെ ഒരു സൈനികപ്രകടനം ഇപ്പോൾ നടന്നുവരുന്നുണ്ട്. അതിൽ പാകിസ്ഥാൻ പങ്കെടുക്കുന്നില്ല. പാകിസ്ഥാനു "സീയാറേറാ"യിലെ മററംഗങ്ങൾ കാര്യമായ സഹായം നൽകിയിട്ടില്ലെന്നുള്ള അസംതൃപ്തിയുണ്ട്. അടുത്തമാസം ആദ്യം കറാച്ചിയിൽവച്ചു "സീയാറേറാ"കൗൺസിലിൻെറ ഒരു യോഗം നടക്കുന്നതാണ്. ഈ യോഗത്തിൻെറ കാര്യപരിപാടിയിൽ കാഷ്മീർപ്രശ്നംകൂടി ഉൾപ്പെടുത്തണമെന്നു പാകിസ്ഥാൻ ആവശ്യപ്പെട്ടതു മററു "സീയാറേറാ"ശക്തികൾ നിരാകരിച്ചു. ഇതിനെപ്പററിയും പാകിസ്ഥാനിൽ അതൃപ്തിയുണ്ടായിട്ടുണ്ട്. ബാഗ്ദാദ് സഖ്യത്തിൽ തങ്ങൾ ചേർന്നുകൊണ്ട് റഷ്യയുടേയും പല അറബിരാഷ്ട്രങ്ങളുടേയും അപ്രീതി സമ്പാദിച്ചതല്ലാതെ തങ്ങൾക്കു ഒരു ഗുണവും കിട്ടിയിട്ടില്ലെന്നു പാകിസ്ഥാൻ പത്രങ്ങൾ പ്രതിഷേധശബ്ദമുയർത്തിക്കൊണ്ടിരിക്കയാണ്. ഇതിനിടയിൽ റഷ്യ പാകിസ്ഥാനു സാമ്പത്തികസഹായം വാഗ്ദാനംചെയ്തിരിക്കയാണ്. കാഷ്മീർകാര്യത്തിൽ തങ്ങൾക്കു അനുകൂലമായ ഒരു നില പശ്ചിമരാഷ്ട്രങ്ങൾ സ്വീകരിച്ചില്ലെങ്കിൽ പാകിസ്ഥാൻ എന്തിനു ഈ സൈനികക്കൂട്ടുകെട്ടുകളിൽ നിലകൊള്ളുന്നുവെന്നാണ് കറാച്ചി നേതാക്കന്മാർ ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

### പ്രസിഡൻറിൻെറ പാർലമെൻറ് പ്രസംഗം

പ്രസിഡൻറിൻെറ പാർലമെൻറ് ഉൽഘാടനപ്രസംഗം തയ്യാറാക്കുന്നതു മന്ത്രിസഭയാണ്. മന്ത്രിസഭയുടെ നയവിശദീകരണവും അടുത്ത വർഷത്തേക്കുള്ള പരിപാടിയുടെ സൂചനയുമാണ് ഉൽഘാടനപ്രസംഗത്തിലെ ഉള്ളടക്കം. വിദേശനയം, രണ്ടാംപഞ്ചവത്സരപദ്ധതി, സംസ്ഥാനപുനസ്സംഘടന എന്നീ വിഷയങ്ങൾക്കാണ് ഇത്തവണയുണ്ടായ പ്രസംഗത്തിൽ പ്രാധാന്യം കൊടുത്തുകാണുന്നത്. വിദേശനയത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യ എല്ലാവിധ സൈനികക്കൂട്ടുകെട്ടുകൾക്കും എതിരാണെന്നും പ്രത്യേകിച്ച് ബാഗ്ദാദ്സഖ്യത്തെ ആപല്ക്കരമായ ഒരടിവയ്പായി ഇന്ത്യ പരിഗണിക്കുന്നുവെന്നും പ്രസിഡൻറ് പ്രസ്താവിച്ചു. ബാഗ്ദാദ്സഖ്യത്തിൽനിന്നുമുളവായിട്ടുള്ള അപകടസാദ്ധ്യതയെ നേരിടാൻ എന്തെങ്കിലും ചെയ്യുവാൻ പോകുന്നതായി പ്രസംഗത്തിൽ സൂചന കാണുന്നില്ലെങ്കിലും അടുത്ത വർഷത്തിൽ സുവിദിതമായ എന്തെങ്കിലുമൊരു നടപടി സ്വീകരിക്കുവാൻ ഗവണ്മെൻറ് ആഗ്രഹിക്കുന്നതുപോലെ തോന്നുന്നു. അമേരിക്കയുടെ സ്റ്റേററ്സിക്രട്ടറി മി. ഡള്ളസും പോർട്ടുഗീസ് വിദേശകാര്യമന്ത്രി മി. കുഞ്ഞായുംകൂടി ഗോവായെപ്പററി ചെയ്ത പ്രസ്താവന ഖേദകരമായിപ്പോയെന്നു പറഞ്ഞതല്ലാതെ ഗോവാപ്രശ്നത്തിൽ എന്തെങ്കിലും നൂതനനയം സ്വീകരിക്കണമെന്നു ഗവർമ്മെൻറ് വിചാരിക്കുന്നതായി സൂചിപ്പിച്ചിട്ടില്ല. പാകിസ്ഥാനിൽനിന്നുള്ള അഭയാർത്ഥിപ്രവാഹം വർദ്ധിച്ചുവരുന്നതിനെപ്പററി പ്രസിഡൻറ് ഖേദം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ കാര്യം ഗവണ്മെൻറിൻെറ അവധാനമായ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അഭയാർത്ഥിപ്രവാഹം കുറയത്തക്കവിധം നടപടികളെടുക്കുവാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടെന്നു വേണം ഊഹിക്കുവാൻ. ഇന്ത്യയിൽ "സോഷ്യലിസ്റ്റ്"മാതൃകയിലുള്ള സാമ്പത്തികവ്യവസ്ഥിതി സ്ഥാപിക്കുന്നതിനുവേണ്ടി രണ്ടാംപഞ്ചവത്സരപദ്ധതി നടപ്പിൽവരുത്തുമെന്നു പ്രസിഡൻറ് പ്രസ്താവിക്കുന്നുണ്ട്. എന്നാൽ ഈ ലക്ഷ്യം പ്രാപിക്കുന്നതിനു വളരെദൂരം സഞ്ചരിക്കേണ്ടതുണ്ടെന്നു അദ്ദേഹം പറയുന്നതുകൊണ്ട് സോഷ്യലിസം സാവധാനത്തിൽ പടിപടിയായി നടപ്പിലാക്കാനേ ഗവർമ്മെൻറ് വിചാരിക്കുന്നുള്ളുവെന്നു സിദ്ധിക്കുന്നു. സംസ്ഥാനപുനസ്സംഘടന വലിയ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണെന്നും അതു ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണെന്നും മാത്രമാണു പ്രസിഡൻറ് പറഞ്ഞത്.

---

ക്തം ധാരധാരയായി പ്രവഹിക്കുന്നു.(11) "എൻെറ പിതാവേ, സാദ്ധ്യമെങ്കിൽ, ഈ പാനപാത്രം എന്നിൽനിന്നു അകന്നുപോകട്ടെ"(12) എന്നു പ്രാർത്ഥിച്ചുകൊണ്ട് പരിക്ഷീണിതനായി രക്തം പുരണ്ട പുൽത്തകിടിമേൽ നിപതിക്കുന്നു ക്രിസ്തുനാഥൻ. അവിടുത്തെ തിരുവധരങ്ങളിൽനിന്നും "എങ്കിലും ഞാൻ ആഗ്രഹിക്കുന്നതുപോലെയല്ല, മറിച്ച് അവിടുന്ന് ആഗ്രഹിക്കുന്നതുപോലെയാകട്ടെ" (13) എന്നൊരു പ്രാർത്ഥനയും പൊട്ടിപ്പുറപ്പെടുന്നു. തൽക്ഷണം ക്രിസ്തുനാഥൻ കുരിശു സ്വീകരിക്കുകയും നമ്മുടെ നിത്യരക്ഷ സുനിശ്ചിതമാക്കുകയും ചെയ്യുന്നു.

ഗെദ്സേമിനിതോട്ടത്തിൽ നമ്മുടെ ഓരോരുത്തരുടേയും പാപങ്ങളെപ്രതി കരയുന്ന സ്നേഹനാഥൻെറ സമീപത്തു നമുക്കും ഭക്തിപൂർവ്വം മുട്ടുകുത്തി അഞ്ജലിബദ്ധരായി, അവിടുത്തെ പീഢിപ്പിച്ച നമ്മുടെ അപരാധങ്ങളെയും അധർമ്മങ്ങളെയും എണ്ണിയെണ്ണി അനുതപിക്കാം. യാതൊരാശ്വാസവുമില്ലാതെ ദുഃഖസാഗരത്തിൽ മുങ്ങിത്തുടിക്കുന്ന നമ്മുടെ കർത്താവിൻെറ തൃപ്പാദങ്ങളെ മറിയംമഗ്ദലേനാ ചെയ്തതുപോലെ നമ്മുടെ പാപങ്ങളെപ്പററി കരഞ്ഞുവീഴ്ത്തുന്ന കണ്ണുനീർക്കണങ്ങൾകൊണ്ട് തുടച്ചു ചുംബിച്ചു സമാശ്വസിപ്പിച്ച് നമുക്കു കേണപേക്ഷിക്കാം: "ദിവ്യ ഈശോ, കരുണാമയ! ഇതാ ഞങ്ങൾ അങ്ങയെ ആശ്വസിപ്പിക്കുന്നതിനായി വന്നിരിക്കുന്നു. ഞങ്ങളുടെ സുഖലോലുപതയും അശുദ്ധതയും അവിടുത്തെ തിരുരക്തം ചിന്തുന്നതിനു കാരണമായി നാഥാ! ഞങ്ങളുടെ കഴിഞ്ഞ ജീവിതത്തിലെ അപരാധങ്ങൾ അവിടുന്നു അനുസ്മരിക്കരുതേ; ഞങ്ങളുടെ പാപങ്ങളെല്ലാം നിർമ്മാർജ്ജനം ചെയ്യണമേ എന്നു രാജകീയ പ്രവാചകനോടുകൂടി ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ, അവിടുത്തെ തിരുരക്തത്തിൻെറ യോഗ്യതകൾ ഞങ്ങൾ നിഷ്ഫലമാക്കുകയില്ലെന്നു ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു."

(11) Lc. 27-44
(12) Mt. 26-39
(13) Mt. 26-39

---



ശ്രീ പത്രോസ് ആഗസ്തി
തെക്കേടത്തിൽ
സത്യാരാധനസഖ്യാംഗം
കല്ലാനിക്കൽ
ജനനം 20—7—1924
മരണം 4—2—1956
പരേതനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാനപേക്ഷ.

---

## തിരുനാൾമംഗളം



കൊച്ചിമെത്രാൻ
റൈററ് റവ. ഡോ. അലക്സാണ്ടർ
എടേഴത്തു തിരുമേനി
(തിരുനാൾ ഫെബ്രുവരി 26.)

---

# ഇക്കൊല്ലത്തെ
# പാപ്പാദിനം
## മാർച്ച് 11-ാംതീയതി

1956 മാർച്ചു 2-ാംനു പരിശുദ്ധപിതാവു 12-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ 80-ാമത്തെ ജന്മദിനവും, അന്നുതന്നെ അവിടുത്തെ വാഴ്ചയുടെ 17-ാംവത്സരപൂർത്തിയുമാണ്. മാർച്ചു 12-ാം തീയതിയാണല്ലോ അവിടുത്തെ കിരീടധാരണം നടന്നതു്. അതുകൊണ്ടു മുറപ്രകാരം പാപ്പാദിനാഘോഷം നിശ്ചയിച്ചിരിക്കുന്നതു ഇക്കൊല്ലം മാർച്ചു 11-ാംനു ഞായറാഴ്ചയാണ്. ഈ സ്മരണീയദിനങ്ങൾ പരിശുദ്ധപിതാവിൻെറ അഭിലാഷമനുസരിച്ച് ആദ്ധ്യാത്മികമായും പരസ്നേഹപരമായ പരിപാടികൾ നിർവ്വഹിച്ചും ലോകമാസകലം ആചരിക്കപ്പെടുന്നതാണ്. തന്മൂലം സത്യദീപം വായനക്കാരുടെ സവിശേഷമായ ശ്രദ്ധ ഇക്കാര്യത്തിലേക്കു ഞങ്ങൾ സാദരം ക്ഷണിച്ചുകൊള്ളുന്നു. തൽസംബന്ധമായ പ്രത്യേകലക്കം യഥാവസരം പുറപ്പെടുന്നതാണ്.

N. B. 1956-ലെ എറണാകുളം അതിരൂപതാ വൈദികപഞ്ചാംഗത്തിൽ മാർച്ചു 4-ാംനു പാപ്പാദിനമായി രേഖപ്പെടുത്തിയിട്ടുള്ളതു ഒരു പ്രമാദമാണെന്നുള്ള വിവരം ഇവിടെ അറിയിച്ചിരിക്കുന്നു.

---

## ഇടവകവാർത്തകൾ

**ചെമ്പറ:** കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടെ മാസമായ ഈ ഫെബ്രുവരിയിൽ കിഴപ്പിള്ളി ഇടവക മരിയാസഖ്യാംഗങ്ങൾ അയച്ചുതന്ന പത്രമാസികകൾ മുതലായവ ഇവിടത്തെ കുട്ടികളുടെയിടയിൽ വിതരണം ചെയ്യപ്പെട്ടു. ഇപ്രകാരം പ്രസിദ്ധീകരണങ്ങൾ ശേഖരിച്ചയക്കാൻ സൗകര്യവും സന്നദ്ധതയുമുള്ള ഇടവകകൾ ഈ വിഷയത്തിൽ ഉണർന്നു പ്രവർത്തിക്കാൻ അപേക്ഷ.

**മന്നിയൂർ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യം, തിരുബാലസംഘം എന്നിവയുടെ സംയുക്തവാർഷികം ഫെബ്രുവരി 5-ാംനു ഞായറാഴ്ച ഉച്ച തിരിഞ്ഞു ആഘോഷിച്ചു. യോഗാനന്തരം രക്തസാക്ഷിണി എന്ന പ്രഹസനം ഉണ്ടായിരുന്നു.

**കറിക്കാട്ടൂർ:** കരിമ്പനക്കുളം S. H. മിഡിൽസ്കൂൾ വാർഷികം പൂർവ്വാധികം ഭംഗിയായി നടക്കുകയുണ്ടായി. റവ ഫാദർ ജോസഫ് നെടുഞ്ചിറയുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കുട്ടികളുടെ വിവിധകലാപരിപാടികളും സമ്മാനദാനവും നടന്നു. അതിനുശേഷം, ഫാദർ നെടുഞ്ചിറയാൽ വിരചിതമായ കാനനസൂനം എന്ന കഥയെ ആസ്പദമാക്കി കുമാരി ലീല & പാർട്ടി നടത്തിയ കഥാപ്രസംഗം സദസ്യരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി.

**ഇളങ്കുളം:** സ്ഥലം ഫാത്തിമാപള്ളിയിലെ മരിയസഖ്യങ്ങൾ, ഫ്രാൻസിസ്കൻ മൂന്നാംസഭ, തിരുബാലസഖ്യം, സൺഡേസ്കൂൾ എന്നിവയുടെ സംയുക്തവാർഷികം ഫെബ്രു: 12-ാംനു ഞായറാഴ്ച അത്യാഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. രാവിലെ ആഘോഷമായ പാട്ടുകുർബാന, പ്രദക്ഷിണം മുതലായവ നടന്നു. വൈകുന്നേരം റവ ഫാദർ ജോർജ് ഇട്ടിക്കുന്നത്ത് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ശ്രീമതി അമ്മിണി പോൾ ബി എ, മെ: ഇ ജെ ആൻറണി ബി എ എൽ ടി, കെ എക്സ് ജോൺ എം എ എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു ബാലികമാരുടെ വിവിധ കലാപരിപാടികളും യോഗാനന്തരം ആൺകുട്ടികളുടെ "തല്ലുവേണമോ, താലിവേണമോ" എന്ന നാടകവുമുണ്ടായിരുന്നു.

**ചാലിൽ:** എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗസ്തിനോസ് തിരുമനസ്സിലെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനായി ഫെബ്രുവരി 5-ാംനു ഞായറാഴ്ച വികാരി റവ. ഫാദർ ഗീവർഗീസ് പതിയാമൂല അവർകളുടെ അദ്ധ്യക്ഷതയിൽ, ചാലിൽ പള്ളി ഇടവകയിലെ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം കൂടി. ശാസ്ത്രി മഹോപാദ്ധ്യായ ജോസഫ് ടി കരിയിൽ പ്രസംഗിച്ചു. അനുശോചനപ്രമേയം. അവതരിപ്പിച്ചു പാസാക്കുകയും ചെയ്തു.

(ശേഷം 8-ാംപേജിൽ)


# പഞ്ചവത്സര മാസക്കുറി

(Sanction No. D. Dis. 8288/55/RD. DTD. 10—1—'56)

60 നമ്പ്ര്—നമ്പ്ര് ഒന്നിന് 10 നറുക്ക്—നറുക്കൊന്നിന് 100 ക.

## ആകെ സല 60,000 രൂപാ

4 നറുക്ക്—എടുപ്പ്. 6 നറുക്ക്—ലേലം

സ്ഥിരപലിശ 3,800 ക. ബോണസ്സ് 1,800 ക.

(ബോണസ്സ് ഓരോ തവണയും കൃത്യമായി പണമടയ്ക്കുന്നവർക്കു സമമായി വീതിക്കുന്നതാണ്)

**തലയാൾ കമ്മീഷൻ 1·66% മാത്രം**

പ്രസ്തുത കമ്മീഷനിൽനിന്നും 3,000 ക. ബാങ്ക് റിസർവ്വ് ചെയ്യുന്നതും 60 തവണയും ബോണസ്സിന് അർഹരായ ടിക്കററുകാർക്ക് തുല്യമായി വീതിച്ചു സമ്മാനമായി കൊടുക്കുന്നതുമാണ്.

സ്ഥിരപലിശയും ലേലാദായവും ഒന്നിച്ച് ആനുപാതികമായി വീതിക്കുന്നതാണ്.

600 രൂപാ മുതൽ 3—2—0 യുടെ അംശം വരെ ആർക്കും ചേരാവുന്നതും, വിളിച്ചെടുക്കാവുന്നതുമാകുന്നു.

**സലവിവരം**

| നറുക്ക സംഖ്യ | | സല | കമ്മീഷൻ | സ്ഥിരപലിശ | ബോണസ്സ് | ചിററാളിനു കിട്ടുന്നസംഖ്യ |
|---|---|---|---|---|---|---|
| A (1×6) | 600 | 36,000 | 600 | 2,280 | 1,080 | 32,040 |
| B (1×5) | 500 | 30,000 | 500 | 1,900 | 900 | 26,700 |
| C (1×4) | 400 | 24,000 | 400 | 1,520 | 720 | 21,360 |
| D (1×3) | 300 | 18,000 | 300 | 1,040 | 580 | 16,020 |
| E (1×2) | 200 | 12,000 | 200 | 760 | 360 | 10,680 |
| F (1) | 100 | 6,000 | 100 | 380 | 180 | 5,340 |
| G (1/2) | 50 | 3,000 | 50 | 190 | 90 | 2,670 |
| H (1/4) | 25 | 1,500 | 25 | 95 | 45 | 1,335 |
| I (1/8) | 12/8 | 750 | 12/8 | 47/8 | 22/8 | 667/8 |
| J (1/16) | 6/4 | 375 | 6/4 | 23/12 | 11/4 | 333/12 |
| K (1/32) | 3/2 | 187/8 | 3/2 | 11/14 | 5/10 | 166/14 |

ആദ്യലേലവും നറുക്കെടുപ്പും
1956 ഏപ്രിൽ 7-ാംനു ശനിയാഴ്ച 4 മണിക്ക്
(എറണാകുളം ബ്രാഞ്ചിൽവെച്ച്)
തലവരിയാലക്കും കൂടുതൽ വിവരങ്ങൾക്കു്.

**ഫെഡറൽ ബാങ്ക് ക്ലിപ്തം.**
ഹെഡ് ആഫീസ്-ആലുവാ (PHONE 61)

ബ്രാഞ്ചുകൾ:- അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ
PHONE :- P.C.O 36 283 12

# സത്യദീപം

പത്രാധിപന്മാർ

റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || FEBRUARY 22, ERNAKULAM || No. 28


## കത്തോലിക്കാമതപഠനം

ഈ മാസത്തിൽ നാമാചരിക്കുന്ന മുദ്രാലയപ്രേഷിതത്വത്തിന്റെയും പ്രസിദ്ധീകരണപ്രചാരണത്തിന്റെയും പരമലക്ഷ്യം കത്തോലിക്കാ മതപഠനമാണെന്നു എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. കത്തോലിക്കാമതപഠനത്തെ രണ്ടു വീക്ഷണകോണങ്ങളിൽനിന്നു ദർശിക്കേണ്ടതായിട്ടുണ്ട്. ഒന്ന് കത്തോലിക്കർതന്നെ കത്തോലിക്കാ മതതത്വങ്ങളെ അവഗാഢമായി പഠിക്കുക. രണ്ട്, കത്തോലിക്കാമതതത്വങ്ങളെ അവയുടെ ശരിയായ വെളിച്ചത്തിൽ പുറമേയുള്ളവർ വീക്ഷിക്കുന്നതിനു പ്രചാരണം നിർവ്വഹിക്കുക. ഇവ രണ്ടും കത്തോലിക്കാസഭയെ സംബന്ധിച്ച പരമപ്രധാനങ്ങളായ പ്രവർത്തനരംഗങ്ങളാണ്. "നിങ്ങൾ പോയി എല്ലാ ജാതികളേയും പഠിപ്പിക്കുക" എന്നുള്ള ക്രിസ്തുമതസ്ഥാപകന്റെ നിർദ്ദേശത്തിൽ ഇവ രണ്ടും അടങ്ങിയിരിക്കുന്നുണ്ട് എന്നുള്ളതു പ്രത്യക്ഷമാണല്ലോ. ഇവയിൽ രണ്ടാമത്തേതിന്റെ പ്രായോഗികതയും വിജയവും ഒന്നാമത്തേതിന്റെ കാര്യക്ഷമമായ നിർവ്വഹണത്തേയാണ് സർവ്വോപരി ആശ്രയിച്ചിരിക്കുന്നതു്. ഇന്നു പുറമേയുള്ളവർ കത്തോലിക്കാസഭയെ വേണ്ടവിധത്തിൽ മനസ്സിലാക്കത്തക്കവണ്ണം സഭാതത്വങ്ങൾ പ്രകാശിപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ അതിന്റെ പ്രധാനകാരണം കത്തോലിക്കർതന്നെ സഭയെപ്പററി അവഗാഢമായ പഠനം നടത്താത്തതും തന്മൂലം സഭാസിദ്ധാന്തങ്ങളെ അവയുടെ മനോഹരത എല്ലാവർക്കും സുഗമമാകത്തക്കവണ്ണം അവരുടെ മുമ്പിൽ നിരത്തിവയ്ക്കുന്നതിനു കത്തോലിക്കർക്ക് സാധിക്കാത്തതുമാണ്. കത്തോലിക്കാവൈദികർ സഭാസിദ്ധാന്തങ്ങളെ സുദീർഘമായും വിശദമായും പഠിക്കുന്നതിനുള്ള പദ്ധതികൾ തിരുസഭ വൈദികസെമിനാരികളുടെ പാഠപദ്ധതിയിൽ നിർബന്ധപൂർവ്വം ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ കത്തോലിക്കാവിശ്വാസികളും അവരുടെ മതതത്വങ്ങൾ കഴിവനുസരിച്ച് ഹൃദിസ്ഥമാക്കണമെന്നു തിരുസഭ അത്യധികം അഭിലഷിക്കുകയും പ്രായോഗികപദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പല കാരണങ്ങളാൽ അതു സഭയുടെ അഭിലാഷമനുസരിച്ച് കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നില്ല എന്നുള്ളതു് ഇന്നത്തെ വലിയൊരു പോരായ്മയാണ്. അതുകൊണ്ടു മതപഠനവിഷയത്തിൽ കത്തോലിക്കർ പൊതുവെ—അതിന്റെ അൽമായവിഭാഗം പ്രത്യേകിച്ച്—മനസ്സിരുത്തേണ്ട അവശ്യാവശ്യകതയാണ് ഇന്നു എവിടേയും അനുഭവപ്പെടുന്നതു്. ചിന്താശീലന്മാരായ കത്തോലിക്കാ അൽമായർ തന്നേയും ഈ കുറവിനെ സംബന്ധിച്ച് ഇന്നു ഉൽക്കണ്ഠാഭരിതരായി തീർന്നിരിക്കുകയാണെന്നും അതിന്റെ പരിഹാരത്തിനുവേണ്ട മാർഗ്ഗങ്ങളെ ആരാഞ്ഞ് പ്രായോഗികമായ വിധത്തിൽ ഈ പ്രശ്നത്തെ നേരിടുന്നതിന് ഉദ്യുക്തരായിരിക്കുകയാണെന്നും കാണുന്നതു ശുഭോദർക്കമാണ്. ഓരോ കത്തോലിക്കനേയും ഈ കർത്തവ്യനിർവ്വഹണത്തിനു ഉത്തേജിപ്പിക്കുന്നതിനും അതിനുവേണ്ട സഹായസഹകരണങ്ങളെല്ലാം പ്രദാനംചെയ്തു ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഞങ്ങൾക്കതിയായ സന്തോഷമുണ്ട്. ഈ ലക്കത്തിൽതന്നെ അന്യത്ര ഞങ്ങൾ ചേർത്തിട്ടുള്ള രണ്ടു ലേഖനങ്ങൾ നമ്മുടെ അൽമായവിഭാഗത്തിന്റെ ഏതദ്വിഷയത്തിലുള്ള ആശയഗതിയെ പ്രകടമാക്കുന്നതായതുകൊണ്ട് മാന്യവായനക്കാരുടെ സവിശേഷമായ ശ്രദ്ധയെ അവയിലേക്കു ഞങ്ങൾ ആകർഷിച്ചുകൊള്ളട്ടെ.

### കത്തോലിക്കർ മതത്തെ അവഗാഢമായി പഠിക്കണം

കത്തോലിക്കരുടെ മതപഠനകർത്തവ്യത്തെ വിശദമാക്കി പരിശുദ്ധമാർപ്പാപ്പാ 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു നൽകിയിട്ടുള്ള ഒരു നിർദ്ദേശം ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നു. "വിദ്യാഭ്യാസത്തിന്റെ പ്രത്യേകതരവും പ്രത്യക്ഷവുമായ ഉദ്ദേശ്യം, ഒരു വ്യക്തിയിൽ യഥാർത്ഥവും പരിപൂർണ്ണവുമായ ക്രിസ്തീയത്വത്തെ രൂപവൽക്കരിക്കുന്നതിനു ദൈവാനുഗ്രഹത്തോടു സഹകരിക്കുവാൻ പരിശീലിപ്പിക്കുക എന്നുള്ളതാണ്; മാമ്മോദീസാമൂലം പുനർജ്ജന്മം സ്വീകരിച്ചിട്ടുള്ളവരിൽ ക്രിസ്തുവിനെത്തന്നെ രൂപംകൊടുത്തു പ്രതിഫലിപ്പിക്കുക. അതുകൊണ്ടു് ക്രിസ്തീയമതപഠനം മനുഷ്യന്റെ എല്ലാ പ്രവർത്തനരംഗങ്ങളേയും സമ്യക്കായും സമൂലമായും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു—ബാഹ്യവും ആന്തരികവും, ബുദ്ധിപരവും ധാർമ്മികവും, വ്യക്തിഗതവും ഗാർഹികവും സാമൂഹികവും എല്ലാം അതിന്റെ പരിധിയിൽപെടണം. മതപഠനം മനുഷ്യന്റെ ഈ വിവിധരംഗങ്ങളിലുള്ള പ്രവർത്തനശക്തികളേയും കഴിവുകളേയും ദുർബലപ്പെടുത്തുന്നതിനല്ല ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്, പ്രത്യുത ക്രിസ്തുവിന്റെ ആദർശത്തിനും സിദ്ധാന്തങ്ങൾക്കും അനുസരിച്ചു അവയെ ഉന്നമിപ്പിക്കുന്നതിനും, നേർവഴിയിൽ നയിക്കുന്നതിനും, പരിപൂർണ്ണതപ്പെടുത്തുന്നതിനുമത്രെ." പരിശുദ്ധപിതാവിന്റെ ഈ നിർദ്ദേശത്തിൽ കത്തോലിക്കാ മതപഠനത്തിന്റെ ലക്ഷ്യവും മാർഗ്ഗവും പരിണതഫലവും സംക്ഷിപ്തമായും സുവ്യക്തമായും പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്.

മതപഠനത്തെ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതികൾ പലതുണ്ട്. എങ്കിലും ഇന്നത്തെ കാലത്തിന്റേയും ആവശ്യത്തിന്റേയും പരിഗണനയിൽ അവയ്ക്കു ചില വ്യതിയാനങ്ങൾ കൂടാതെ നിവൃത്തിയില്ല. കാരണം ഇന്നത്തെ ജനത അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പണ്ടത്തേതിൽനിന്നു വളരെ വ്യത്യസ്തങ്ങളാണ്. അതുകൊണ്ട് ആധുനിക സ്ഥിതിഗതികൾക്കും നവീനപ്രശ്നങ്ങളെ നേരിടുന്നതിനും ഉതകുന്ന ഒരു പഠനപദ്ധതിക്കു രൂപംകൊടുക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്. നമ്മുടെ പൊതുസമ്മേളനങ്ങളിലും സാമൂഹികകോൺഫറൻസുകളിലും പല പല പദ്ധതികൾ ആവിഷ്കരിക്കപ്പെടുകയും അവയുടെ സാഫല്യത്തിനുവേണ്ട ആസൂത്രണങ്ങൾ നിർവ്വഹിക്കുന്നതിനു പണ്ഡിതന്മാരും പരിചയസമ്പന്നരുമായ അംഗങ്ങളെ ചേർത്തു വിദഗ്ദ്ധകമ്മററികൾ ഏർപ്പെടുത്തുകയും ഉണ്ടായിട്ടുണ്ട്. ഈ പരിശ്രമങ്ങളെല്ലാം വിജയപ്രദമായിത്തീർന്നു അത്യുത്തമമായ ഒരു മതപഠനപദ്ധതി രൂപംകൊള്ളുമെന്നു നമുക്കു പ്രത്യാശിക്കാം.

### അദ്ധ്യയനമണ്ഡലം

ചങ്ങനാശ്ശേരി കേന്ദ്രമായി പുതുതായി രൂപം പ്രാപിച്ചിരിക്കുന്ന ഒരു പ്രസ്ഥാനത്തെ ഇവിടെ അനുസ്മരിക്കുന്നതിനു ഞങ്ങൾക്കു അതിയായ സന്തോഷമുണ്ട്. "അദ്ധ്യയനമണ്ഡലം" പ്രസ്ഥാനമാണതു്. അതിന്റെ വിശദവിവരങ്ങൾ അന്യത്ര ചേർത്തിട്ടുള്ള ലേഖനത്തിൽ നൽകപ്പെട്ടിട്ടുണ്ട്. ഓരോ ഇടവകകളിലും സാധാരണ വിദ്യാഭ്യാസം കഴിഞ്ഞിട്ടുള്ളവരെ സംഘടിപ്പിക്കുന്നതിനും, അവർക്കു കാര്യക്ഷമമായ മതപഠനം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം, നിലവിലുള്ള മതപഠനരീതിയിൽ നിന്നും വ്യത്യസ്തമായും ആധുനികങ്ങളായ ആദർശങ്ങളെ മുൻനിർത്തിയും നൽകപ്പെടുന്നതിനും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു പദ്ധതിയുടെ ഒരു വൈശിഷ്ട്യമാണ്. ചങ്ങനാശ്ശേരിമെത്രാച്ചൻ തിരുമനസ്സുകൊണ്ടു അതിന്റെ നിയമാവലി അംഗീകരിച്ചനുഗ്രഹിച്ചിട്ടുണ്ട്. മതബോധനരംഗത്തിൽ കാലോചിതമായ പരിഷ്കരണം സാധിക്കുന്നതിനു അവിശ്രമം പരിശ്രമിച്ചുപോരുന്ന ഫാദർ മാത്യു നടയ്ക്കൽ അദ്ദേഹത്തിന്റെ പരിചയത്തേയും പരീക്ഷണഫലങ്ങളേയും അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി സജ്ജീകരിച്ചിരിക്കുന്നതെന്നുള്ളതും അതിന്റെ ഒരു നേട്ടമായിക്കരുതാം. പ്രത്യേകിച്ചും തിരുസഭയുടെ ആദർശത്തെ മുറുകെപിടിച്ച്, മതപഠനത്തിന്റെ പ്രധാനലക്ഷ്യം ആത്മസംസ്കരണവും ആദ്ധ്യാത്മികജീവിതവുമാണെന്നുള്ള തത്വത്തെ ജീവിതരംഗങ്ങളിൽ അഭിനിവേശിപ്പിക്കുന്നതിനും ഫലപ്രദമാക്കുന്നതിനും അതിന്റെ പ്രവർത്തനപദ്ധതിയിൽ പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നു എന്നുള്ളതു് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മാത്രമല്ല ഈ പദ്ധതിയുടെ പ്രായോഗികപ്രവർത്തനത്തിനു സഹായകമാകത്തക്കവണ്ണം പഠനവിഷയങ്ങളെ അധികരിച്ച് പണ്ഡിതന്മാരായ എഴുത്തുകാരെക്കൊണ്ടു വിശേഷമായ ചെറുഗ്രന്ഥങ്ങൾ എഴുതിച്ചു "അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി"യായും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. കത്തോലിക്കാ മതപഠനരംഗത്തെ കാര്യമായി പുരോഗമിപ്പിക്കുന്നതിനു ഈ പ്രസ്ഥാനം സഹായകമായിത്തീരുമെന്നു പ്രതീക്ഷിക്കുന്നു. ഇതും ഇതുപോലുള്ള മഹത്പ്രസ്ഥാനങ്ങളും നമ്മുടെ കത്തോലിക്കാജനതയെ പൊതുവെ മതവിജ്ഞാനത്തിൽ പ്രബുദ്ധരും മതജീവിതത്തിൽ പ്രോജ്ജ്വലരുമാക്കിത്തീർക്കുന്നതിനു സഹായിക്കട്ടെ.

### കത്തോലിക്കാ മതതത്വങ്ങളെ പ്രചരിപ്പിക്കണം

ഓരോ ക്രിസ്ത്യാനിയും ഒരു പ്രേഷിതനാണ്. ഒന്നിലധികം കാരണങ്ങളാൽ അവൻ വിശ്വസിക്കുന്ന സത്യൈകമതത്തെ അവന്റെ സഹോദരലക്ഷങ്ങൾക്കുകൂടിയും അറിയിച്ചുകൊടുക്കേണ്ടതു് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത അവന്റെ കടമയാണ്. ദൈവത്തോടുള്ള അവന്റെ കടപ്പാടും, സഹോദരങ്ങളോടുള്ള അവന്റെ സ്നേഹവും, ക്രിസ്തുവിന്റെ പ്രത്യക്ഷമായ ആജ്ഞയും അതിനവനെ പ്രേരിപ്പിക്കുന്നു. ക്രിസ്തുവിനെ പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു കഷ്ടം! എന്നു പ്രഖ്യാപിച്ച അപ്പസ്തോലികതീക്ഷ്ണതയാണ് സദാപി അവനെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കേണ്ടതു്. ആകയാൽ ദൈവസ്നേഹത്തോടും, സഹോദരസ്നേഹത്തോടുംകൂടി സത്യമതത്തിന്റെ ദിവ്യതത്വങ്ങളെ നമ്മുടെ സഹോദരങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നതിൽ ത്യാഗപൂർവ്വം നാം സേവനമനുഷ്ഠിക്കണം. മതതത്വങ്ങളെ സംബന്ധിച്ച വളരെയധികം അബദ്ധാശയങ്ങൾ ലോകത്തെവിടെയും പ്രചരിച്ചുകഴിഞ്ഞിട്ടുണ്ട്. നമ്മുടെ ഭാരതം അക്കൂട്ടത്തിൽ ഒട്ടും പിന്നിലല്ല നിലകൊള്ളുന്നതു്. ഈ അബദ്ധങ്ങളെ സത്യത്തിന്റെ പ്രകാശത്തിൽ മററുള്ളവർക്കു മനസ്സിലാക്കിക്കൊടുക്കുന്നതിനും, ദൈവംതന്നെ മാനവവംശത്തിന്റെ നിത്യസൗഭാഗ്യപ്രാപ്തിക്കായി നൽകിയിട്ടുള്ള സത്യൈകമതത്തിലേക്കു അവരെ വഴികാണിക്കുന്നതിനും ഓരോ കത്തോലിക്കനുമുള്ള കർത്തവ്യത്തെ നാം വിസ്മരിക്കുന്നു എങ്കിൽ അതു അപരിഹാര്യമായ ഒരു കൃത്യവിലോപമായിരിക്കും. ഇക്കാര്യത്തിൽ അതിപ്രധാനമായ ഒരുപാധിയാണ് കത്തോലിക്കാപ്രസിദ്ധീകരണങ്ങളെന്നും, മുദ്രാലയപ്രേഷിതത്വം അനർഘമായ ഈ സേവനത്തിനുവേണ്ടിയുള്ളതാണെന്നും കഴിഞ്ഞ ലക്കങ്ങളിൽ പ്രതിപാദിക്കപ്പെട്ടു കഴിഞ്ഞതുകൊണ്ടു അവയെ ഇവിടെ ആവർത്തിക്കുന്നില്ല. സഹോദരസ്നേഹത്തിൽ അടിയുറച്ച മതപ്രചാരണാസക്തി നമ്മിൽ ഉപര്യുപരി ഉത്തേജകമാക്കിത്തീർക്കുന്നതിനു കത്തോലിക്കാമതപഠനം നമ്മെ സഹായിക്കാതിരിക്കയില്ല. എത്രമാത്രം നമ്മുടെ സത്യമതത്തിന്റെ ദിവ്യതത്വങ്ങളെ നാം കൂടുതലായി ഗ്രഹിക്കുന്നുവോ അതനുസരിച്ച് ആ അനർഘമായ നന്മയെ മററുള്ളവർക്കു പങ്കുവച്ചുകൊടുക്കുന്നതിനുള്ള മഹാമനസ്കതയും നമുക്കുണ്ടാകാതിരിക്കുകയില്ല. "ആകയാൽ നിങ്ങളുടെ പ്രകാശം ജനങ്ങളുടെ ഇടയിൽ പ്രചരിക്കട്ടെ; തന്മൂലം അവർ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ അറിയുകയും ചെയ്യട്ടെ" എന്നതാണല്ലോ ക്രിസ്തുവിന്റെ അഭിലാഷം. പണ്ഡിതനായ ഡോക്ടർ ഷുസ്റ്റർ ഒരേടത്തു പറയുന്നതിപ്രകാരമാണ്:- "വികസിതമാകുന്ന മനസ്സുകളെ ദൈവത്തിന്റെ ചൈതന്യത്തിലേക്കു നയിക്കുക; സ്വർഗ്ഗലോകത്തിന്റെ ആവേശഭരിതവും മധുരമുള്ളതുമായ അഭിനിവേശങ്ങളെ കൈകൊടുത്തു നടത്തുക; നിങ്ങൾ നിങ്ങളുടെ സ്വന്ത അഭിപ്രായങ്ങളല്ല, പ്രത്യുത നിങ്ങളുടെ കഴിവിൽ പെട്ടിടത്തോളം മനുഷ്യവംശത്തിന്റെ അത്യുന്നതമായ പാരമ്പര്യപഠനമാണ് പിൻതലമുറയ്ക്കു പകർന്നുകൊടുക്കുന്നതെന്നു ബോദ്ധ്യമുണ്ടാവുക; വിഭിന്നമായ സംഘർഷങ്ങളിൽ നമ്മുടെ ദിവ്യമായ സംസ്കാരത്തിന്റെ വീരമുന്നോടികളായ ബെനഡിക്ടിനേയും, സെന്റ് തോമസിനേയും, മററനേകം വേദപാരംഗതന്മാരേയുമാണ് നിങ്ങൾ അനുഗമിക്കുന്നതെന്നു ഗ്രഹിക്കുക—ഇവ ലൗകികമായ എല്ലാം അഭിനിവേശങ്ങളേയും അത്യധികം അതിശയിക്കുന്ന ആദർശങ്ങളാണ്. അവ നിങ്ങളെ ആവേശംകൊള്ളിക്കും, നിങ്ങൾക്കു ശക്തിപ്രദാനംചെയ്യും, നിങ്ങളെ വിനയത്തിലേക്കാനയിക്കുകയും ചെയ്യും."

## പ്രസാധകക്കുറിപ്പുകൾ

### ബർമ്മീസ് പ്രധാനമന്ത്രി കത്തോലിക്കാസഭയെപ്പററി

ബർമ്മയിൽ നടന്ന ദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിൽ പേപ്പൽ പ്രതിനിധിയായിരുന്ന അത്യുന്നതകർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനിയെ ബർമ്മീസ് ജനതയുടേയും യൂണിയൻ ഗവർമ്മെണ്ടിന്റേയും പേരിൽ സ്വാഗതം ചെയ്തുകൊണ്ടു ബർമ്മീസ് പ്രധാനമന്ത്രി യൂ നൂ അവർകൾ ചെയ്ത പ്രസംഗത്തിൽ കത്തോലിക്കാസഭയെപ്പററി മുക്തകണ്ഠം പ്രശംസിച്ചു പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞു:- പരിശുദ്ധ മാർപ്പാപ്പായുടെ ദൗത്യം സർവ്വജനങ്ങളോടും വിളംബരം ചെയ്യുന്നതിനാണ് കർദ്ദിനാൾ തിരുമേനി ഇവിടെ സമാഗതനായിരിക്കുന്നതെന്ന വസ്തുത തികച്ചും ചാരിതാർത്ഥ്യജനകമാണ്. മതാനുഷ്ഠാനത്തിനും പ്രാർത്ഥനയ്ക്കും, സമത്വത്തിന്റേയും വിശ്വസാഹോദര്യത്തിന്റേയും സാക്ഷാത്കാരത്തിനും, നീതിയുടേയും സ്നേഹത്തിന്റേയും വിജയത്തിനും വേണ്ടി സർവ്വജനങ്ങളേയും രാജ്യങ്ങളേയും ആഹ്വാനം ചെയ്യുന്നതും സർവ്വലോകത്തിനും ശാന്തി നേരുന്നതുമായ ആ സന്ദേശം അനർഘവും അനവദ്യവുമാണ്. കഴിഞ്ഞ ലോകമഹാസമരത്തെതുടർന്നു ലോകത്തെവിടെയും സദാചാരമാനദണ്ഡങ്ങൾ ദയനീയമാംവണ്ണം അധഃപ്പതിച്ചിരിക്കുന്നു എന്ന വേദനാജനകമായ യാഥാർത്ഥ്യം തിരുമേനിക്കു പൂർണ്ണമായി ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്നതു സംശയരഹിതമത്രേ. അത്ഭുതപൂർവ്വമായ തോതിൽ നാമിന്നു കൈക്കൂലിയുടേയും അഴിമതിയുടേയും ശോഷണം കവർച്ച മദ്യപാനം വ്യഭിചാരം കളവു മുതലായ ഗർഹണീയ കൃത്യങ്ങളുടേയും ഖേദജനകമായ കാഴ്ചയാണ് എവിടെയും ദർശിക്കുന്നതു്. ഇതുകൊണ്ടും മതിയാകാഞ്ഞിട്ടെന്നവണ്ണം ലോകമെങ്ങും മുഴുവനും നൈരാശ്യത്തിന്റേയും വിജനതയുടേയും ഒരു താണ്ഡവരംഗമായി മാറുന്നതിനു അനേകം പേർ അവരുടെ സർവ്വ കഴിവുകളും ഉപയോഗിച്ചു വീറോടെ സമരം ചെയ്തുകൊണ്ടിരിക്കുന്നു. സദാചാരബോധം നിശ്ശേഷം നശിച്ച കലാപകാരികളുടേയും സമസ്തലോകത്തേയും സംഹരിക്കണമെന്ന പൈശാചികചിന്തയിൽ മുഴുകിയിരിക്കുന്ന വിവേകശൂന്യരുടേയും വിളയാട്ടം നടന്നുകൊണ്ടിരിക്കുന്ന ഈ ശോചനസന്ധിയിൽ അവരുടെ സദ്വികാരങ്ങളെ തട്ടിയുണർത്തുന്നതിനുള്ള പ്രേരണകളിൽ മതത്തിനു അദ്വിതീയമായ സ്ഥാനമുണ്ടെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഈ ദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സ് അങ്ങേ മഹനീയമായ നേതൃത്വത്തിൽ ഇവിടെവച്ചു നടക്കുന്നതു തന്മൂലം സർവ്വഥാ സമാദരണീയമായിരിക്കുന്നു. ചരിത്രപ്രാധാന്യമുള്ള ഈ കോൺഗ്രസ്സിന്റെ വിജയത്തിനുവേണ്ടി ബർമ്മീസ് ഗവർമ്മെണ്ടിന്റെ പേരിലും ഈ രാജ്യത്തിലെ എല്ലാം നല്ല പൗരന്മാരുടേയും പേരിലും ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയാണ്. ബർമ്മയിലെ കത്തോലിക്കാസഭയെപ്പററി ഇവിടത്തെ പ്രധാനമന്ത്രി എന്ന നിലയിൽ എന്റെ അറിവിൽപെട്ട

ചില കാര്യങ്ങൾ പ്രസ്താവിച്ചുകൊള്ളട്ടെ. 1 ബർമ്മയിലെ റോമൻ കത്തോലിക്കർ ബർമ്മീസ് യൂണിയനോടും, യൂണിയനിലെ വ്യവസ്ഥാപിതഭരണകൂടത്തോടും കൂറും ഭക്തിയും ഉള്ളവരാകുന്നു; 2 ഇവിടത്തെ കത്തോലിക്കാസഭ പ്രത്യക്ഷമായോ പരോക്ഷമായോ പൊളിററിക്സിൽ തലയിടുന്നില്ല. തികഞ്ഞ ആത്മാർത്ഥതയോടുകൂടി മതപരമായ കാര്യങ്ങളിൽമാത്രം വ്യാപൃതമായിരിക്കുന്നു; 3 പൌരജനങ്ങളെ തമ്മിൽ തമ്മിൽ ഭിന്നിപ്പിക്കുന്ന പ്രവൃത്തനങ്ങളിൽ സഭ ഏർപ്പെടുന്നില്ല; തികഞ്ഞ രാജ്യഭക്തിയോടുകൂടി ദേശീയഭദ്രതയ്ക്കുവേണ്ടി കത്തോലിക്കാവിഭാഗം നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ മൂന്നു തത്വങ്ങളിൽനിന്നു കത്തോലിക്കാസഭ അണുവിട വ്യതിചലിച്ചിട്ടില്ല എന്നു പ്രധാനമന്ത്രിയുടെ ഉത്തരവാദിത്വം ഞാനേറെറടുത്തതുമുതൽ എനിക്കു ബോദ്ധ്യമായിട്ടുണ്ടെന്നുള്ള വസ്തുതയെ ഇവിടെ പ്രഖ്യാപിക്കുന്നതിനു ഞാനാഗ്രഹിക്കുന്നു. യൂണിയൻ ഗവമ്മേണ്ടു തകർച്ചയുടെ വക്കിൽ കാലിടറിനിന്ന അന്ധകാരാവൃതമായ കാലങ്ങളിൽ — പരിതസ്ഥിതികളുടെ കാരുണ്യത്തിനു ഗവമ്മേണ്ടു വിധേയമായി കഴിഞ്ഞിരുന്ന ഭീജനകമായ സന്ധിയിൽ— കത്തോലിക്കർ യൂണിയൻ ഗവമ്മേണ്ടിന്റെ പുറകിൽ അനിതരമായ ദേശീയബോധത്തോടും ധീരമായ ധർമ്മചിന്തയോടുംകൂടി അടിപതറാതെ, മനംമയങ്ങാതെ നിലകൊള്ളുകയാണു് ചെയ്തിട്ടുള്ളതു്. അചഞ്ചലവും ആത്മാർത്ഥവുമായ ഈ നിലപാടു കത്തോലിക്കാസഭയെ ബർമ്മീസ് യൂണിയനിലെ മാതൃകാപരമായ ഒരു ഘടകമാക്കി ഉയർത്തിയിരിക്കുന്നു. സഭയോടുള്ള എന്റെ ഹൃദയംഗമമായ കൃതജ്ഞതയെ പ്രകടിപ്പിക്കുന്നതിനു ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുന്നു. ശാന്തിക്കും ദേശീയഭദ്രതയ്ക്കുംവേണ്ടി മാത്രമല്ല, വിദ്യാഭ്യാസം സാമൂഹികക്ഷേമം മുതലായവയ്ക്കുവേണ്ടിയും കത്തോലിക്കാസഭ നിർവ്വഹിക്കുന്ന പരമോൽകൃഷ്ടമായ സേവനങ്ങളെ വീണ്ടും ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു.

പ്രധാനമന്ത്രിയുടെ ഈ പ്രസ്താവം സഭയും രാഷ്ട്രവും ആത്മാർത്ഥമായ സഹകരണത്തിൽ കഴിഞ്ഞുകൂടുന്ന ഒരു രാജ്യത്തിൽ സംജാതമാകുന്ന അഭിവൃദ്ധിയേയും സാമൂഹികക്ഷേമത്തേയുമാണു് വിശദമാക്കുന്നതു്. ബർമ്മയിൽ മതസഹിഷ്ണുത മാതൃകായോഗ്യമായ വിധത്തിൽ പാലിക്കപ്പെടുന്നതും, അവിടെ എല്ലാ മതങ്ങൾക്കും പരിപൂർണ്ണസ്വാതന്ത്ര്യവും തുല്യാവകാശങ്ങളും നൽകപ്പെട്ടിരിക്കുന്നതും, മതങ്ങളെ നാനാപ്രകാരേണയും ഗവമ്മേണ്ടു പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതുമാണു് ഈ സുസ്ഥിതിയെ സംജാതമാക്കുന്നതിനു കാരണമായിട്ടുള്ളതു്. ആ നയം അഭംഗം തുടരുന്നതാണെന്നും പ്രധാനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അതുകൊണ്ടു താത്വികമായി മതസ്വാതന്ത്ര്യത്തെ അംഗീകരിച്ചു പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുള്ള ഇന്ത്യയിലും ഈ അഭിവൃദ്ധിയും സാമൂഹികസുസ്ഥിതിയും കൈവരുന്നതിനു നമ്മുടെ മഹത്തായ ഭരണഘടനയെ അന്യൂനം പ്രായോഗികമാക്കുന്നതിനു നമുക്കു ഒത്തൊരുമിച്ചു പരിശ്രമിക്കാം.

x x x

**സൗജന്യവിതരണഫണ്ടു്**


വെരി റവ. മോൺ. ടി. കെ. നമ്പ്യാപറമ്പിൽ Rs. 15—0—0

## മതകാര്യങ്ങളിലെ "സ്വകാര്യതീരുമാനം"

പേയ്സ്ലി എന്ന സ്ഥലത്തുവച്ചു് കാത്തലിക്ക് ട്രുത്ത് സൊസൈററിയുടെ ഒരു സമ്മേളനത്തിൽ പ്രസംഗിക്കവേ, എഡിൻബർഗ്ഗ് മെത്രാപ്പോലീത്താ, മതകാര്യങ്ങളിൽ വിധികല്പിക്കുന്നതിനുള്ള തിരുസഭയുടെ അധികാരത്തെ അവഗണിക്കുകയും ആ അധികാരം സ്വയം സ്വീകരിക്കുകയും ചെയ്യുന്ന ഇന്നത്തെ തെററായ മനോഭാവത്തെ സംബന്ധിച്ചു് വിശദമായി പ്രസ്താവിക്കുകയുണ്ടായി. തിരുമേനി ഇപ്രകാരം പറഞ്ഞു:- വേദപ്രമാണങ്ങളുടെ ന്യായയുക്തതയെ ഒരു നിമിഷത്തേക്കുപോലും നാമാരും നിഷേധിക്കുമെന്നു ഞാൻ പറയുന്നില്ല. എന്നാൽ തിരുസഭ, വിഷമകരമായ കാര്യങ്ങളിൽ എന്തെങ്കിലും പ്രസ്താവിക്കുകയോ നിർദ്ദേശിക്കുകയോ ചെയ്യുമ്പോൾ അതിനെ വിമർശിക്കുന്നതിനുള്ള ഒരു മനോഭാവം പുറമേയുള്ളവരിലും ചില കത്തോലിക്കരിൽപോലും കാണുന്നുണ്ടു്. ഉദാഹരണമായി കുടുംബനിയന്ത്രണം സംബന്ധിച്ചു സഭയുടെ പഠനങ്ങളേയോ, വിവാഹമോചനം സംബന്ധിച്ചു അതിന്റെ നിഷ്ഠാപൂർവ്വകമായ നിലപാടിനേയോ സംബന്ധിച്ചുള്ള വിമർശനങ്ങളെ പരിശോധിച്ചാൽ ഇതു വ്യക്തമായി കാണാം. അഥവാ കുട്ടികളെ ഏതു സ്കൂളുകളിലാണയക്കേണ്ടതെന്നു നിർണ്ണയിക്കുവാൻ തിരുസഭയ്ക്കെന്തധികാരം എന്നു ചോദിക്കുന്നവരിൽ ഈ മനോഭാവമാണു് പ്രത്യക്ഷമാകുക. 16-ാം നൂററാണ്ടിൽ സമാരംഭിച്ച "സ്വകാര്യതീരുമാന"സിദ്ധാന്തത്തിന്റെ സംക്രമണമാണിതു്. അതിന്നു കത്തോലിക്കാവിശ്വാസികളിലും നുഴഞ്ഞുകയറുകയാണു്. പ്രോട്ടസ്റ്റന്റു വിപ്ലവത്തെത്തുടർന്നു അനേകായിരം മതവിഭാഗങ്ങൾ ഉണ്ടായിരിക്കുന്നതു് അധികാരത്തിന്റെ അഭാവത്തിനു സാക്ഷ്യമാണു്. ഇന്നും അതുതന്നെ തുടരുന്നു. ഞാനൊരുദാഹരണം പറയാം. ചർച്ച് ഓഫ് സ്കോട്ട്ലണ്ട് മാമ്മോദീസാ എന്ന കൂദാശയെ സംബന്ധിച്ചു് ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനു ഒരു കമ്മീഷൻ നിശ്ചയിച്ചു. മാമ്മോദീസാ നിത്യരക്ഷയ്ക്കു അത്യാവശ്യമായ ഒരു കൂദാശയാണെന്നു നാമെല്ലാം വിശ്വസിക്കുന്നതാണല്ലോ. കമ്മീഷൻ അതേപ്പററി ഒരു ഇടക്കാലറിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്. എങ്കിലും ഈയിടെ "സ്കോട്ട്സ്മാൻ" എന്ന പത്രത്തിൽ ഒരു മാന്യൻ എഴുതിയിരിക്കുന്നു, മാമ്മോദീസായുടെ അർത്ഥത്തെപ്പററി ബുദ്ധിപൂർവ്വകമായ വല്ല നിർദ്ദേശവും നൽകുവാൻ സാധിക്കുമോയെന്നു്. മററൊരു മാന്യൻ ശക്തിയായ ഒരു ആഹ്വാനം നൽകിയിരിക്കുന്നു, മാമ്മോദീസാജലമാണു് ക്രിസ്ത്യാനികളെ ഉണ്ടാക്കുന്നതെന്ന വിശ്വാസം പ്രതിഷേധിക്കപ്പെടണമെന്നു്.

മെത്രാപ്പോലീത്താതിരുമനസ്സിലെ ഈ പ്രസ്താവം വിശദമാക്കുന്നതു് മതകാര്യങ്ങളിൽ പൊതുജനത ദൈവികമായ അധികാരത്തെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണു്. മതതത്വങ്ങൾ വിവേചനാപൂർവ്വകമായ പഠനത്തിനു വിഷയമാകണം. എന്നാൽ വ്യക്തികളുടെ മനോഭാവമനുസരിച്ചുള്ള വ്യാഖ്യാനത്തിനു അവിടെ സ്ഥാനമില്ല. മതവിശ്വാസത്തെ സംബന്ധിച്ചു് 16-ാം നൂററാണ്ടിലെ പ്രോട്ടസ്റ്റന്റുവിപ്ലവംമുതൽ നിലവിലുള്ള ഒരു വിപത്താണു് സ്വകാര്യതീരുമാനങ്ങൾക്കു സഭാപഠനങ്ങളെ വിധേയമാക്കുക എന്നുള്ള മനോഭാവം. കത്തോലിക്കാസഭ, അതിന്റെ സ്ഥാപകനായ ക്രിസ്തുവിൽനിന്നു ലഭിച്ചിട്ടുള്ള ദിവ്യാധികാരത്തെ അവലംബമാക്കി ഈ വ്യതിയാനത്തെ നിഷ്കൃഷ്ടമായി എതിർത്തുകൊണ്ടിരിക്കുകയാണു്. ഈ ദിവ്യാധികാരത്തിൽനിന്നു വ്യതിചലിച്ച സഭാവിഭാഗങ്ങൾക്കു ആ അധികാരകേന്ദ്രത്തിന്റെ അഭാവത്തിൽ ദയനീയമായ നിസ്സഹായസ്ഥിതിയാണുള്ളതു്. സഭാംഗങ്ങൾ സ്വന്തം മനോഭാവത്തേയും വികാരാവേശങ്ങളേയും ആധാരമാക്കി സഭാതത്വങ്ങൾക്കു വ്യാഖ്യാനങ്ങൾ നൽകുകയും സഭ ഛിന്നഭിന്നമായി പരിണമിച്ചുകൊണ്ടിരിക്കുകയുംചെയ്യുന്നു. കത്തോലിക്കാസഭയിൽ ഇതിനു സ്ഥാനമില്ലെന്നുള്ള വസ്തുതയെ സഭാംഗങ്ങൾ മനസ്സിലാക്കി അനുസരണയോടും വിധേയത്വത്തോടുംകൂടി വർത്തിക്കുകയും, പുറമേയുള്ളവർ തിരുസഭയുടെ ഈ നിലപാടിലുള്ള യുക്തിയുക്തതയും സഭാതലവനായ ക്രിസ്തുവിന്റെ സ്ഥാപനോദ്ദേശ്യവും മനസ്സിലാക്കുകയും ചെയ്യേണ്ടതാണു്.

## നിര്യാതനായി



ബ: പുത്തരിക്കൽ മത്തായിയച്ചൻ

എറണാകുളം മെത്രാപ്പോലീത്തൻപള്ളി ഇടവക പുത്തരിക്കൽ ബ: മത്തായിയച്ചൻ 72-ാമത്തെ വയസ്സിൽ, അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ഫെ: 17-ാംനു- വെളുപ്പിനു 4-30 നു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. വാർദ്ധക്യസഹജമായ ക്ഷീണത്തോടുകൂടി ഹൃദ്രോഗവും പിടിപെട്ടിരുന്ന ഇദ്ദേഹം കഴിഞ്ഞ ഒരു മാസമായി ഇവിടെ ധർമ്മഗിരി ആസ്പത്രിയിൽ ചികിത്സയിലിരിക്കുകയായിരുന്നു. പാവനചരിതനായിരുന്ന ഈ വന്ദ്യവൈദികൻ വളരെ നേരത്തെതന്നെ മരണത്തിനു് ഒരുങ്ങിയിരുന്നതിനാൽ, തീവ്രമായ വേദനകൾക്കിടയിലും പുഞ്ചിരിതൂകിക്കൊണ്ടു് മരണത്തെ സമാശ്ലേഷിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചു.

രാവിലെ 8 മണിക്കു മൃതശരീരം ആസ്പത്രിയിൽനിന്നു മെത്രാപ്പോലീത്തൻപള്ളിയിൽ കൊണ്ടുവരികയും, പരേതന്റെ ആത്മാനുകൂലാർത്ഥം റാസ മുതലായ തിരുകർമ്മങ്ങൾ നടത്തുകയുംചെയ്തു. എറണാകുളം അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു് പല ബ: വൈദികരുടെ സഹകരണത്തോടുകൂടി ഒപ്പീസു നടത്തി. വൈകുന്നേരം 4-30 നു് വെരി റവ. മോൺ: കുര്യാക്കോസ് നമ്പ്യാപറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും 30-ൽപ്പരം വൈദികരുടെ സഹകരണത്തിലും ഒപ്പീസ് മുതലായ തിരുകർമ്മങ്ങൾ നടത്തുകയും നഗരികാണിക്കൽ ചടങ്ങു് നിർവ്വഹിക്കുകയുംചെയ്തു. റവ. ഫാദർ ജോസഫ് വിതയത്തിൽ പരേതന്റെ അപദാനങ്ങളേയും സേവനങ്ങളേയും അനുസ്മരിച്ചു് ചരമപ്രഭാഷണം നടത്തി. അനന്തരം അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കാ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരകർമ്മങ്ങൾ തുടരുകയും, മെത്രാപ്പോലീത്തൻ പള്ളിക്കുള്ളിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന കല്ലറയിൽ ശവസംസ്കാരം നടത്തുകയുംചെയ്തു.

പരേതനായ ഈ വന്ദ്യപുരുഷൻ 1884-ൽ പുത്തരിക്കൽ കുടുംബത്തിൽ ഭൂജാതനായി. 1908-ൽ വൈദികപട്ടം സ്വീകരിച്ചു. കുറച്ചുനാൾ പുത്തൻപള്ളി പള്ളിവികാരിയായി ജോലിനോക്കി. തുടർന്നു പത്തുകൊല്ലത്തേക്കു് സെന്റു് ജോസഫ്സ് അപ്പസ്തോലിക്കു് സെമ്മിനാരിയിൽ സുറിയാനിഭാഷാ പ്രൊഫസറായിരുന്നു. അതേത്തുടർന്നു തോട്ടകം, ആലുവാ, മേലൂർ, ആലങ്ങാട്ടു്, കറുകുററി, വല്ലം, ചേരാനല്ലൂർ, മററൂർ, കുത്ത്യതോട്ടു്, എഴുപുന്ന, കല്ലൂർക്കാട്ടു്, കാഞ്ഞൂർ, തൃപ്പൂണിത്തുറ മുതലായ ഇടവകകളിൽ വികാരിയായി ജോലിനോക്കി. ഒരു ദശാബ്ദത്തിനുമുൻപു് വികാരിതാജോലികളിൽനിന്നെല്ലാം ഒഴിഞ്ഞു് അദ്ദേഹം ചെങ്ങൽമഠത്തിന്റെ കപ്ലോനായി വളരെനാൾ സേവനമനുഷ്ഠിച്ചു. പിന്നീടു് താന്നിപ്പുഴ, പെരുമാനൂർ, എറണാകുളം, എടപ്പള്ളി എന്നീ ഇടവകകളിൽ സേവനമനുഷ്ഠിച്ചിരുന്നു. ഒടുവിൽ എടപ്പള്ളി ഫൊറോനാപ്പള്ളിയിൽ സഹായിയായി ജോലിനോക്കിക്കൊണ്ടിരിക്കവേയാണു് അദ്ദേഹം രോഗഗ്രസ്തനായതു്. വളരെ വിനീതനും സമാധാനതല്പരനുമായിരുന്ന ഇദ്ദേഹം എല്ലാവർക്കും ഒരു മാതൃകയായിരുന്നു. ഈ വൈദികശ്രേഷ്ഠന്റെ നിര്യാണത്തിൽ അനുശോചിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്യുന്നു. R. I. P.

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

23 വ്യാ: വി. പത്രോസ് ദമിയാനോസ്
24 വെ: വി. മത്തായിശ്ലീഹാ
25 ശ: വി. പപ്പിയാസ്
26 ഞാ: നോമ്പ് 2-ാം ഞായർ
27 തി: വി. പവുസ്തിനോസും യോബീത്താസും
28 ചൊ: വി. ഓസ്വാൾഡ്
29 ബു: വി. റോമാനൂസ്

## കൈപ്പററി

പാലാ സെൻട്രൽബാങ്ക്, ലിമിറഡ് വകയും എറണാകുളം ഐ. എസ്. പ്രസ്സ് വകയും കാളൻ നെല്ലായി വകയും മനോഹരമായ ആർട്ട് കലണ്ടറുകൾ കൈപ്പററി നന്ദി പറഞ്ഞുകൊള്ളുന്നു.

ആദ്ധ്യാത്മികവീഥി

## മറുപടിക്കത്ത്

ദൈവത്തിന്റെ വത്സലമക്കളേ,

ഒരു കുട്ടി എനിക്കു അയച്ചിരുന്ന ഒരു കത്തിലെ ഉള്ളടക്കവും അതിന്റെ മറുപടിയും താഴെ ചേർക്കുന്നു. കുറേ നാളത്തേക്കു ഞാൻ സ്ഥലത്തില്ലാതിരുന്നതിനാൽ വളരെ താമസിച്ചുമാത്രമാണു കത്തു കിട്ടിയതു്. അങ്ങനെ മറുപടി താമസിക്കാനിടയായതു ക്ഷമിക്കുമെന്നു പ്രതീക്ഷിക്കുന്നു.

"പ്രിയ പിതാവേ,

ഞാൻ കുമ്പസാരിച്ചിട്ടു വർഷങ്ങൾ ഏട്ടുകഴിഞ്ഞു. ഇത്രയുംനാൾ ഒരു മഹാപാപിയായി കഴിഞ്ഞുകൂടി. ഇപ്പോൾ ഞാൻ മിഷൻലീഗിലും സൊഡാലിററിയിലും ചേന്നു് അതിന്റെ കടമകൾ നിർവ്വഹിച്ചുപോരുന്നു. എന്നാൽ ഒരു നല്ല കുമ്പസാരം കഴിക്കുവാൻ നല്ല മനസ്സ് എനിക്കുണ്ടാകുന്നില്ല. ഞാൻ ഒരിക്കൽ കുമ്പസാരിക്കാൻ ചെന്നപ്പോൾ അച്ചൻ എന്നെ വഴക്കുപറഞ്ഞു. എന്തിനാണെന്നു് എനിക്കറിഞ്ഞുകൂടാ. അതിൽ പിന്നെ ഇന്നുവരെ ഞാൻ കുമ്പസാരിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ എനിക്കൊന്നു കുമ്പസാരിക്കണം, ഒരു നല്ല ജീവിതം കഴിക്കണം എന്നെല്ലാം തോന്നുന്നുണ്ടു്. എന്നാൽ ഒരു വൈദികന്റെ അടുക്കൽ എന്റെ പാപങ്ങൾ എല്ലാം പറയുന്നതിനു എനിക്കു ശക്തിയില്ല. അതിനുള്ള ധൈര്യം വരുന്നില്ല. അതുകൊണ്ടാണു ഞാൻ പിതാവിനെഴുതുന്നതു്. ഇതിന്റെ മറുപടി സത്യദീപംവഴി കിട്ടുമെന്നു് പ്രതീക്ഷിക്കുന്നു."

ഇനി കുമ്പസാരത്തിൽ പറയാനുള്ള പാപങ്ങളെല്ലാം (തരവും എണ്ണവുമെല്ലാം തിരിച്ചു) വിശദമായി ചേർത്തതിനുശേഷം ഇവിടെയിരുന്നുകൊണ്ടുതന്നെ ഞാൻ പാപമോചനം നൽകി സത്യദീപംവഴി പ്രായശ്ചിത്തവും അറിയിക്കണമെന്നാണു് ആ കുഞ്ഞു ആവശ്യപ്പെട്ടിരിക്കുന്നതു്. മേലിൽ നന്നായി ജീവിച്ചുകൊള്ളാമെന്നും ദൈവസ്തുതിക്കും ആത്മാവുകളുടെ രക്ഷയ്ക്കുംവേണ്ടി പാടുള്ളതെല്ലാം ചെയ്തുകൊള്ളാമെന്നും ദൃഢപ്രതിജ്ഞയും ചെയ്യുന്നുണ്ടു്.

### മറുപടി

"എന്റെ ഏററവും പ്രിയ കുട്ടി,

കുഞ്ഞിന്റെ നന്മനസ്സിനെ ഞാൻ അഭിനന്ദിക്കുകയും ഇപ്പോൾ ഇങ്ങനെയൊരു നല്ല ആഗ്രഹം തന്ന ദൈവത്തിനു സ്തോത്രം ചെയ്യുകയുംചെയ്യുന്നു. കുഞ്ഞിന്റെ ആഗ്രഹാനുസരണം ഇവിടെനിന്നുതന്നെ പ്രായശ്ചിത്തം കല്പിച്ചു ദോഷം പോക്കുവാൻ വല്ല നിവൃത്തിയുമുണ്ടായിരുന്നെങ്കിൽ വളരെ സന്തോഷത്തോടെ ഞാൻ അതു ചെയ്യുമായിരുന്നു. എന്നാൽ അകലെയിരുന്നുകൊണ്ടു കുമ്പസാരിപ്പിക്കുവാൻ തിരുസഭ അനുവദിക്കുന്നില്ല. മെത്രാന്മാർക്കുപോലും അതിനു് അധികാരമില്ല. അതിനാൽ കുഞ്ഞിന്റെ പ്ലാനനുസരിച്ചു കുമ്പസാരിക്കുക സാദ്ധ്യമല്ല.

"ഞാൻ വേറൊരു മാർഗ്ഗം പറഞ്ഞുതരാം. ഒരച്ചൻ ഒരിക്കൽ എന്തെങ്കിലും കാരണവശാൽ കോപിച്ചുപോയി എന്നു വിചാരിച്ചു എപ്പോഴും കോപിക്കുമെന്നു കരുതുന്നതു ശരിയാണോ? ഒരിക്കലും അങ്ങിനെ ചെയ്കയില്ല, മനഃപൂർവ്വമായിട്ടു്. ഇനിയും, പരിചയമുള്ള അച്ചന്മാരോടു കുമ്പസാരിക്കാൻ ഈ പരിതസ്ഥിതിയിൽ കുഞ്ഞിനു മടിയാണെങ്കിൽ പരിചയമില്ലാത്ത ആരോടെങ്കിലും കുമ്പസാരിക്കാം. അടുത്തു കൊവേന്തയുണ്ടെങ്കിൽ അവിടെയോ അല്ലെങ്കിൽ പള്ളിയിൽതന്നെ പുറമേനിന്നു അച്ചന്മാരാരെങ്കിലും വരുമ്പോഴോ സൗകര്യമായി കുമ്പസാരിക്കാവുന്നതാണു്. ഏതെങ്കിലും അച്ചനോടു് ഒന്നു കുമ്പസാരിക്കണമെന്നു പറഞ്ഞാൽ അദ്ദേഹം സസ്നേഹം അ—

വി. യൂദാ തദ്ദേവൂസിന്റെ മാദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

വിശുദ്ധന്റെ ഒരു ഭക്ത,
വെങ്ങപ്പള്ളി, വയനാട്ട്

ളു സാധിച്ചതരും. അച്ചൻ കുഞ്ഞിൻെറ ഊരും പേരും ഒന്നും ചോദിക്കയില്ല. ചോദിച്ചാൽതന്നെയും അറിയിക്കാൻ ആവശ്യമില്ല. കുമ്പസ്സാരം പരമരഹസ്യമായ കാര്യമല്ലേ. ഇനിയും ഇപ്പോഴത്തെ സാഹചര്യങ്ങളിൽ പാപം എല്ലാം പറയുന്നതിനു വിഷമമാണെങ്കിൽ അവ എഴുതിയിട്ടുള്ള കടലാസ്സ് കുമ്പസ്സാരിപ്പിക്കുന്ന അച്ചൻെറ കൈയിൽ കൊടുത്തിട്ട് വായിച്ചുനോക്കി പ്രായശ്ചിത്തം കല്പിച്ചു ദോഷം പോക്കാൻ അപേക്ഷിക്കാം.

ആ കുമ്പസ്സാരം കഴിഞ്ഞാൽ പിന്നെ ആരോടെങ്കിലും ആഴ്ചതോറും കുമ്പസാരിക്കാൻ വിഷമമില്ലായിരിക്കുമല്ലോ. ഇടയ്ക്കു ഒരു സംഗതി പറഞ്ഞുകൊള്ളട്ടെ. ഇപ്പോൾ സെഡോലിറ്റിയിലും മിഷൻലീഗിലും ചേർന്നു അവയുടെ കടമ നിർവ്വഹിക്കുന്നുണ്ടെന്നല്ലേ എഴുതിയിരിക്കുന്നതു്. അടക്കലടക്കൽ വിശുദ്ധ കൂദാശകൾ സ്വീകരിച്ചു സ്വയം വിശുദ്ധീകരിക്കുകയെന്നുള്ളതാണ് ഭക്തസഖ്യങ്ങളുടെ ഏറ്റവും പ്രധാന കടമയെന്നുള്ളതു് ഒരിക്കലും മറക്കരുതു്. കുഞ്ഞിൻെറ പേർക്കു ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ടു്.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

—o—

(5-ാംപേജ് തുടർച്ച)

## ഇടവകവാർത്തകൾ


**അങ്കമാലി:** സ്ഥലം വിൻസെൻഷ്യൻ പൊറിസെമ്മിനാരി സാഹിത്യസമാജത്തിൻെറ വാർഷികം ഫെബ്രുവരി 12-ാം തീയതി വൈകുന്നേരം റവ. ഫാദർ ജോസഫ് മാവുങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. യോഗത്തിൽ മി. മാത്യു ഉലകംതറ ബി. ഏ, ബ്രദർ വറുതിസ് കാഞ്ഞിരക്കാട്ട്, ബ്രദർ വറുതിസ് മുഴുത്തേററ് എന്നിവർ പ്രസംഗിച്ചു. സെമ്മിനാരിവിദ്യാർത്ഥികളുടെ വിവിധ കലാപ്രകടനങ്ങൾ യോഗത്തെ മോടിപിടിപ്പിച്ചു. വിവിധമത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനദാനവുമുണ്ടായിരുന്നു.

**പാവർട്ടി:** സ്ഥലത്തെ വിൻസെൻഷ്യൻ ആശുപത്രിയുടെ ധനശേഖരത്തിനായി മി. ജോസഫ് കൈമാപറമ്പൻ വിശുദ്ധ സ്ഥാപകയോഹന്നാൻെറ ശിരച്ഛേദം എന്ന കഥയെ ആസ്പദമാക്കി ഇംഗ്ലീഷ് ഹൈസ്കൂളങ്കണത്തിൽവച്ചു ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു. പള്ളിവികാരിയാണു് കാഥികനെ പരിചയപ്പെടുത്തിക്കൊണ്ടു് സ്വാഗതപ്രസംഗം നിർവ്വഹിച്ചതു്.

**ഒററപ്പാലം:** സ്ഥലത്തെ മഠത്തോടനുബന്ധിച്ചു നടത്തിവരുന്ന ഗേൾസ് ഇംഗ്ലീഷ് ഹൈസ്കൂളിൻെറ പുതിയ കെട്ടിടങ്ങളുടെ പണപ്പിരിവിനുവേണ്ടി മി. കൈമാപറമ്പൻ സ്കൂളിൻെറ പുരോഭാഗത്തു സജ്ജീകരിച്ചിരുന്ന പന്തലിൽവച്ചു് ഹൃദ്യമായ ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

## പൗരോഹിത്യരജതജൂബിലി

വെരി റവ. മോൺ: ജോർജ്ജ് കന്നൂമ്പാമ്പിൽ അവർകളുടെ പൗരോഹിത്യരജതജൂബിലി ഫെബ്രു: 11-ാംനു ശനിയാഴ്ച മംഗളമായി ആഘോഷിച്ചിരിക്കുന്നു. കാലത്തു 8-30നു് ഫോർട്ടുകൊച്ചി കത്തീഡ്രലിൽ ജൂബിലേറിയൻ ആഘോഷമായ ദിവ്യബലിയർപ്പിച്ചു. വെരിറവ. മോൺ: ജോസഫ് കൊറായ പൗരോഹിത്യമാഹാത്മ്യത്തെ അധികരിച്ചു പ്രസംഗിച്ചു. തുടന്നു ദിവ്യകാരുണ്യാശീർവ്വാദവും



"തെദേവും" എന്ന കീർത്തനാലാപവും നടന്നു. ജൂബിലേറിയൻ മാനേജരായിരിക്കുന്ന സാൻക്രൂസ് ഹൈസ്കൂളായിരുന്നു ഇതര ആഘോഷങ്ങളുടെ രംഗം. അദ്ധ്യാപകരും ആയിരത്തിൽപ്പരം വരുന്ന അദ്ധ്യേതാക്കളും ഛായസല്ക്കാരത്തിൽ പങ്കെടുത്തു. ഉച്ചസ്കൂൾഹാളിൽ നടത്തപ്പെട്ട സദ്യയിൽ നിരവധി വൈദികർ സംബന്ധിച്ചിരുന്നു. കൊച്ചിരൂപതയുടെ വികാരിജനറാൾ മോൺ: ഫിഗരേദോയും റവ. ഫാദർ പീററർ വടശ്ശേരിയും തദവസരത്തിൽ ജൂബിലേറിയനെ അനുമോദിച്ചു പ്രസംഗിക്കുകയും ജൂബിലേറിയൻ സമുചിതമായ മറുപടി പറയുകയുംചെയ്തു. ജൂബിലി ആഘോഷക്കമ്മററിക്കുവേണ്ടി മി. കെ. കെ. ജേക്കബ് ബി. എ. എൽ. ടി. കൃതജ്ഞത രേഖപ്പെടുത്തി. വൈകുന്നേരം 5 മണിക്ക് മനോഹരമായി അലങ്കരിച്ച സ്കൂളങ്കണത്തിൽ അനുമോദനയോഗം ചേർന്നു. ജസ്റ്റിസ് ജോസഫ് വിതയത്തിൽ അദ്ധ്യക്ഷതവഹിച്ചു. അദ്ധ്യക്ഷപ്രസംഗത്തെ തുടന്നു "ജൂബിലി മെമ്മോറിയൽ ഫണ്ടി"ൻെറ ഉൽഘാടനവും അദ്ധ്യക്ഷൻ നിർവ്വഹിച്ചു. റവ. ഫാദർ സേവ്യർ കണിയാമ്പുറം എം. എ. പ്രസംഗിച്ചു. മംഗളപത്രസമർപ്പണത്തിനും ഇതര കലാപരിപാടികൾക്കും കൃതജ്ഞതാപ്രകടനത്തിനുംശേഷം യോഗം പര്യവസാനിച്ചു. ജൂബിലേറിയനോടു് ആ മഹാസ്ഥാപനത്തിലെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കുമുള്ള മതിപ്പും ബഹുമാനവും സ്നേഹവും ഓരോ ചടങ്ങുകളിലും പ്രകടമായിരുന്നു.

**കെല്ലൂർ:** കെല്ലൂർ വി. സെബസ്ത്യാനോസിൻെറ പള്ളിയിൽ വിശുദ്ധൻെറ തിരുനാൾ ഇക്കൊല്ലം പതിവുപോലെ ആഘോഷമായി നടന്നിരിക്കുന്നു. തലേദിവസം പ്രദക്ഷിണവും, തിരുനാൾ ദിവസം ആഘോഷമായ പാട്ടുകുർബാന, വാഴ്വ് മുതലായവയും നടന്നു. റവ ഫാദർ തോമസ് കരിങ്ങട്ടിലായിരുന്നു കാർമ്മികൻ. പ്രസംഗം റവ ലൂക്ക് മനയത്തറ നിർവ്വഹിച്ചു.

**തൈക്കാട്ടുശേരി:** പരേതനായ ചക്കാലയിൽ ബ: സക്കറിയാസച്ചൻെറ ഒന്നാംചരമവാർഷികം പ്രമാണിച്ചു് ഈ മാസം 7-ാംനു രാവിലെ തൈക്കാട്ടുശേരി പള്ളിയിൽ റാസ, കുർബാന




# വിവിധവൃത്താന്തങ്ങൾ

## റഷ്യൻസൈന്യം അശുദ്ധമാക്കിയ ദേവാലയം പുനരുദ്ധരിക്കുന്നു

ഹെൽസിങ്കിക്കടുത്തു കിർക്കോനുമ്മിലുള്ള ചരിത്രപ്രസിദ്ധമായ St. മൈക്കൾ ദേവാലയം അവിടം കൈവശപ്പെടുത്തിയ റഷ്യൻ പട്ടാളക്കാർ ഒരു സൈനികകോട്ടയായി രൂപാന്തരപ്പെടുത്തി. യിരുന്നു ഉദ്ദേശം 1400-ാമാണ്ടിലാണു പണികഴിച്ചതാണു് ഈ പുരാതനദേവാലയം. 1944 വരെ അതു ലൂതാൻകാരുടെ ഉപയോഗത്തിലായിരുന്നു. ഇപ്പോൾ കമ്മ്യൂണിസ്റ്റുകൾ ഫിൻലണ്ടിൻെറ പ്രസ്തുതഭാഗത്തുനിന്നു പിൻമാറുന്നതിനു നിർബ്ബന്ധിതരായിത്തീർന്നിരിക്കുകയാണു്. അതുകൊണ്ടു അവിടേക്കു മടങ്ങിവരുന്ന ഫിന്നിഷ് സൈനികർ അവിടത്തെ സിമിററിയിൽനിന്നു കമ്മ്യൂണിസ്റ്റുകൾ പിഴുതുകളഞ്ഞ മാർബിൾ കുരിശുകൾ അവരുടെ സ്നേഹിതന്മാരുടെ കുഴിമാടങ്ങളിൽ പുനഃപ്രതിഷ്ഠിക്കുകയാണു്, ഫിൻലണ്ടിലെ സോവ്യററു അമ്പാസിഡർ പ്രസ്താവിക്കുന്നതു്, ഈ കൃത്യങ്ങളെല്ലാം സോവ്യററുകേന്ദ്രത്തിലെ അറിവോ അനുമതിയോ കൂടാതെ ചെയ്തതാണെങ്കിലും വിശുദ്ധ വസ്തുക്കളുടെ പുനരുദ്ധാരണത്തിനുവേണ്ടി വരുന്ന ചിലവുകൾ റഷ്യ വഹിക്കുന്നതായിരിക്കും എന്നാണു്.

ഒപ്പീസ് മുതലായ തിരുകർമ്മങ്ങൾ നടത്തപ്പെട്ടു. തദനന്തരം ടി പള്ളിവികാരി റവ ഫാദർ ജോസഫ് പഞ്ഞിക്കാരൻ അവർകളുടെ അദ്ധ്യക്ഷതയിൽ പള്ളിമേടയിൽ ഒരു യോഗം ചേരുകയും ഇടവകക്കാരുടെ വകയായി സ്വർഗ്ഗീയപുരുഷൻെറ ഒരു ഛായാപടം മണ്ണാറയിൽ ബ: ശിവറുഗീസച്ചൻ ഒരു പ്രസംഗത്തോടുകൂടി അനാച്ഛാദനം ചെയ്യുകയുമുണ്ടായി. 25 കൊല്ലത്തിൽപ്പരംകാലം പരേതൻ ഈ പള്ളിയിൽ വികാരിയായിരുന്നു ഭരണം നടത്തുകയും, ഭരണം ഒഴിഞ്ഞതിനുശേഷം ഇവിടെത്തന്നെ 15 കൊല്ലക്കാലം സ്ഥിരമായി താമസിക്കുകയും, അവസാനം മരിച്ചു് ഈ പള്ളിയിൽത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തുവെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവയോഗ്യമാണു്.

## ചരമവാർത്തകൾ

**കണിഞ്ഞി:** ഈ ഇടവക പഴേമ്പാറയിൽ മത്തായി ഭാര്യ മേനിക്ക ഫെബ്രുവരി 11-ാം തീയതി രാവിലെ 75-ാമത്തെ വയസ്സിൽ നിര്യാതയായി. ശവസംസ്കാരം പിറേറന്നു ഞായറാഴ്ച പതിനൊന്നുമണിക്ക് വികാരി റവ ഫാദർ മാത്യു കല്ലുങ്കൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ സ്ഥലം പള്ളി സിമിത്തേരിയിൽ യഥാവിധി നിർവഹിക്കപ്പെട്ടു.

**പെരുങ്ങുഴ:** അരണിക്കാട്ട് വക്കി വക്കി അവർകൾ ഫെ: 12-ാംനു 75-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ശവസംസ്കാരം റൈററ് റവ മോൺ: മാത്യു പോത്തനാമൂഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ പെരുങ്ങുഴപ്പള്ളി സിമിററിയിൽ യഥാവിധി നടത്തപ്പെട്ടു.

**ചെല്ലാനം:** സ്ഥലത്തെ അറയ്ക്കൽ കുടുംബാംഗമായ ശ്രീ മിഖായേൽ ജോസഫ് തൻെറ 65-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം വെരി റവ ഫാദർ ജയിക്കബ് കണ്ണങ്കേരിയുടെ പ്രധാനകാർമ്മികത്വത്തിൽ പല ബ: വൈദികരുടെ സഹകരണത്തിൽ ദശനസമൂഹങ്ങളുടെ അകമ്പടിയോടുകൂടി യഥാവിധി സ്ഥലം സെൻറ് സെബാസ്റ്റ്യൻ പള്ളിസിമിത്തേരിയിൽ നിർവ്വഹിക്കപ്പെട്ടു.

R. I. P.

## കൃതജ്ഞത


ബ: അൽഫോൻസാമ്മയുടെ സഹായത്താൽ ഇഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Mrs. Thressiama Joseph

## വത്തിക്കാൻ പ്രക്ഷേപണങ്ങൾ

### റഷ്യ "ജാം" ചെയ്യുന്നു

വത്തിക്കാൻ പ്രക്ഷേപണങ്ങൾ "ജാം" ചെയ്യുന്നതിനുള്ള റഷ്യയുടെ സാഹസികയത്നങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നുണ്ടു്. കഴിഞ്ഞ വേനൽക്കാലത്തു നടന്ന വിദേശമിഷനറിമാരുടെ കോൺഫറൻസിൽ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിൻെറ ഈ നയത്തെപ്പററി ബ്രിട്ടിഷ് ഡലഗേഷൻ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. നിയമവിരുദ്ധമായ ഈ നടപടി റഷ്യ തുടർന്നു പോരികയാണെങ്കിലും അതു സഫലമാകുന്നില്ല. 1955ലെ വത്തിക്കാൻ റേഡിയോ റിപ്പോർട്ടിൽ ഇതേപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. "ഇപ്രകാരമെല്ലാം റഷ്യപരിശ്രമിക്കുന്നുണ്ടെങ്കിലും റഷ്യയിലെ വിശ്വാസികളും പ്രത്യേകിച്ചു വൈദികരും വത്തിക്കാൻ സന്ദേശങ്ങൾ ശ്രവിച്ചുപോരുന്നു എന്നു സൂക്ഷ്മമായി അറിയുന്നു. കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെ വിശ്വാസികൾക്കു മതപരമായ അറിവു ലഭിക്കുന്നതിനുള്ള ഏകമാർഗ്ഗം വത്തിക്കാനിൽ നിന്നുള്ള പ്രക്ഷേപണങ്ങളാണു്" എന്നു റിപ്പോർട്ടിൽ എടുത്തു പറഞ്ഞിട്ടുണ്ടു്. കഴിഞ്ഞ കൊല്ലത്തിൽ വത്തിക്കാൻ റേഡിയോ 28 ഭാഷകളിൽ 12,438 പരിപാടികൾ പ്രക്ഷേപണം ചെയ്യുകയുണ്ടായി.



ആത്മകഥാകഥനം

# അങ്ങിനെ ഞാനും കത്തോലിക്കനായി

(കെ. വറുഗീസ്, തിരുവല്ല)

1953 നവമ്പർ 20-ാം തീയതി, എൻെറ ജീവിതഗ്രന്ഥത്തിൽ സുവർണ്ണലിപികളാൽ ഉല്ലേഖനം ചെയ്യപ്പെടേണ്ട ഒരു സുദിനമാണു്. അന്നാണു് ഞാൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതു്. അന്നാണു് ഞാൻ ദൈവസ്ഥാപിതമായ സഭയിലെ ഒരംഗമായിത്തീർന്നതു്. അതെ, അന്നുമുതലാണു് ഞാൻ തിരുസ്സഭാംബികയുടെ അനേകമനേകം നറുംചുംബനങ്ങളേററു് അവിടുത്തെ പാവനമായ മടിത്തട്ടിലിരുന്നു് ആനന്ദമനുഭവിക്കുവാൻ തുടങ്ങിയതു്.

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു് എന്നെ പ്രേരിപ്പിച്ച സംഭവങ്ങളെ ചുരുക്കമായി വിവരിക്കുന്നതു് ഇതര യാക്കോബായസഹോദരങ്ങൾക്കും ഉപകാരപ്രദമാകാതിരിക്കയില്ലായെന്ന വിചാരമാണു്, ഒരു സാഹിത്യകാരനല്ലാത്ത എനിക്കു് ഇതു കുത്തിക്കുറിക്കുന്നതിനു് പ്രേരണനൽകിയതു്. എനിക്കു തരണംചെയ്യേണ്ടിവന്ന വൈഷമ്യങ്ങളെത്തന്നെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മററു യാക്കോബായയുവാക്കന്മാരും ധാരാളമുള്ളതായിട്ടെനിക്കറിയാം. അവർക്കും എത്രയുംവേഗം തങ്ങളുടെ തെററുകളെ ഗ്രഹിക്കുന്നതിനും, സത്യസഭയിലേക്കു് പിന്തിരിഞ്ഞു വരുന്നതിനുമുള്ള ഭാഗധേയം സർവ്വശക്തനായ ദൈവം പ്രദാനംചെയ്യട്ടെ.

യാക്കോബായസഭയാണു് സാക്ഷാൽ ദൈവസ്ഥാപിതസഭയെന്നും, ഇതരസഭകളൊന്നും ക്രിസ്തുനാഥനാൽ സ്ഥാപിക്കപ്പെട്ടതല്ലെന്നും എൻെറ മാതാപിതാക്കന്മാരും, സഹോദരീസഹോദരങ്ങളും ബാല്യകാലത്തു് എന്നെ പഠിപ്പിച്ചിരുന്നു. കത്തോലിക്കാസഭയിൽ ഉള്ളതും, ഇല്ലാത്തതുമായ ദൂഷ്യങ്ങളെ പൊടിപ്പും തൊങ്ങലുംവച്ചു് വർണ്ണിച്ചുകേൾപ്പിക്കുന്നതിൽ എൻെറ ഒരു സഹോദരനു് പ്രത്യേക ചാതുര്യമുണ്ടായിരുന്നു. ഇങ്ങനെ ഒരു സത്യസഭയിലെ— യാക്കോബായസഭയിലെ — അംഗമായി ലോകത്തിൽ ജാതനാകുവാൻ ഭാഗ്യംസിദ്ധിച്ചതിൽ എനിക്കന്നു അഭിമാനംതോന്നിയിരുന്നു. സ്കൂളുകളിലും മററു സ്ഥലങ്ങളിലുംവച്ചു് കത്തോലിക്കാബാലികാബാലന്മാരെ കാണുമ്പോൾ അവരുടെ നിർഭാഗ്യസ്ഥിതിയോർത്തു് അവരോടു ചിലപ്പോൾ സഹതാപം തോന്നിയിട്ടുണ്ടെനിക്കു്. ഞങ്ങൾ പലരും ഒന്നിച്ചുകൂടുമ്പോൾ അവരെ പരിഹസിക്കുവാനും അന്നു ഒട്ടും മടിച്ചിരുന്നില്ല.

എൻെറ വിദ്യാഭ്യാസകാര്യത്തിൽ എൻെറ മാതാപിതാക്കന്മാർ ബദ്ധശ്രദ്ധരായിരുന്നതിൻെറ ഫലമായി, ചില ക്ലാസ്സുകളിൽ പരാജയമടഞ്ഞെങ്കിലും സ്കൂൾഫൈനൽ പാസാകുന്നതുവരെ അദ്ധ്യയനം നടത്തുവാൻ കഴിഞ്ഞു. അനന്തരം ഒരു പ്രൈമറി സ്കൂളദ്ധ്യാപകനായി ജോലിയുമാരംഭിച്ചു. ദിനപ്പത്രങ്ങളും, മാസികകളും, മററു ഗ്രന്ഥങ്ങളും വായിക്കുന്നതിൽ എനിക്കു വളരെ സന്തോഷം തോന്നിയിരുന്നു. ഇന്നും അങ്ങനെതന്നെ. പലപ്പോഴും ഭക്ഷണകാര്യംപോലും വിസ്മരിച്ചു് ദിനപത്രങ്ങൾ വായനയിൽ കഴിച്ചുകൂട്ടിയിട്ടുണ്ടു് ഞാൻ. അങ്ങനെ വത്സരങ്ങൾ പലതു കടന്നുപോയി. കത്തോലിക്കാസഭയെപ്പററി പ്രതിപാദിക്കുന്ന ചില ഗ്രന്ഥങ്ങളും, മാസികകളും അവിടവിടെ കാണുകയും, ചില ഭാഗങ്ങൾ വായിക്കുകയും ചെയ്തിരുന്നു.

യാക്കോബായസഭയിലെ വൈദികരുടെ നേർക്കുണ്ടായിരുന്നതിനെക്കാൾ കൂടുതലായ സ്നേഹബഹുമാനാദരവുകൾ എനിക്കു അന്നും കത്തോലിക്കാവൈദികരുടെ നേർക്കുണ്ടായിരുന്നു. കാരണമെന്തായിരുന്നുവെന്നു് അന്നു എനിക്കു ശരിയായി ഗ്രഹിക്കുവാൻ പ്രാപ്തിയില്ലായിരുന്നുവെന്നുവേണം പറയുവാൻ. അവരിൽ എന്തോ ഒരു ദിവ്യശക്തി ഒളിഞ്ഞുകിടപ്പുള്ളതായി എനിക്കു തോന്നിയിരുന്നു. ബ്രഹ്മചാരികളും, ക്രിസ്തുവിനുവേണ്ടി രാപകലെന്യേ അദ്ധ്വാനിക്കുന്നവരുമായ ആ ബഹു: വൈദികരോടു് എനിക്കാദരവു തോന്നിയതിൽ എന്താണത്ഭുതം?

അന്നൊരു വ്യാഴാഴ്ചയായിരുന്നുവെന്നു തോന്നുന്നു. അരുണൻ പശ്ചിമാബ്ധിയെ ലക്ഷ്യമാക്കി കുറെദൂരം സഞ്ചരിച്ചുകഴിഞ്ഞിരുന്നു. ചങ്ങനാശ്ശേരിക്കുള്ള ബസ്സും പ്രതീക്ഷിച്ചു് കോട്ടയം ബസ്സ് സ്റ്റാൻറിൽ നില്ക്കുകയാണു് ഞാൻ. അപ്പോൾ ഇതാ, ആപാദകണ്ഠം ധവളവർണ്ണത്തിലുള്ള ഒരു നീണ്ടയുടുപ്പും ധരിച്ചു്, നാലഞ്ചിഞ്ചു വീതിയിൽ മൂന്നുനാലടി നീളംവരുന്ന ഒരു വസ്ത്രശകലം അരയിലും ധരിച്ചു്, ഒരു ചെറിയ ബാഗും, ഒരു കുടയും കരങ്ങളിലേന്തി മന്ദസ്മിതനായി ഒരു യുവാവു് എൻെറ സമീപത്തേക്കുവരുന്നു. ഞാൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു.


## For favours received



Excuse for long delay
Lucy, Trichur


“ബസ്സ് വന്നില്ലല്ലേ?” അദ്ദേഹംതന്നെ എന്നോടു സംഭാഷണമാരംഭിച്ചു.

“വന്നില്ലല്ലോ, അച്ചനെങ്ങോട്ടാണു പോകേണ്ടതു്?” ഞാൻ വിനയപുരസ്സരം ചോദിച്ചു.

“ഞാൻ അച്ചനായില്ല, സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. ഒരാവശ്യം പ്രമാണിച്ചു് ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമേനിയെ ഒന്നു കാണുവാനായി പോകയാണു്” അദ്ദേഹം പുഞ്ചിരിതൂകിക്കൊണ്ടു് എൻെറ ചോദ്യത്തിനു മറുപടിയായി പറഞ്ഞു.

ആ ബഹു: ശെമ്മാശനു് ചങ്ങനാശേരിക്കാണു പോകേണ്ടതെന്നു കേട്ടപ്പോൾ, അദ്ദേഹവുമൊന്നിച്ചു് പോകാമല്ലോയെന്നോർത്തു എനിക്കു വളരെ സന്തോഷമുണ്ടായി. അധികം താമസിച്ചില്ല, ബസ്സുവന്നു. ധാരാളം യാത്രക്കാർ അതിൽ തിങ്ങിക്കയറി. വളരെ പ്രയാസപ്പെട്ടതിൻെറ ഫലമായി എനിക്കും ഒരു സീററു ബസ്സിൽ ലഭിച്ചു. പക്ഷെ ആ ശെമ്മാശൻ ഇനിയും ബസ്സിൽ കയറിയിട്ടില്ല. അവസാനം അദ്ദേഹവും വന്നു കയറിയപ്പോഴേക്കും ബസ്സിലുള്ള ഇരിപ്പിടങ്ങൾ മുഴുവൻ ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു. അദ്ദേഹത്തിനു് ഒരു സീററുകൊടുക്കുവാൻ ആരും സന്നദ്ധരായില്ല.

“ശെമ്മാശാ, ഞാൻ നിന്നുകൊള്ളാം, എൻെറ സീററിൽ ഇരിക്കാമല്ലോ ശെമ്മാശനു്” ഞാൻ അദ്ദേഹത്തോടു വിനയപൂർവ്വം പറഞ്ഞു. പക്ഷെ അദ്ദേഹം “വളരെ നന്ദി”യെന്നുപറഞ്ഞു് നിരസിക്കയാണുണ്ടായതു്. രണ്ടുമൂന്നു മൈലോളം ബസ്സ് ഓടിക്കഴിഞ്ഞപ്പോൾ എൻെറ സമീപത്തിരുന്ന ഒരു മാന്യൻ അവിടെ ഇറങ്ങിയതുകൊണ്ടു് ബഹു: ശെമ്മാശനു ഇരിക്കുവാൻ സാധിച്ചു.

“എവിടെയാണു വീടു്?” ആസനസ്ഥനായശേഷം അദ്ദേഹം എന്നോടായി ചോദിച്ചു.

“എൻെറ വീടു് തിരുവല്ലായിലാണു്; ഞാനൊരു യാക്കോബായസഭാംഗമാണു്; ഒരു പ്രത്യേക കാര്യത്തിനുവേണ്ടി കോട്ടയംവരെ പോയിരുന്നു.” ഒരു ചെറിയ ചോദ്യത്തിനു ഇത്ര നീണ്ട പ്രത്യുത്തരം നൽകിയതു് മര്യാദയായോയെന്നു പിന്നീടു ഞാൻ ചിന്തിച്ചു. കത്തോലിക്കാസഭയെപ്പററി പല കാര്യങ്ങളും അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ ഉന്നയിച്ച ചോദ്യങ്ങൾക്കെല്ലാം അദ്ദേഹം തക്ക മറുപടിനൽകി. എനിക്കു് പാരായണത്തിൽ അമിതമായ ആസക്തിയുണ്ടെന്നറിഞ്ഞപ്പോൾ കത്തോലിക്കാപ്രസിദ്ധീകരണങ്ങളും മററും സെമിനാരിയിൽനിന്നയച്ചുതരാമെന്നു ആ ശെമ്മാശൻ എന്നോടു പറഞ്ഞു. എൻെറ മേൽവിലാസവും കുറിച്ചെടുത്തു. ഞങ്ങൾ പലതും പറഞ്ഞു പറഞ്ഞു് മണിക്കൂറുകൾ കടന്നുപോയതറിഞ്ഞില്ല. അതിവേഗം ചങ്ങനാശേരിയിലെത്തിയതായി എനിക്കു തോന്നി. ആ ശെമ്മാശനെ വേർപിരിയുന്നതിൽ എനിക്കു വളരെ പ്രയാസം തോന്നാതിരുന്നില്ല.

“എന്നാൽ ഞാൻ പോകട്ടെ. ഒരുപക്ഷെ ഇന്നു അരമനയിൽ താമസിച്ചശേഷം നാളെയേ പോകുകയുള്ളു. മാസികകളും മററും അയച്ചുതരാം” ഇത്രയും പറഞ്ഞ ശേഷം ആ നല്ല സ്നേഹിതൻ എന്നെ വിട്ടുപോയി.

ഞാൻ നേരെ തിരുവല്ലായ്ക്കു തിരിച്ചു. അന്നുമുതൽ ചില ചിന്തകൾ എന്നെയിട്ടു അലട്ടുവാൻ തുടങ്ങി. ആശ്ചര്യമാകർഷിക്കുന്ന ആ സ്നേഹപൂർവ്വമായ പെരുമാററങ്ങൾ, ആ ശാന്തശീലം, ആ മന്ദസ്മിതം ഇവയെല്ലാം എൻെറ ചിത്തമണ്ഡലത്തിൽനിന്നു വിട്ടുമാറാതെ സ്ഥിതിചെയ്തിരുന്നു. യാതൊരതിശയോക്തിയും കൂടാതെ പറഞ്ഞാൽ, ഒരു യാക്കോബായവൈദികനിൽപോലും ഇത്ര ഒത്തിണങ്ങിയ ഒരു സ്വഭാവവൈശിഷ്ട്യം ഞാൻ കണ്ടിട്ടില്ല. എന്നുവച്ചു് എല്ലാ കത്തോലിക്കാവൈദികരും വൈദികവിദ്യാർത്ഥികളും മേല്പറഞ്ഞ ശെമ്മാശനെപ്പോലെയാകണമോയെന്നു ഒരുപക്ഷെ വായനക്കാർ ചോദിച്ചേക്കാം. അതിനുത്തരം നൽകുവാൻ ഞാനൊരുങ്ങുന്നില്ല.


ഊണിലും ഉറക്കത്തിലും എനിക്കു് സുഖമില്ലാത്ത മട്ടായി. സ്കൂളിൽ പോകുന്നതും വരുന്നതുമെല്ലാം ഒരു യന്ത്രം കണക്കെ അങ്ങിനെ നടന്നുകൊണ്ടിരുന്നു. എൻെറ ഈ പരിവർത്തനത്തിനുള്ള കാരണങ്ങളെപ്പററി സഹാദ്ധ്യാപകരും, മററു സ്നേഹിതരും ആരാഞ്ഞുകൊണ്ടിരുന്നു. പക്ഷെ ചില ഉപായങ്ങൾ പറഞ്ഞു് ഞാനതിൽനിന്നെല്ലാം രക്ഷപെട്ടുകൊണ്ടിരുന്നു.


**“JESUS CHRIST & THE CATHOLIC FAITH”**

Free literature in English by post to interested inquirers. Apply to:
I. H. S.
Papal Seminary
Poona 6


ആഴ്ചകളങ്ങിനെ രണ്ടു കഴിഞ്ഞു. അന്നൊരു ദിവസം പോസ്റ്റുമാൻ ചില കത്തുകളും, മാസികകളും എൻെറ കൈയിൽ കൊണ്ടുവന്നുതന്നു. ഉടൻതന്നെ ഞാൻ അതു പൊട്ടിച്ചു് നിവർത്തിനോക്കി. സത്യദീപം, പ്രേഷിതകേരളം, സത്യസഭാകാഹളം. ഞാൻ ഓരോന്നിൻെറയും പേരു നോക്കിയശേഷം മാററിമാററിവച്ചു. അതിൽ സത്യദീപത്തിലെ കവർചിത്രവും, ലേഖനവും എന്നെ വളരെയധികം ആകർഷിച്ചു. ക്രിസ്തുനാഥൻ തൻെറ ശിഷ്യപ്രധാനനായ വി. പത്രോസിനു് സ്വർഗ്ഗത്തിൻെറ മേലും, ഭൂമിയുടെ മേലും അധികാരങ്ങൾ നൽകുന്ന ഒരു താക്കോൽ കൂട്ടത്തെ കൊടുക്കുന്നതും, വിശുദ്ധൻ അതു മുട്ടുകുത്തിക്കൊണ്ടു സ്വീകരിക്കുന്നതുമായിരുന്നു ആ ചിത്രം. പത്രോസിൻെറ പരമാധികാരത്തെപ്പററിയുള്ള ആ ലേഖനവും അധികം താമസിയാതെ ഞാൻ വായിച്ചുതീർത്തു. ഇങ്ങനെ എല്ലാ ആഴ്ചകളിലും, പണച്ചെലവില്ലാതെ കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ എനിക്കു ലഭിച്ചുകൊണ്ടിരുന്നു. പക്ഷെ, എൻെറ മാതാപിതാക്കന്മാരും, മററു ബന്ധുമിത്രാദികളും ഈ വാവരം അറിഞ്ഞിരുന്നില്ല. ഒരു ദിവസം എൻെറ ജ്യേഷ്ഠസഹോദരൻ, ഞാൻ വായനയിൽ ലയിച്ചിരിക്കുമ്പോൾ, എൻെറ കൈയിലിരുന്നിരുന്ന സത്യദീപത്തിൽ വന്നു പിടികൂടി എൻെറ പക്കൽനിന്നും അതു് ബലാൽക്കാരമായി പിടിച്ചുപറിച്ചെടുത്തു. എന്നെ വളരെ കഠിനമായി ശാസിച്ചു. മാത്രമല്ല, മാതാപിതാക്കന്മാരെയും മററുള്ളവരെക്കൂടിയും അറിയിക്കുകയും അവരും എൻെറ മേൽ ശകാരവർഷങ്ങൾതന്നെ നടത്തുകയും ചെയ്തു.

രണ്ടു ദിവസം കഴിഞ്ഞു് എല്ലാം ഒട്ടു ശാന്തമായപ്പോൾ എൻെറ ആഗ്രഹത്തെ എൻെറ മാതാപിതാക്കന്മാരെ അറിയിച്ചു. അവർ ഒരു വിധത്തിലും സമ്മതിക്കുന്ന ലക്ഷണമില്ല. വീണ്ടും ഞാൻ പര്യാകുലനായിത്തീർന്നു. ഞാൻ ഹൃദയം നൊന്തു് ആ പരമകാരുണികനായ ദിവ്യനാഥനോടുതന്നെ പ്രാർത്ഥിച്ചു. അപ്പോൾ എനിക്കു പെട്ടെന്നൊരു ഉപായം തോന്നി. ഞാൻ അദ്ധ്യാപനം നടത്തിക്കൊണ്ടിരുന്ന സ്കൂളിൽനിന്നു് അധികമകലെയല്ലാതെ ഒരു കത്തോലിക്കാദേവാലയം സ്ഥിതിചെയ്യുന്നുണ്ടു്. അവിടത്തെ ബ. വികാരിയച്ചനെ ചെന്നുകണ്ടു് എൻെറ ആഗ്രഹമറിയിക്കണം. അന്നു സ്കൂൾ വിട്ടശേഷം ഞാൻ നേരെ ആ പള്ളിയിലേക്കു പോയി. അപ്പോൾ അദ്ദേഹം പള്ളിമുററത്തുകൂടി എന്തോ ഒരു പുസ്തകം വായിച്ചുകൊണ്ടു് ഉലാത്തുകയായിരുന്നു.



“ഗുഡ് ഈവിനിംഗ് ഫാദർ” ഞാൻ ഇംഗ്ലീഷ് രീതിയിൽ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. “ഗുഡ് ഈവിനിംഗ്. സാറിതിലെയൊക്കെ വരാനായിരുന്നോ?” അദ്ദേഹം സുസ്മേരവദനനായി എന്നോടു ചോദിച്ചു. സംസാരത്തിൽനിന്നെനിക്കു് ഗ്രഹിക്കുവാൻ കഴിഞ്ഞു, അദ്ദേഹം ഒരു ഫലിതസമ്പന്നനും കൂടിയാണെന്നു്. എൻെറ അഭിലാഷത്തെ ഞാൻ അദ്ദേഹത്തെ അറിയിച്ചു. അപ്പോൾ ആ വൈദികനു് വളരെയധികം സന്തോഷമായി. വൈകുന്നേരത്തെ മന്ദാനിലനുമേററു് ഞങ്ങൾ അവിടെനിന്നു രണ്ടു മണിക്കൂറോളം സംസാരിച്ചു. എൻെറ മാതാപിതാക്കന്മാരുടെയും, മററു ബന്ധുമിത്രാദികളുടെയും മാനസാന്തരത്തിനുവേണ്ടി അദ്ദേഹവും പ്രാർത്ഥിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്നതാണെന്നു് എന്നോടുറപ്പു പറഞ്ഞു. അങ്ങിനെ പിന്നെയും മാസം ഒ





ശുദ്ധിചെയ്ത മരോട്ടിഎണ്ണയിൽ ശാസ്ത്രീയമായി തയ്യാർചെയ്യപ്പെട്ടതു്. ചർമ്മരോഗങ്ങളെ മാററി ത്വക്ക്സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നു. ചുണങ്ങു്, താരൻ, മുഖക്കുരു, പുഴുക്കടി, നിറഭേദങ്ങൾ മുതലായവയ്ക്കു സിദ്ധൗഷധം. തലയിൽ താരൻ (ചാർചൊണങ്ങ്) കൊണ്ടുണ്ടാകുന്ന ചൊറിച്ചിലും, തന്മൂലമുണ്ടാകുന്ന മുടികൊഴിച്ചിലും പ്യാരി ഔഷധസോപ്പു് പെട്ടെന്നു സുഖപ്പെടുത്തുന്നു.

വിവിധ ഡോക്ടറന്മാരും ത്വക്ക്രോഗവിദഗ്ദ്ധന്മാരും പരിശോധിച്ചു ഏററവും ഫലപ്രദമെന്നു ശുപാർശചെയ്തിട്ടുള്ളതു്.

എല്ലാ പ്രധാന കടകളിലും കിട്ടും

**Pyary Products (Regd:)**

P. O. POONITHURA, T. C. State

ന്നോളം കടന്നുപോയി. ഇതിനിടയിൽ കത്തോലിക്കാസഭയെപ്പററി കൂടുതലായി ഞാൻ പഠിക്കുവാൻ പരിശ്രമിച്ചു. സത്യദീപവും മററു പത്രമാസികകളും സെമ്മിനാരിയിൽനിന്നു കൃത്യമായി എനിക്കു കിട്ടിക്കൊണ്ടിരുന്നു. ഇടയ്ക്കിടെ കത്തുകളും. ദൈവാനുകൂല്യത്താൽ എന്റെ മാതാപിതാക്കന്മാരും സത്യസഭയെ ആശ്ലേഷിക്കുവാൻ ഒരു വിധത്തിൽ സമ്മതിച്ചു. മേൽപറഞ്ഞ വികാരിയച്ചനും എന്റെ മാതാപിതാക്കന്മാരെ കാണുകയും, ഉപദേശിക്കുകയും ചെയ്തു അങ്ങിനെ ഒടുവിൽ ആ സുദിനം വന്നുചേന്നു. 1953 നവംബർ 20-ാം തിയതി ഞങ്ങൾ മൂന്നുനാലു പേരൊരുമിച്ച് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു ഇന്നും എന്റെ ബന്ധുമിത്രാദികളിൽ പലരും പുനരൈക്യപ്പെടാത്തവരായിട്ടുണ്ടു്. അവർക്കുവേണ്ടിക്കൂടെ മാന്യവായനക്കാർ പ്രാർത്ഥിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

യഥാർത്ഥത്തിൽ പാരായണതല്പരതയും, കോട്ടയം ബസ്സ്റ്റാൻറിൽവച്ചു കണ്ടുമുട്ടിയ ബ. ശെമ്മാശ്ശനും ആണു് എന്നെ കത്തോലിക്കനാക്കിത്തീർത്തതെന്നു പറയാം. സത്യദീപം തുടങ്ങിയ കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വായിച്ചു കഴിഞ്ഞശേഷം അധികം കാലതാമസം വരുത്താതെ യാക്കോബായക്കാരാദിയായ കത്തോലിക്കേതരസഹോദരങ്ങൾക്കും അയച്ചുകൊടുക്കുന്നതു് നിശ്ചയമായും നിഷ്ഫലമായിപ്പോകയില്ല.

—ം—

(11-ാംപേജു തുടർച്ച)

ലോഭമില്ലാതെ പണവും പിതാവു അയച്ചുകൊണ്ടിരുന്നു സാഹചര്യവും പണവും അവനെ ഈവിധത്തിലാക്കിയതിൽ എന്താണത്ഭുതം.

മാസങ്ങളും വർഷങ്ങളും ആർക്കുംവേണ്ടി കാത്തുനില്ക്കാതെ കടന്നുപോയി. നമ്മുടെ പഴയ ജോയിയിലും അതോടൊപ്പം പല വ്യതിയാനങ്ങളും സംഭവിച്ചു അവൻ ഇന്നു സഖാവു ജോയി, ആഭാസത്തിന്റെയും അക്രമത്തിന്റെയും മൂർത്തീകരണമായി മാറിയിരിക്കയാണു്. അവൻ ജാൻസി എന്ന ഒരു യുവതിയുമായി പ്രേമബന്ധത്തിലാണു്. അവരുടെ ആശയങ്ങൾ പരസ്പരം കൈമാറുവാൻ ആരംഭിച്ചുകഴിഞ്ഞു. അങ്ങനെ സ്കൂൾവർഷം അവസാനിച്ചു. അവർ രണ്ടുപേരും അവരവരുടെ സ്വദേശത്തേക്കു യാത്രയായി. എങ്കിലും അവരുടെ മനസ്സു വേർപെടാതെ ദൃഢമായ ചങ്ങലയാൽ ബന്ധിക്കപ്പെട്ടതുപോലെ ഒന്നിച്ചുതന്നെയിരുന്നു. അവർ ഭാവിജീവിതത്തെപ്പററിയുള്ള പല പൊൻകിനാവുകളും ദർശിച്ചുകൊണ്ടാണു് പിരിഞ്ഞതു്.

ദിവസങ്ങൾ പലതു കഴിഞ്ഞു. ജാൻസിയുടെ—അവന്റെ പ്രേമഭാജനത്തിന്റെ—ഒരു കത്തു് അവനു് ലഭിച്ചു. അവൾ ജോയിയുമായി സ്നേഹത്തിലായിരുന്നുവെങ്കിലും അവൾ ഒരുത്തമ കത്തോലിക്കയായിത്തന്നെയാണു് വർത്തിച്ചതു്. ആ കത്തിൽ ഇപ്രകാരമെഴുതിയിരുന്നു. "പ്രിയ ജോയി, അങ്ങേക്കുവേണ്ടി ജീവിതം ബലിയർപ്പിക്കുവാൻ ഞാൻ സന്നദ്ധയാണു്. എന്നാൽ അങ്ങു് പാർട്ടിയിലെ അംഗത്വം ഉപേക്ഷിക്കാതിരുന്നാൽ ഞാൻ ഒരു കത്തോലിക്കയായിരിക്കുന്നിടത്തോളം കാലം അങ്ങയെ വിവാഹം ചെയ്യുന്നതിനു് എനിക്കു സാദ്ധ്യമല്ല എന്നു് അങ്ങയുടെ ജാൻസി."

ജോയി കത്തു വായിച്ചു. പക്ഷെ അയാളുടെ മനസ്സ് അണുപോലും വ്യതിചലിച്ചില്ല. അവന്റെ മനസ്സിനു് കാഠിന്യം കൂടിവന്നു. തീക്കനലിൽ ഇരുമ്പുകട്ട എന്നപോലെ പാർട്ടികാര്യങ്ങൾക്കായി അതു് കൂടുതൽ ഉജ്ജ്വലത്തായി പ്രവർത്തിച്ചു. കാലങ്ങൾ കടന്നുപോയി. അവർ തമ്മിലുള്ള ബന്ധം പിരിഞ്ഞു. പക്ഷെ അവൾ—ജാൻസി—അവന്റെ മനസ്സുതിരിവിനുവേണ്ടി മനമുരുകി ജഗദീശനോടു് പ്രാർത്ഥിച്ചിരുന്നതു് അവൻ അറിഞ്ഞിരുന്നില്ല.

ആയിടെ ജോയിയുടെ പിതാവു് രോഗശയ്യാവലംബിയായി. രോഗം വർദ്ധിച്ചുവന്നു. ജോയിയുടെ നല്ല നാളെ കാണുവാൻ ആകാംക്ഷാപൂർവ്വം കാത്തിരുന്ന പിതാവു് ഇപ്പോൾ പശ്ചാത്തപിക്കുകയാണു്. ദൈവത്തോടു് മാപ്പപേക്ഷിക്കുകയാണു്. എന്തിനുവേണ്ടി? മകന്റെ ദൈവവിളി. മിഷ്യനു പോകണമെന്നുള്ള അവന്റെ ആഗ്രഹം നഷ്ടപ്പെടുത്തിയതാണു്. അയാളുടെ ഇപ്പോഴത്തെ സ്ഥിതി കണ്ടാൽ ഇനി ഒരു മാതാപിതാക്കളെങ്കിലും തങ്ങളുടെ മക്കളുടെ ദൈവവിളി നശിപ്പിക്കരുതെ എന്നു ലോകത്തിനു് ആഹ്വാനം നൽകുകയാണോ എന്നു തോന്നും. ആ സ്ഥിതിയിൽ അധികനാൾ കഴിയുന്നതിനു മുമ്പു് ആ പിതൃവത്സലൻ നിത്യതയിലേക്കു യാത്രയായി.

കാലം മാറിയതോടെ ജോയിയുടെ മനസ്സിനും അല്പം വ്യതിയാനം വന്നുതുടങ്ങി അവൻ സത്യത്തിനുവേണ്ടി മനസ്സാക്ഷിയുമായി ഘോരസമരം ആരംഭിച്ചിരിക്കയാണു്. എങ്കിലും പഴയപടിതന്നെയാണു് അവൻ ജീവിക്കുന്നതു്.


ആയിടെ ആ ഇടവകയിൽ ഒരു പൊതുധ്യാനം ഉണ്ടായിരുന്നു. സാധുജനസേവനനിരതരായ വിൻസെൻറു ഡി പോൾ സംഘക്കാരാണു് അതിന്റെ നേതൃത്വം വഹിച്ചതു്. അവരുടെ പ്രേരണമൂലം നമ്മുടെ ജോയി ആ ധ്യാനത്തിൽ പങ്കെടുത്തു. പല കാര്യങ്ങളെപ്പററിയും ധ്യാനപ്രസംഗം നടന്നു. ഒരു ദിവസം "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ എന്തു ഫലം" എന്നതിനെപ്പററി ഒരു പ്രസംഗം ഉണ്ടായിരുന്നു തുടിക്കുന്ന ഹൃദയത്തോടും നിറയുന്ന കണ്ണുകളോടുംകൂടി അവൻ അതു ശ്രവിച്ചു. അവന്റെ മനസ്സ് ഇളകി. അവൻ തന്റെ പഴയ ജീവിതത്തെപ്പററി ചിന്തിച്ചു ഈ ജീവിതം മാററണം. അവൻ ഉറച്ചു കഴിഞ്ഞു. ധ്യാനഗുരുവിന്റെ പക്കൽ ചെന്നു അവൻ തന്റെ ദയനീയസ്ഥിതി ഗ്രഹിപ്പിച്ചു.

അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി മിഷ്യനു പോകുവാൻ—ദൈവം തന്നെ വിളിച്ച ജീവിതത്തിലേക്കു—തിരിയെ ചെല്ലുവാൻ ആത്മാക്കൾക്കുവേണ്ടിയുള്ള ദിവ്യനാഥന്റെ അനന്തദാഹത്തെ ശമിപ്പിപ്പാൻ അവൻ തീരുമാനിച്ചു.

അന്നു് ഒരു തിങ്കളാഴ്ചയായിരുന്നു. നേരം വെളുത്തു എന്നു പൂവൻകോഴി വിളിച്ചറിയിച്ചു പള്ളിയിലെ മണിയുടെ ഘണഘണനാദം ജോയിയെ ഉണർത്തി. അവൻ ജാഗ്രതയായി എങ്ങോ പോകുവാൻ ഒരുങ്ങുകയാണു്. അവനെ യാത്രയയക്കുവാൻ ആരും അവിടെ ഇല്ല. അവൻ തനിയെ എല്ലാത്തിനോടും യാത്രപറഞ്ഞു ബഹളം കൂടാതെ നിശ്ശബ്ദമായി ആരും അറിയാതെയുള്ള ആ യാത്രയിൽ സന്തോഷിച്ചിട്ടെന്നവണ്ണം പ്രഭാതസൂര്യൻ തന്റെ കിരണങ്ങളാൽ അവനെ ആലിംഗനം ചെയ്തു വെൺമുത്തുകളണിഞ്ഞ പുല്ലുകളും പച്ചപട്ടുടുത്ത നെൽപ്പാടങ്ങളും കൈമാടിവിളിക്കുന്ന തെങ്ങിൻതോപ്പുകളും അവനു ഭാവുകം ആശംസിച്ചു. പ്രകൃതി തന്റെ പുഞ്ചിരിയാലും പക്ഷികൾ കളകളാരവത്താലും അവനു അനുമോദനം നൽകി. അവയെല്ലാം സ്വീകരിച്ചിട്ടെന്നവണ്ണം അവയെ ഓരോന്നായി പിന്നിട്ടു് അവൻ പോകുകയാണു് എങ്ങോട്ടു്?—മിഷ്യനിലേക്കു്.

അവൻ ഇന്നു എവിടെ?

For favours received




Excuse delay.
L. D. C. Convent
S. Thannissery

# അതിഥി

(തോമസ് സെബാസ്ത്യൻ, ബി. ഏ. എൽ. ററി.)

ഒരു സംഭവകഥകൊണ്ടു് എന്റെ ലേഖനം തുടങ്ങാം. കഥ നീണ്ടുപോയാൽ ലേഖനം മുഖവുരയിൽ കലാശിക്കുകയും ചെയ്യും. സംഭവം അനുഭവസ്ഥൻതന്നെ പറഞ്ഞതാണു്.

രാത്രി ഒൻപതരമണിയായി. വിളക്കണച്ചിട്ടില്ല. അത്താഴം കഴിഞ്ഞു കുട്ടികൾ കൂർക്കംവലി തുടങ്ങി. പ്രായമുള്ളവർ അതുമിതും പറഞ്ഞു വിശ്രമിക്കുന്നു രണ്ടുപേർ പടികടന്നു വരുന്നു. മുൻപൻ വരാന്തയിൽ കയറിയപ്പോൾ അപരൻ വിടവാങ്ങി മടങ്ങിപ്പോയി. അതിഥി മുറിയിൽ പ്രവേശിച്ചു പ്രായമുള്ള ഒരു മനുഷ്യൻ. വീട്ടുകാരന്റെ വകയിലൊരു ജ്യേഷ്ഠസഹോദരൻ. ആ മുറിയിൽ ഒരുക്കിയിട്ടിരുന്ന സോഫായിൽ ചാരിക്കിടന്നു സംസാരം തുടങ്ങി.

"അത്താഴം കഴിച്ചോ? വല്ലതും കഴിക്കണ്ടേ?" ആതിഥേയന്റെ കടമയാണല്ലോ ആ ചോദ്യം.

"കഴിക്കണം. പഞ്ഞപ്പുല്ലു പാലിൽ കാച്ചിയാണു് ഞാൻ അത്താഴമായി കഴിക്കുക. മധുരം പാടില്ല" വിരുന്നുകാരന്റെ മറുപടി.

പഞ്ഞപ്പുല്ലൊഴികെ മററല്ലാ ധാന്യങ്ങളും ആ വീട്ടിൽ സ്റ്റോക്കുണ്ടു്. പഞ്ഞപ്പുല്ലു മാത്രമില്ല. പണ്ടില്ലാതെ വന്ന ജ്യേഷ്ഠനുമാണു്. തൊട്ടടുത്തു ജ്യേഷ്ഠസഹോദരൻ താമസമുണ്ടു്. പ്രമേഹക്കാരനാണു്. ചാക്കോയെ അങ്ങോട്ടോടിച്ചു കുറെ പുല്ലുകൊണ്ടുവന്നു തിളച്ച വെള്ളത്തിലിട്ടു അരച്ചു്, വീട്ടുകാരനു കിടക്കുമ്പോൾ കുടിക്കാൻവച്ചിരുന്ന പാലുംചേർത്തു് കാച്ചിക്കൊണ്ടുവന്നപ്പോൾ മണി പതിനൊന്നായി.

"ഒരു കരിനെല്ലിക്കാക്കൂടെ കൊണ്ടുവാടാ" വിരുന്നുകാരൻ കല്പിച്ചു.

ആ വീട്ടിൽ കരിനെല്ലിക്കാ ഇല്ല. അടുത്തെവിടെ കിട്ടുമെന്നു നിശ്ചയമില്ല. നെല്ലിക്കാ ഉപ്പിലിട്ടതും, ശതാവരിക്കിഴങ്ങു്, നാരങ്ങ, മീൻ ഇവ അച്ചാറിട്ടതും അവിടെയുണ്ടു് ഇതിൽ ഏതെങ്കിലും എടുക്കട്ടെയെന്നു ഗൃഹനാഥ വിനയപൂർവ്വം ചോദിച്ചതിനു് "വേണ്ടാ" എന്നൊരു ഗർജ്ജനമായിരുന്നു ഉത്തരം. അതോടും വെറുപ്പോടുംകൂടി പുല്ലുകാച്ചിയതു കുടിച്ചു.

"ഇനി നമുക്കൊന്നു കിടക്കണ്ടേ?" എന്ന ചോദ്യത്തിനു്, "ആ ചെല്ലവും കോളാമ്പിയും ഇങ്ങോട്ടു വച്ചിട്ടു നീ പോയി കിടന്നോളു" എന്നുള്ള ആജ്ഞയാണു് ഗൃഹനാഥനു ലഭിച്ചതു്. ഏതു ചെല്ലം? ഏതു കോളാമ്പി? ആ വീട്ടിൽ മുറുക്കുന്നവരാരുമില്ല. മുറുക്കുന്നവർ അവിടെ വന്നാൽ അവിടെവച്ചു മുറുക്കാൻ പാടില്ലെന്നൊരു എഴുതപ്പെടാത്ത നിയമം തന്നെ അവിടെ നിലവിലിരിക്കുന്നു. ചെല്ലമുണ്ടെങ്കിൽതന്നെ അതു തട്ടിൻമീതെ സ്ഥലംപിടിച്ചിട്ടു അൻപതുവർഷമെങ്കിലുമായിരിക്കും. ഒരു കപടിക്കോപ്പ സ്ററൂളിൽവച്ചു കട്ടിലിനടുത്തു വച്ചുകൊടുത്തു. അവിടെ മുറുക്കുന്നവരാരുമില്ലെന്നും അതുകൊണ്ടു് ചെല്ലം കേടായി തട്ടിൻമീതെ കിടക്കുന്നുവെന്നും മുഖദാവിൽ ഉണർത്തിച്ചു. അപ്പോഴാണു് കാലിപ്പുകയില വാങ്ങണമെന്നവശ്യപ്പെടുന്നതു്. എന്തുചെയ്യാം? അങ്ങലെ ചാച്ചിയമ്മ കാലിപ്പുകയിലക്കാരിയാണു്. ചാക്കോയെ ഒന്നുകൂടി അങ്ങോട്ടോടിക്കാം. ഉറക്കത്തിൽനിന്നു ഒരിക്കൽ വിളിച്ചുണർത്തി പഞ്ഞപ്പുല്ലു വാങ്ങിച്ചു. ഒരിക്കൽക്കൂടി വിളിച്ചുണർത്താതെ തരമില്ല. ചാക്കോയെ തല്ലിയുണർത്തി ഓടിച്ചു. ഒരു കഷണം പുകയില വരുത്തി. അപ്പോൾ വെററില എവിടെ എന്നായി. മൂന്നുഫർലോങ്ങു് അകലെയുള്ള മുറുക്കാൻകടയിൽചെന്നു കടക്കാരനെ വിളിച്ചുണർത്തി വെററിലയും അടയ്ക്കായും ചുണ്ണാമ്പും വാങ്ങിക്കൊണ്ടുവന്നു് ആ നരസിംഹനു അടിയറവയ്ക്കുകതന്നെ ചെയ്തു

ആവു, എല്ലാവർക്കും തെല്ലാശ്വാസമായി. വിളക്കണയ്ക്കുന്നതിനു മുൻപു വിരുന്നുകാരൻ ഒരു നിർദ്ദേശംകൊടുത്തു—5 മണിക്കു അലാറംവയ്ക്കാൻ, കാച്ചിയ പാലിൽ കട്ടപ്പത്തിൽ പൊടിയിട്ടു പഞ്ചസാര ചേർക്കാതെ രണ്ടുതുടം ബെഡ്കാഫി തയാറാക്കാൻ. "ഭഗവാനെ, ഇയാളുടെ തലയിൽ......" എന്നു മനസ്സും ആഗ്രഹിച്ചുകൊണ്ടു് അധരംകൊണ്ടു് സമ്മതംമൂളി ഗൃഹനാഥൻ പോയി കിടന്നു.

മണി മൂന്നായില്ല. "ചാക്കോ, എടാ ചാക്കോ" എന്നു രണ്ടുമൂന്നു വിളി. ആരു കേൾക്കാൻ. ചാക്കൊ ബോധമില്ലാത്ത ഉറക്കത്തിലാണു്. "എടാ ദുമ്മിനി" എന്നൊരു ഗർജ്ജനം. വീട്ടു നടങ്ങിലുണർന്നു ഗൃഹനാഥന്റെ പേരു ദുമ്മിനിയെന്നാണെന്ന കാര്യമേ എല്ലാവരും മറന്നിരിക്കുന്ന കാലമാണു്. പുത്രകളത്രാദികൾ അപ്പച്ചനെന്നും ഭൃത്യവർഗ്ഗവും ആശ്രിതവർഗ്ഗവും യജമാനനെന്നും നാട്ടുകാർ മുതലാളിയെന്നും വിളിക്കുന്നതുകൊണ്ടു് സ്വന്തം പേരു അദ്ദേഹംതന്നെ വിസ്മരിച്ചിരുന്നു. എന്തുചെയ്യാം, താൻതന്നെ ഒരു കടുവായാണെന്നു തനിക്കും നാട്ടുകാർക്കും വിചാരമുണ്ടു്. ഇപ്പോൾ വീട്ടിൽ വന്നിരിക്കുന്ന വകയിലൊരു ചേട്ടൻ കടുവായെ വെല്ലുന്ന കിടുവായാണു്.

"എടാ ദുമ്മിനി, ആ തടിമാടനെ വിളിച്ചു ഈ വെററിലയും അടയ്ക്കയും ഒന്നു ചതച്ചുതരാൻ പറ" ഗൃഹനാഥന്റെ ക്ഷമയാററു. "അവൻ കിടന്നുറങ്ങിക്കൊള്ളട്ടെ. ഞാൻ ചതച്ചുതരാം" എന്നു പറഞ്ഞു ആരും കാണാതെ അരകല്ലിൽ വെററിലപ്പാക്കുവച്ചു ചതച്ചുകൊടുത്തു. മഞ്ഞളിന്റെ ചൊവ പിടിക്കാഞ്ഞായിരിക്കും നീട്ടി രണ്ടുമൂന്നു തുപ്പുകേട്ടു. മുറി മുഴുവൻ ചെഞ്ചാറാക്കി. പിറേറന്നു കാലത്തു ഗൃഹനാഥന്റെ ഇടതുകൈവിരലിൽ രണ്ടെണ്ണത്തിൽ മന്തുപോലെ നീർക്കെട്ടുകണ്ടപ്പോൾ ആ വീട്ടിലെ കുഞ്ഞുങ്ങൾക്കും അവരുടെ അമ്മയ്ക്കും ആ മൂശേട്ടയെപ്പററിയുണ്ടായ വികാരങ്ങൾ ഊഹിക്കുകയാണുത്തമം.

സഹിക്കവയ്യാത്ത വേദനയോടുകൂടി ഗൃഹനാഥൻ ആ രാത്രി കഴിച്ചുകൂട്ടി. നാലരയടിച്ചപ്പോൾ ചാക്കോയെ തല്ലിയും ഇടിച്ചും ഉണർത്തി. ചാക്കൊ അരയുറക്കത്തിൽ നൂറു പ്രാക്കോടുകൂടി പശുവിനെ കറക്കാൻ പോയി. ഏഴുമണിക്കു കറന്നാൽ മൂന്നിടങ്ങഴി പാൽ രണ്ടു ചൊരയ്ക്കു കിട്ടുന്ന പശു രാത്രിയിൽ കറക്കാൻ ചെന്നപ്പോൾ നാലുകാലും പാറിച്ചു ചാടാൻതുടങ്ങി. എന്തിനു് അങ്ങനെയിങ്ങനെ ഒരു മൊന്ത പാൽ കറന്നു. ചാക്കോയുടെ കൈക്കു ഒരു തട്ടു്. മൊന്ത തെറിച്ചു രണ്ടുവാരയകലെ. മൊന്തയിൽ ശേഷിച്ച ഒന്നരത്തുടം പാലുകാച്ചി അതിഥിക്കു ബെഡ്കാഫി കൊടുത്തു. കുഞ്ഞുങ്ങൾക്കു അന്നു പാൽ നാസ്തി.

എട്ടുപത്തുദിവസത്തേക്കു ചാക്കൊ കൈക്കു മരുന്നിട്ടു വിരുന്നുകാരനായി ഇരുന്നു. ഗൃഹനായിക പണിയെടുത്തു. ഗൃഹനാഥൻ ആസ്പത്രിയിൽചെന്നു വിരലുകൾ മരുന്നുവച്ചു ഡ്രസ്സുചെയ്യിച്ചു് രണ്ടാഴ്ച വീട്ടിലിരുന്നു. കുഞ്ഞുങ്ങൾക്കു അന്നത്തേക്കു പാലിനു അയൽക്കാരെ ആശ്രയിക്കേണ്ടിവന്നു. ഇത്രയുമൊക്കെയായിട്ടും അവരുടെ ഗ്രഹപ്പിഴ തീർന്നോ? കരിനെല്ലിക്കാ ഇല്ലാത്തതു കുററം; വെററിലക്കൊടിയും അടയ്ക്കാമരവും കൃഷിചെയ്യാത്തതു കുററം; ധിക്കാരിയായ ചാക്കോയെ പിരിച്ചുവിടാത്തതു കുററം; സർവ്വതും കുററം; കുററംതന്നെ കുററം.

ഇത്തരം അതിഥികളിൽനിന്നു മനുഷ്യരാശിയെ മുഴുവൻ രക്ഷിക്കണേ ദൈവമേ, എന്നാണെന്റെ പ്രാർത്ഥന.

ഭരണങ്ങാനത്തെ ബ. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

തൊമ്മി ദുമ്മിനി,
കൊടിമരത്തുംമൂട്ടിൽ

E. C. & Co., JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററു്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

# വേദോപദേശപരിഷ്കരണം

(ഇല്ലിക്കൽ വറുഗീസ്)

കത്തോലിക്കാ മതതത്വങ്ങൾ ഏതൊരു കത്തോലിക്കനും അറിഞ്ഞിരിക്കേണ്ടതാണ്. ക്രിസ്തുവിന്റെ അനുയായി എന്ന നിലയിൽ ക്രിസ്തുവിന്റെ പ്രബോധനങ്ങളെക്കുറിച്ചും മററു തത്വങ്ങളെക്കുറിച്ചും സർവ്വോപരി ക്രിസ്തുവിനെത്തന്നെ സംബന്ധിച്ചും ഒരു ക്രൈസ്തവൻ ഏറക്കുറെയെങ്കിലും ഗ്രഹിച്ചിരിക്കണം. അങ്ങനെ ഗ്രഹിച്ചിട്ടില്ലാത്തവൻ വെറും ഒരു ക്രൈസ്തവനാമധാരിയാണെന്നതിലുപരിയായി വിശേഷതകളൊന്നുമില്ല.

അന്യമതസ്ഥരും നിരീശ്വരവാദികളും മതത്തെക്കുറിച്ചും മതതത്വങ്ങളെക്കുറിച്ചും മതസ്ഥാപകനെക്കുറിച്ചുമൊക്കെ ചോദ്യശരങ്ങൾ ഒരു കത്തോലിക്കന്റെ നേരെ തൊടുത്തുവിടുമ്പോൾ സാമാന്യമായിട്ടുള്ള വിധത്തിലെങ്കിലും മറുപടിപറയുവാൻ മാത്രമുള്ള കഴിവ് അവനുമുണ്ടായിരിക്കണം. വാദിക്കാനും ജയിക്കാനും കഴിഞ്ഞില്ലെങ്കിൽ വേണ്ട. അതിലൊട്ടു നിരാശപ്പെടാനുമില്ല. പക്ഷെ അറിയാനും അറിയിക്കാനും കഴിയുമാറെങ്കിലും നാം വിശ്വസിക്കുന്ന മതത്തെക്കുറിച്ചും മതതത്വങ്ങളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടതാണ്. എങ്കിലേ നമ്മുടെ വിശ്വാസം ജീവനുള്ളതാണെന്നുള്ള അഭിമാനബോധം ഓരോരുത്തരിലുമുണ്ടാകയുള്ളു. മററു മതസ്ഥരുടെയിടയിൽ തലഉയർത്തിപ്പിടിച്ച് നമുക്കു നടക്കാനാവണമെങ്കിൽ അത്തരത്തിലുള്ള അഭിമാനബോധം ആവശ്യമാണ്. ആ ബോധമില്ലായ്മമൂലമാണ് പലപ്പോഴും യുവജനങ്ങൾ അവരുടെ ക്രൈസ്തവത്വം മറച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നതു്.

ഈവക കാര്യങ്ങളിൽ സാഹിത്യത്തിനുള്ള കഴിവ് എത്രമാത്രമാണെന്നു പറയേണ്ടതായിട്ടില്ല. അതു്ഇതു് അതിന്നംഗീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം സാഹിത്യപ്രചരണം വേണ്ടപോലെ ഇനിയും ഫലിച്ചിട്ടില്ലെന്നതാണു വാസ്തവം. തന്മൂലം എന്തെല്ലാം അജ്ഞതയാണ് പലതിനെപ്പററിയും ഇന്നു നിലവിലിരിക്കുന്നതു്. വി. സെബാസ്ത്യനും ശബരിമലയിലെ ശാസ്താവും ജ്യേഷ്ഠാനുജന്മാരാണെന്നുപോലും വിശ്വസിക്കുന്ന വലിയൊരുവിഭാഗം ആളുകൾ ഈ കേരളക്കരയിലുണ്ട്. ഇങ്ങനെ അജ്ഞതമൂലമുള്ള തെററിദ്ധാരണാപരമായ കാര്യങ്ങളെടുത്തു നിരത്തുകയാണെങ്കിൽ ഒരു ഗ്രന്ഥംതന്നെ നിർമ്മിക്കാൻകഴിയും. അതവിടെ നിൽക്കട്ടെ. നമ്മുടെ ചിന്താവിഷയം വേദോപദേശം നൽകുന്നതിനെപ്പററിയാണ്.

ഇന്നു നമ്മുടെ കുട്ടികൾക്കു നൽകുന്ന വേദോപദേശം തീരെ അപര്യാപ്തമായിട്ടുള്ള രീതിയിലാണ് നിർവ്വഹിക്കുന്നതു്. പത്തുനാല്പത്തഞ്ചു വർഷങ്ങൾക്കുമുമ്പു എഴുതിയുണ്ടാക്കിയിട്ടുള്ള ഒരു പുസ്തകമാണ് ഇന്നും അല്പം ചില ഭേദഗതികളോടെ പാഠ്യവിഷയമാക്കിയിരിക്കുന്നതു്. കുരിശുവരയ്ക്കുന്നതുമുതൽ തുടങ്ങി പ്രാർത്ഥനകളും പ്രമാണങ്ങളും ചോദ്യോത്തരങ്ങളുമൊക്കെ മനപ്പാഠമാക്കാൻ പഠിപ്പിക്കുന്നതല്ലാതെ അതിലെ ഗഹനങ്ങളായ തത്വങ്ങളും ഉള്ളടക്കങ്ങളും സാമാന്യമായിട്ടെങ്കിലും കുട്ടികളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചുകാണുന്നില്ല. പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരാണെങ്കിലും നല്ലൊരുപങ്കും അതിനു പ്രാപ്തരായിട്ടുള്ളവരല്ല. പള്ളിജോലിക്കാരായ കപ്യാർ, ചെമ്മദോർ തുടങ്ങിയവരാണ് ചില സ്ഥലങ്ങളിൽ വേദോപദേശം പഠിപ്പിക്കുന്നതു്. അദ്ധ്യാപനകലയുമായി കുറച്ചൊക്കെയെങ്കിലും ഒത്തുപോകുന്നവരും മതതത്വങ്ങളെക്കുറിച്ച് സാമാന്യമായ വിജ്ഞാനമുള്ളവരുമായിരിക്കണം ഈ രംഗത്തിൽ അദ്ധ്യാപകന്മാരാകേണ്ടതു്.

ആദ്യമായി ഇപ്പോഴത്തെ പാഠകരീതിതന്നെ മാററണം. വിദ്യാർത്ഥികൾക്ക് രസകരവും വിജ്ഞാനപ്രദവുമായ രീതിയിൽ പാഠങ്ങൾ എഴുതിയുണ്ടാക്കേണ്ടിയിരിക്കുന്നു. പ്രത്യേകമായ ഒരു സിലബസ്സ് മുഖേന പാഠകരിതി ക്രമപ്പെടുത്തുകതന്നെ വേണം. ഇന്നത്തെ കുട്ടികൾ ബുദ്ധികൂർമ്മതയുള്ളവരാണ്. എന്നും മനസ്സിലാക്കാനും അതുപഗ്രഹിക്കാനുമുള്ള വാസന മുമ്പത്തേക്കാൾ വളരെയധികം അവരിൽ വികസിച്ചിട്ടുണ്ട്. "തത്തമ്മേ പൂച്ച പൂച്ച" എന്നു് ചില പാഠങ്ങളും പ്രാർത്ഥനകളും ഉരുവിട്ടു പഠിക്കാൻവേണ്ടി മാത്രമാണെങ്കിൽ ഞങ്ങൾ വീട്ടിലിരുന്നു് കാണാതെ പഠിച്ചു കേൾപ്പിച്ചുകൊള്ളാം. എന്നുവരെ ഇന്നത്തെ കുട്ടികൾ പറഞ്ഞുതുടങ്ങിയിട്ടുണ്ട്. ആകയാൽ ഇന്നത്തെ മനപ്പാഠമാക്കൽ രീതി മാററുകതന്നെ വേണം. യുക്തിപൂർവ്വകവും സിദ്ധാന്തപരവുമായി ബോധനം നടത്തി അവരുടെ ഹൃദയങ്ങളിൽ മതതത്വങ്ങൾ പതിക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ഓരോരുത്തർക്കും അവരവർക്ക് ഗ്രഹിക്കുന്ന രീതിയിൽവേണം ബോധനം നടത്തുവാൻ. ക്രിസ്തു ആരാണ്? മതമെന്താണ്? കത്തോലിക്കാ തിരുസ്സഭയെന്നു പറയുന്നതു് എന്താണ്? മതതത്വങ്ങളെന്താണ്? എന്നുള്ള ചോദ്യങ്ങളെപ്പററിയുള്ള ഒരു സമഗ്രപഠനമായിരിക്കണം വേദോപദേശപഠനംകൊണ്ട് സാധിക്കേണ്ടതു്. അതു് ഇന്നത്തെ സാധാരണരീതിയിലുള്ള വേദോപദേശപഠനംകൊണ്ട് സാധിക്കുന്നില്ല. ഹൃദയത്തിൽ പതിയാത്ത പഠനമാണ് ഇന്നു നടക്കുന്നതു്. വിവാഹത്തിനുമുമ്പ് ഇടവകവികാരി നടത്തുന്ന പരീക്ഷയിൽനിന്നു് രക്ഷപ്പെടുവാൻവേണ്ടി മാത്രമാണ് ഒരുവിധമെങ്കിലും ചിലർ ഇന്നത്തെ വേദോപദേശം പഠിക്കുന്നതു്. വീട്ടിലുള്ളവരുടെ നിരന്തരമായ പ്രേരണമൂലം വേദോപദേശക്ലാസിൽ സംബന്ധിക്കുന്നുവെന്നു് പറയുകയായിരിക്കും ശരി.

ഇതിനൊരു പരിഹാരം കണ്ടെത്തിയേ മതിയാവൂ. പരിഹാരം ആദ്യമായി പുതിയൊരു പാഠപദ്ധതി ആവിഷ്കരിക്കലാണ്. അതെങ്ങിനെ വേണമെന്നു് ഈ ലേഖകൻ നിർദ്ദേശിക്കുന്നതു് ഉചിതമായിരിക്കുകയില്ലെന്നു തോന്നുന്നു. ആധുനികവിദ്യാഭ്യാസസമ്പ്രദായത്തിൽ നട്ടനായകന്മാരായി ശോഭിക്കുന്ന അൽമേനികളും വൈദികരുമായ വിദ്യാഭ്യാസപ്രവർത്തകർ നമുക്കുണ്ട്. അവർക്കുടി ഉൾക്കൊള്ളുന്ന ഒരു വിദഗ്ദ്ധകമ്മററിയെ ആ ചുമതല ഏല്പിക്കുകയായിരിക്കും നല്ലതു്. ഒന്നാംക്ലാസിൽ പഠിക്കുന്ന കുട്ടികൾ തുടങ്ങി സർവ്വകലാശാലാവിദ്യാർത്ഥികൾവരെയുള്ളവർക്കു ബോധനം നടത്തുന്നതിനു് പററുന്ന വിധത്തിൽ അതു് ആവിഷ്കരിക്കയും വേണം.

ചങ്ങനാശേരിയിൽ ആരംഭിച്ചിരിക്കുന്ന അദ്ധ്യയനമണ്ഡലത്തിന്റെ കാര്യം ഈയവസരത്തിൽ സ്മരണീയമാണ്. പത്രങ്ങളിൽനിന്നും വായിച്ചറിഞ്ഞ വിവരങ്ങളേ ഈ ലേഖകനു് അതേപ്പററിയുള്ളു. അറിഞ്ഞിടത്തോളം ഇന്നത്തെ കാലത്തിനു് ഏററവും പററിയ ഒരു ബോധനസമ്പ്രദായമാണെന്നു് സമ്മതിച്ചേ തീരു. കേരളത്തിലെ എല്ലാ ഇടവകകളിലും ഈ പ്രസ്ഥാനം ആരംഭിച്ചു പ്രവർത്തിക്കുമെങ്കിൽ അതു് വലിയൊരു നേട്ടമായിരിക്കും.

---

പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥതാലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. പരസ്യപ്പെടുത്തിയതിനു ക്ഷമാപണം.

ഇ. ടി. ജോസഫ്,
അരണാട്ടുകര, തൃശൂർ

---

# ചെറുകഥ

## അവൻ എവിടെ

(മേരിക്കുട്ടി വറുഗീസ്, വാഴക്കുളം)

ദിനകരബിംബം അങ്ങകലെ പടിഞ്ഞാറെ ചക്രവാളത്തിൽ മങ്ങിമങ്ങി മറയുന്നു. ആ തക്കത്തിൽ അമ്പിളി തന്റെ പാലൊളി വാരിവിതറി ലോകത്തെ ശോഭയമാനമാക്കിത്തീർക്കുവാൻ ശ്രമിക്കുന്നുവെങ്കിലും സഹിക്കാനാവാത്ത എന്തോ മനോദു:ഖത്താൽ കരയുന്നതുപോലെ കറുത്ത കാറുകൊണ്ടു മൂടിയിരിക്കുന്നു.

നേരം ഏകദേശം രാത്രി 8 മണി ആയി. അത്താഴം കഴിഞ്ഞു ജോയി ചിന്താമഗ്നനായിരിക്കയാണ്. മാത്തൻമുതലാളിയുടെ ഏകമകനാണ് ജോയി. വൻപിച്ച സ്വത്തിന്റെ അവകാശി. അവൻ അന്നു് ആനന്ദസാഗരത്തിൽ ആറാടേണ്ട ദിനമാണ്. കാരണം അവന്റെ റിസൽട്ട്—എസ്. എസ്. എൽ. സി. പരീക്ഷാഫലം അറിഞ്ഞ സുദിനം ആയിരുന്നു അതു്. അവൻ അതിൽ വിജയിയാവുകയും ചെയ്തു. എങ്കിലും ജോയി മ്ളാനവദനനായി, ചിന്താഗ്രസ്തനായി കാണുന്നതിന്റെ രഹസ്യം എന്തായിരിക്കാം.

കുറെ ഇരുട്ടിയശേഷമാണ് മാത്തൻമുതലാളി അവിടെ വന്നുചേർന്നതു്. പതിവില്ലാതെയുള്ള ജോയിയുടെ മുഖഭാവം അദ്ദേഹം ദർശിച്ചു. അവനെ പ്രീതിപ്പെടുത്തുവാനായി അദ്ദേഹം സംസാരം തുടങ്ങി. "ജോയി നീ പാസ്സായി എന്നതിൽ ഞാൻ നിന്നെ അനുമോദിക്കുന്നു" എന്നു പറഞ്ഞു പിതാവു് തന്റെ സന്തോഷം വ്യക്തമാക്കി. ഈ ആശംസാവർഷം അവനെ ഒട്ടും തൃപ്തനാക്കിയില്ല. അവന്റെ ഹൃദയം തുടിച്ചു. നിമിഷങ്ങൾ കഴിയുന്തോറും അതു് വർദ്ധിച്ചുവന്നു. ഒടുവിൽ എന്തോ പറയുവാൻ എന്നപോലെ അവന്റെ ചുണ്ടുകൾ ചലിച്ചു അവൻ പറഞ്ഞു "അപ്പച്ചാ എന്റെ ഭാവിജീവിതാവസ്ഥ തിരഞ്ഞെടുക്കുവാനുള്ള സമയം ഇതാ ആസന്നമായിരിക്കുന്നു. ഭാവിയെപ്പററിയുള്ള എന്റെ തീരുമാനത്തിൽ അപ്പച്ചൻ അതൃപ്തി കാണിക്കയില്ലെന്നുള്ള ചിന്തയിൽ ഞാൻ എന്റെ ഹൃദയരഹസ്യം തുറന്നുകാണിക്കട്ടെ. എനിക്കു മിഷൻ പോകണം" ആ വാക്കുകൾ കേട്ടമാത്രയിൽ പിതാവിന്റെ ഭാവം മാറി. അയാൾ കോപാകുലചിത്തനായി. ആ കോപക്കാററു് ശകാരവർഷമായി ജോയിയുടെമേൽ പൊഴിയുവാൻ ആരംഭിച്ചു. ജോയിയുടെ ഹൃദയവൃഥ ശമിപ്പിപ്പാൻ കഴിവില്ല എന്നറിയിച്ചുകൊണ്ടു് ഒരു കൊച്ചു തെരത്താനൽ അവനെ ആശ്ലേഷിച്ചു കടന്നുകഴിഞ്ഞു.


"എടാ തെണ്ടി, ഞാൻ നിന്നെ ഓമനിച്ചുവളർത്തി വിദ്യാഭ്യാസം ചെയ്യിച്ചതിന്റെ ഫലമോ ഇതു്. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം നീ മിഷ്യനു പോകാമെന്നു് വ്യാമോഹിക്കണ്ടാ. അതിനുവേണ്ടി പ്രയത്നിക്കുകയും വേണ്ട. മിഷ്യൻ, മിഷ്യൻ, എന്തു മിഷ്യൻ. എടാ വീട്ടിൽ കഞ്ഞി വയ്ക്കാനില്ലാത്തവർക്കും പരാബ്ധം അധികം ഉള്ളവർക്കും ഒക്കെയാണ് മിഷ്യൻകൊണ്ടാവശ്യം. അവരാണ് അതിനു പോകേണ്ടതു്. ഇനി എന്റെ മകന്റെ ഭാവി നിശ്ചയിക്കുന്നതു് നീയല്ല ഞാനാണ്. നിന്നെ ഒരു ഗവമ്മെൻറു കോളേജിലയച്ചു പഠിപ്പിക്കുവാനാണ് ഞാൻ തീരുമാനിച്ചിരിക്കുന്നതു്. നീ മിഷ്യനു പോകുന്നതു് ഞാനൊന്നു കാണട്ടെ. മിഷ്യനു പോകുന്നകാര്യം ഇനി മിണ്ടിയാൽ നിന്നെ"......... മുതലാളിയുടെ ഈ ഘോരഗർജ്ജനം മാത്രമെ ആ നിശയുടെ നിശ്ശബ്ദതയിൽ കേൾക്കാനുള്ളു. അതു കേട്ട് ഭയന്നിട്ടെന്നവണ്ണം ചില ചീവീടുകൾ കരയുന്നുണ്ട്.

ആ രാത്രി ജോയി ഉറങ്ങിയില്ല. പിതാവിന്റെ മനോഭാവത്തെപ്പററിയും തന്റെ ഭാവി നഷ്ടപ്പെടുന്നതിനെയും ചിന്തിച്ചു്, കരഞ്ഞുകരഞ്ഞു് നിശയെ ഒരു വിധത്തിൽ അവൻതള്ളിമാററി. നേരം വെളുത്തപ്പോൾ അവന്റെ കൺപോളകൾ വീർത്തിരുന്നു. നേരം വെളുക്കുകയും സന്ധ്യയാകുകയും ചെയ്തുകൊണ്ടു് ദിവസങ്ങൾ പലതും ഇഴഞ്ഞുനീങ്ങി. മാത്തൻമുതലാളിയുടെ മനോഭാവത്തിനു് ഇനിയും എള്ളിടമാററം സംഭവിച്ചിട്ടില്ല.

ആഴ്ചകൾ രണ്ടുമൂന്നു കഴിഞ്ഞു. മകന്റെ സുന്ദരഭാവിയുടെ നാന്ദിയായി പിതാവു് അവനെ കോളേജിലയച്ചു. അധികം നാൾ കഴിഞ്ഞില്ല. പിതാവിന്റെ പ്രേരണയ്ക്കു—അല്ല നിർബന്ധത്തിനു്—വശംവദനായി കോളേജിൽ പോയ ആ യുവരസികന്റെ സ്വഭാവം അവിടുത്തെ ദുഷിച്ച അന്തരീക്ഷത്തിൽ കുറെശ്ശെ കുറെശ്ശെ മാറുവാൻ തുടങ്ങി. പഠനത്തിലേക്കാൾ പാർട്ടികാര്യങ്ങളിലേക്കും ചീത്ത കൂട്ടുകെട്ടിലേക്കും വിനോദത്തിലേക്കും ആയിരുന്നു അവൻ അനുദിനംവഴുതി വഴുതി വീണുകൊണ്ടിരുന്നതു്. ആ നല്ലപിതാവു് അതു അറിഞ്ഞില്ല.

(ശേഷം 10-ാംപേജിൽ)


ഫ്രവാസ്ററ് കോളർ




സി. എ. ഔസേഫ് & സൺസ്
ആഭരണവ്യാപാരം, തൃശൂർ

Reg. No. M. 2393

# Sathya Deepam

Vol. 29 — Ernakulam February 22 1956 — No. 28



## ബാലരംഗം

### "വിദ്യാർത്ഥിമദ്ധ്യസ്ഥൻ"

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




നാമിന്നു ഒരു പുതിയ ജീവിതചരിത്രപംക്തിയിലേക്കു പ്രവേശിക്കുകയാണ്. കുട്ടികൾക്കു മാതൃകയായ ഒരു കുഞ്ഞു വിശുദ്ധൻ; വിദ്യാർത്ഥികളുടെ ആദർശമായ ഒരു വിദ്യാർത്ഥിവിശുദ്ധൻ—വിശുദ്ധ സ്റ്റനിസ്ലാവൂസ് കോസ്ക. വിശുദ്ധ സ്റ്റനിസ്ലാവൂസിനെപ്പററി കേൾക്കാത്തവർ കുട്ടികളുടെ ഇടയിൽ ചുരുക്കമായിരിക്കും. കാരണം, പല മരിയസഖ്യശാഖകളുടേയും മദ്ധ്യസ്ഥൻ ആ വിശുദ്ധനായിരിക്കും. മരിയസഖ്യവുമായി വിശുദ്ധനു പ്രത്യേകബന്ധങ്ങളുമുണ്ട്. മരിയസഖ്യത്തിന്റെ അംഗങ്ങളല്ലാത്ത കുട്ടികൾ നമ്മുടെ ഇടയിലും വളരെ ചുരുക്കമാണല്ലോ. അതുകൊണ്ടു നമ്മുടെ മാതൃകയും മദ്ധ്യസ്ഥനുമായിരിക്കുന്ന ഒരു കുഞ്ഞു വിശുദ്ധന്റെ ചരിത്രമാണ് നാം ആരംഭിക്കുന്നതെന്നുള്ളത് എല്ലാവർക്കും ഉത്സാഹത്തേയും ആനന്ദത്തേയും പ്രദാനം ചെയ്യുമെന്നു വല്യേട്ടൻ വിശ്വസിക്കുന്നു.

സ്റ്റനിസ്ലാവൂസ് 1556 സെപ്റ്റംബർ മാസത്തിൽ പോളണ്ടിൽ കോസ്റ്റാകുടുംബത്തിൽ ജോൺ, മാർഗ്ഗരററു എന്നീ ദമ്പതിമാരുടെ അരുമസന്താനമായി ജനിച്ചു. ധനസമൃദ്ധമായ ഒരു കുലീനകുടുംബമായിരുന്നു കോസ്റ്റാകുടുംബം. സ്റ്റനിസ്ലാവൂസിനു പോൾ എന്നു പേരായ ഒരു ജ്യേഷ്ഠസഹോദരനും ഉണ്ടായിരുന്നു. പോളണ്ടിലെ അന്തരീക്ഷം അക്കാലത്തു കലഹം നിറഞ്ഞതായിരുന്നതുകൊണ്ട് പോളിനേയും സ്റ്റനിസ്ലാവൂസിനേയും ജോൺ കോസ്റ്റാ ചെറുപ്പത്തിലേതന്നെ വിയന്നായിൽ ഈശോസഭക്കാരാൽ നടത്തപ്പെട്ടിരുന്ന കോളേജിലേക്കാണ് പഠനത്തിനായി പറഞ്ഞയച്ചതു്. വിദൂരസ്ഥലത്തേക്കു യാത്രയാകുന്ന ആ സഹോദരന്മാർ വീട്ടിൽനിന്നു യാത്ര പറഞ്ഞു പിരിയുന്ന രംഗമാണ് ചിത്രത്തിൽ നാം കാണുന്നതു്. വീട്ടിൽനിന്നും അകലസ്ഥലത്തു പോയി പഠിക്കുന്നതിനു ഇടയായിട്ടുള്ളവർക്കറിയാം ഈ വിരഹദുഃഖം മാതാപിതാക്കന്മാർക്കും കുട്ടികൾക്കും എത്ര ദുസ്സഹമാണെന്നു്. ലോകപരിചയമുള്ളവർക്കറിയാവുന്ന, ഈ വേർപാടിന്റെ വേറൊരു വശമാണ് ഈ അകന്ന താമസംകൊണ്ടു ബാലമനസ്സുകളിൽ ഉണ്ടാകാവുന്ന വഴിപിശകുകൾ. മാതാപിതാക്കന്മാരുടെ നേരിട്ടുള്ള സൂക്ഷ്മനിയന്ത്രണം ലഭിക്കാതെ എത്രയോ കുട്ടികളാണ് ബാല്യത്തിൽതന്നെ മോശമായ കൂട്ടുകെട്ടുകളിൽപെട്ടു ചീത്തയായി പോകുന്നതു്. പക്ഷെ എവിടെയായിരുന്നാലും ബാലികാബാലന്മാർക്കു വഴി തെററിപ്പോകാതിരിക്കുവാൻ പാറുന്ന ഒരു രക്ഷാസങ്കേതമുണ്ട്. സ്റ്റനിസ്ലാവൂസ് ആ സങ്കേതത്തെ ആശ്രയമാക്കി. അതു ദൈവമാതാവായ കന്യകമറിയത്തോടുള്ള ഭക്തിയായിരുന്നു. ആ അമ്മയെ ആലംബമാക്കിയ സ്റ്റനിസ്ലാവൂസ് തിന്മ ഏശാതെ ജീവിച്ചു. ആ മാർഗ്ഗം ഉപേക്ഷിച്ച പോൾ പ്രായംകൊണ്ടു പക്വതവന്നവനായിരുന്നെങ്കിലും, കൂട്ടുകാരുടെ കെണികളിൽ പെട്ടു ദുർമ്മാർഗ്ഗിയായിത്തീർന്നു. മാതാവിനോടുള്ള ഭക്തിയുടെ ആദർശമാണ് വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥനായ വി. സ്റ്റനിസ്ലാവൂസ്. വല്യേട്ടൻ.



### 60-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—കത്രീക്ക്

### പ്രശ്നം നമ്പ്ര് 61

(അഗസ്റ്റിൻ എം. Reg. No. 3)

ലോകത്തിന്റെ പുരോഗതിക്കു പ്രധാനകാരണം ഞാനാണ്. ഞാൻ ഓരോരുത്തരേയും വ്യക്തിപരമായി പ്രകാശിപ്പിക്കുകയും വിജ്ഞാനസമ്പന്നനാക്കുകയും ചെയ്യുന്നു. എന്റെ പേരിനു നാലക്ഷരമുണ്ട്. ഒന്നാമത്തെ അക്ഷരം ഭാവിയിലുണ്ട്, ഭൂതത്തിലില്ല. രണ്ടാമത്തേയും മൂന്നാമത്തേയും അക്ഷരങ്ങൾ കൂട്ടക്ഷരങ്ങളാണ്, അവ സദ്യയിൽ ലഭ്യമാണ്. നാലാമത്തെ അക്ഷരം ശാസനയിലുണ്ട്, ശിക്ഷയിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

### വില്പനുണ്ട്

വിശുദ്ധ മരിയഗൊരേത്തിയുടെ (പ്രെയർ ബുക്ക് സൈസ്) പടങ്ങൾ.

വില 100നു് 4 രൂപാ മാത്രം.

താഴെ കാണുന്ന മേൽവിലാസത്തിൽ വില മുൻകൂർ അയച്ചു ആവശ്യപ്പെടുക:

Bro. John J. Mailady
S. D. B.
S. H. Seminary,
Poonamallee P. O
Chingleput Dt:, S. India

### മറുപടിക്കത്ത്

ബാലരംഗത്തിലെ അംഗങ്ങളുടേയും അംഗങ്ങളല്ലാത്തവരുടേയും വളരെ കത്തുകൾ ദിവസംതോറും വല്യേട്ടനു കിട്ടുന്നുണ്ട്. മറുപടി അയക്കണമെന്നും ആവശ്യപ്പെടുന്നുണ്ട്. ഈ എഴുത്തിനോരോന്നും മറുപടി അയക്കാൻ വല്യേട്ടനു കഴിയുമോ? തീർച്ചയായും സാധിക്കുകയില്ലെന്നു നിങ്ങൾക്കറിയാം. അതുകൊണ്ട് മറുപടികിട്ടാത്തതിൽ ആരും പരിഭവിക്കരുതേ. അത്യാവശ്യമായ കാര്യങ്ങൾക്കു മാത്രമേ മറുപടി അയക്കാൻ തരപ്പെടൂ.

ബാലരംഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനു ചെറുകഥകളും, ചെറുലേഖനങ്ങളും, പ്രശ്നങ്ങളും ധാരാളം വന്നുകൊണ്ടിരിക്കുന്നു. വല്യേട്ടൻ ചെയ്യുന്നതു്, അവ കിട്ടിയാൽ ആദ്യംതന്നെ രണ്ടായി തിരിക്കും: അംഗങ്ങളുടേതും, അംഗങ്ങളല്ലാത്തവരുടേതും. അംഗങ്ങൾ എഴുതുമ്പോൾ Reg. No. കാണിച്ചിരിക്കണമെന്നു പറയുന്നതു് ഇതിനുവേണ്ടിയാണ്. അതിനുശേഷം വല്യേട്ടൻ ഓരോന്നായി പരിശോധിക്കും. അവയിൽനിന്നു പ്രസിദ്ധീകരണാർഹമായവ മാററിവയ്ക്കും. പററാത്തവ തള്ളപ്പെട്ടതായി മാറുകയും ചെയ്യും. പ്രസിദ്ധീകരണാർഹങ്ങളായവയിൽ അംഗങ്ങളുടേതുണ്ടെങ്കിൽ അവയ്ക്കു മുൻഗണന നൽകും. അതില്ലെങ്കിൽ അംഗങ്ങളുടേതല്ലാത്തവയിൽനിന്നും പ്രസിദ്ധീകരിക്കും. അതുകൊണ്ട് നിങ്ങളയക്കുന്ന ഏതെങ്കിലും പ്രസിദ്ധീകരിക്കാതിരിക്കുകയോ, പ്രസിദ്ധീകരിക്കുവാൻ താമസിക്കുകയോ ചെയ്യുന്നതു ഇതുകൊണ്ടാണ്. ഈ നടപടി ആരും തെററിദ്ധരിക്കുകയില്ലല്ലോ. വല്യേട്ടനു കുഞ്ഞനുജന്മാരുടേയും കുഞ്ഞനിയത്തിമാരുടേയും എല്ലാം പ്രസിദ്ധീകരിക്കണമെന്നും നിങ്ങളുടെ പേരുകൾ ബാലരംഗത്തിൽ നിരത്തി നിങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും വലിയ ആഗ്രഹമുണ്ട്. നിങ്ങൾ ഒട്ടും തെററിദ്ധരിക്കേണ്ട. പക്ഷെ പലപ്പോഴും അതിനു സാധിച്ചെന്നുവരികയില്ല എന്നു നിങ്ങൾക്കറിയാമല്ലോ.

പ്രശ്നങ്ങളാണ് വളരെയധികംപേർ എഴുതി അയക്കുന്നതു്. അതു നല്ലതുതന്നെ. പക്ഷെ ചില പിശകുകളെല്ലാം സാധാരണ വന്നുപോകുന്നുണ്ട്. ബാലരംഗത്തിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞ പ്രശ്നങ്ങളും ഉത്തരങ്ങളും ചിലർ വീണ്ടും എഴുതി അയക്കുന്നു. ഒരുപക്ഷെ അവർ അതു പത്രത്തിൽ വായിച്ചില്ലായിരിക്കാം, അല്ലെങ്കിൽ വായിച്ചതു മറന്നുപോയിരിക്കാം. അതുകൊണ്ടു എഴുതിഅയക്കുന്ന പ്രശ്നം അതേവിധത്തിലോ മറേറതെങ്കിലും വിധത്തിലോ ബാലരംഗത്തിൽ വന്നുപോയതാണോ എന്നു നോക്കണം. രണ്ടാമതായി, പേരുകൾ കണ്ടുപിടിക്കുന്നതിനുള്ള പ്രശ്നങ്ങളിൽ, ഏതെങ്കിലും ഒരു വാക്കെടുത്തു കണ്ടമാനം അതിലുള്ള അക്ഷരങ്ങളെ നിർദ്ദേശിക്കുന്ന പദങ്ങളും എഴുതിഅയക്കരുതു്. പ്രശ്നം അതിൽതന്നെ ഒരു കലയാണ്. കലാബോധത്തോടുകൂടി ഭംഗിയായ ഒരു പദം നിർണ്ണയിക്കുക. അതിനെ പ്രശ്നരൂപത്തിലാക്കുന്നതിനും കലാബോധത്തെ പ്രയോഗിക്കുക. അങ്ങനെ ബുദ്ധികൊണ്ടും ഭാവനകൊണ്ടും സാഹിത്യാഭിരുചികൊണ്ടും കൈകാര്യം ചെയ്യുങ്കിലേ നല്ല പ്രശ്നങ്ങൾ സൃഷ്ടിക്കാൻ സാധിക്കൂ. അതുകൊണ്ടുമാത്രമേ ശ്രമം അഭിവൃദ്ധിപരമാവുകയുമുള്ളു.

ചെറുകഥകൾക്കും ഉപന്യാസങ്ങൾക്കും ആദ്യമായിത്തന്നെ വിഷയത്തെസംബന്ധിച്ച ഒരാസൂത്രണം വേണം. പ്രതിപാദനത്തിൽ അടുക്കും ഭംഗിയുമുണ്ടാകണം. പദപ്രയോഗത്തിൽ ഭാഷാശുദ്ധിയും കലാബോധവും ദീക്ഷിക്കണം. അങ്ങനെ ചിന്തിച്ചും വീണ്ടും വീണ്ടും തിരുത്തിയെഴുതിയും തയാറാക്കുന്ന ലേഖനങ്ങളാണ് ഭംഗിയാവുക. ഏതെങ്കിലും കണ്ടമാനമെഴുതി അതിന്റെ കർത്താവായി നിങ്ങളുടെ നല്ലപേരു മററുള്ളവർക്കു അപഹാസ്യമാക്കിത്തീർക്കുവാൻ ആരും മുതിരരുതല്ലോ. അതിൽ സഹകരിക്കുവാൻ വല്യേട്ടനും ഇഷ്ടപ്പെടുവാൻ തരമില്ലല്ലോ. അതുകൊണ്ടു കൂടുതൽ ശ്രദ്ധയോടുകൂടി നിങ്ങൾ എല്ലാവരും പരിശ്രമിക്കണമെന്നാണ് വല്യേട്ടന്റെ ആഗ്രഹം.

ബാലരംഗത്തിൽ അംഗമായി ചേരുന്നതുസംബന്ധിച്ചും വളരെയധികം കത്തുകൾ വല്യേട്ടനു കിട്ടുന്നുണ്ട്. അതിന്റെ വ്യവസ്ഥകൾ പലപ്പോഴും പലവിധത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. അതുകൊണ്ട് അതെന്താണെന്നു ശ്രദ്ധിച്ചു മനസ്സിലാക്കിയാൽ ആവശ്യമില്ലാത്ത എഴുത്തുകുത്തുകൾ വളരെ ചുരുക്കാം. എല്ലാവർക്കും നന്ദി.

വല്യേട്ടൻ

### രക്തസാക്ഷിയായ കൊച്ചുപുണ്യവാൻ

(മാത്യു എം. തെള്ളി, Reg. No 20)

ക്രിസ്തുമതത്തിന്റെ ആരംഭകാലത്ത് ക്രിസ്ത്യാനികൾ നിരവധി പീഡകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഏററവും കൂടുതൽ മതപീഡനങ്ങൾക്കു വിധേയമായിട്ടുള്ളതു റോമാനഗരമാണ്. അതു തന്നെയാണ് ഇന്നു ക്രിസ്തുമതത്തിന്റെ കേന്ദ്രവും. "മർദ്ദനം ഗുണവർദ്ധനം" എന്നാണല്ലോ മഹദ്വാക്യം. അവിടെ ക്രിസ്തുവിനെ മതവിരോധികളുടെ ഇടയിൽപ്പോലും വിളിച്ചറിയിക്കുവാൻ ധൈര്യപ്പെട്ടതുകൊണ്ട് എത്ര പേരാണ് രക്തസാക്ഷിമകുടം ചൂടിയിട്ടുള്ളതു്. സ്വർഗ്ഗത്തിന്റെ നിത്യതയിൽ അവർ ഇന്നു ദൈവമഹത്വം പാടിപ്പുകഴ്ത്തുന്നു.

മതവിരോധികൾ വി. കുർബാനയേയും ദിവ്യബലിയേയും അത്യധികമായി വെറുക്കുന്നു. അതിനാൽ അക്കാലങ്ങളിൽ പരസ്യമായി ക്രൈസ്തവമതാനുഷ്ഠാനം നിർവഹിക്കുക സുരക്ഷിതമല്ലായിരുന്നു, വിശ്വാസികൾക്കു വൈദികരിൽനിന്നും ദിവ്യകാരുണ്യം സ്വീകരിക്കുക സുകരമല്ലാതിരുന്നതിനാൽ നിഷ്കളങ്കരായ പിഞ്ചുബാലന്മാർ വഴി വിശുദ്ധ കുർബാന വിതരണംചെയ്യപ്പെടുകയും അങ്ങിനെ അവർ ഈശോയെ സ്വീകരിക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ ഗുണവാനായ ഒരു ബാലൻ സ്നേഹത്തിന്റെ ബലിപീഠത്തിൽ സ്വയം ആഹുതി ചെയ്ത ക്രിസ്തുനാഥനെയും വഹിച്ചുകൊണ്ട് പോകുകയായിരുന്നു. അവന്റെ ഹൃദയം ലോകൈകനാഥനുമായി നമ്മഭാഷണം ചെയ്തുകൊണ്ടിരുന്നു. അവിടുത്തേക്ക് വേണ്ടി രക്തം ചിന്തി വീരമകുടം ചൂടുന്നതിനു ഇടവരുവാൻ അവൻ അനുഗ്രഹം യാചിച്ചിരിക്കാം.

വഴിമദ്ധ്യേ ഒരു സംഘം മതവിരോധികൾ അവനെ വളഞ്ഞു. അക്രമികളെ കണ്ട് അവൻ ഭയന്നില്ല. വിശുദ്ധ കുർബാനയെ അഭംഗം കാത്തുകൊള്ളണമേ എന്നു അവൻ ഹൃദയം തുറന്നു പ്രാർത്ഥിച്ചു. അക്രമികൾ അവനെ പലവിധത്തിൽ നിർബ്ബന്ധിച്ചു, കുർബാനയെ അവർക്കു ഏൽപ്പിച്ചുകൊടുക്കുവാൻ. അവൻ വശംവദനായില്ല. അവർ അതികഠിനമായി അവനെ പീഡിപ്പിച്ചു. അവൻ സമ്മതിച്ചില്ല.

"പാപത്തേക്കാൾ മരണം" അവൻ ധൈര്യപൂർവ്വം വിളിച്ചുപറഞ്ഞു. അവരുടെ ക്രൂരമർദ്ദനങ്ങൾ ഫലശൂന്യങ്ങളായി. ആളുകൾ ഓടിക്കൂടി. അവർക്കു സ്ഥലം വിടേണ്ടതായിവന്നു.

മതവിദ്വേഷികളുടെ കോപാവേശത്തോടുകൂടിയ മർദ്ദനങ്ങൾ മൂലം ആ ധീരബാലൻ വീരമരണം പ്രാപിച്ചു. വിശുദ്ധ കുർബാനയിൽ എഴുന്നരുളുന്ന ക്രിസ്തുനാഥനുവേണ്ടി. ഒരു വീരബാലരക്തസാക്ഷിയായി അവൻ മകുടം ചൂടുകയും ചെയ്തു. ഈ ധീരബാലനാണ് വിശുദ്ധ തർസിസിയൂസ്.

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കുപുറമെ " 8—12—0

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1